# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം /ജി പി -14/273 /23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം /ജി പി -14/273 /23 തീയ്യതി: 27/03/2023

## തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 66 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 23-01-2023 | 02-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-01-2023 | 02-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലിഷ . കെ. വി ( ഓഡിറ്റ് ഓഫീസർ)
ശാലിനി .വി. കെ ( സീനിയർ ഗ്രേഡ് ഓഡിറ്റർ)
സ്വപ്ന . എസ് .( സീനിയർ ഗ്രേഡ് ഓഡിറ്റർ)
രശ്മി . ആർ വി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം .എം. ഷാഫി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സജികുമാർ | സെക്രട്ടറി | 01-04-2021 | 11-07-2021 |
| ശ്രീ. ബിജുകുമാർ | സെക്രട്ടറി | 09-08-2021 | 31-03-2022 |
| കല.കെ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2021 | 08-08-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കല.കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.വിഷ്ണു .ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബഗിത ബന്ധു | കൃഷി ഓഫീസർ | 01-04-2021 | 21-10-2021 |
| ശ്രീമതി.ശ്രുതി.എ എസ് | കൃഷി ഓഫീസർ | 22-10-2021 | 31-03-2022 |
| ഡോ. അനില പീതാംബരൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. രാജീവ്.എസ് | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി.അംബിക അന്തർജ്ജനം | ഐ സി ഡി എസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഷീജ . ബി.ജെ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽ ബി | ഹെഡ് മാസ്റ്റർ | 01-04-2021 | 26-10-2021 |
| ശ്രീ. നൌഷാദ്.എം.എച്ച് | ഹെഡ് മാസ്റ്റർ | 27-10-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 08-07-2021 |
| ശ്രീമതി. ദീപ | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-07-2021 | 31-03-2022 |
| ശ്രീമതി. സൌമ്യ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 1 | 01-04-2021 | 14-07-2021 |
| ശ്രീ.പ്രദീപ് കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 1 | 14-07-2021 | 08-09-2021 |
| ശ്രീ. റിയാസ്.എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 1 | 08-09-2021 | 28-09-2021 |
| ശ്രീമതി.അർച്ചന .ആർ ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 1 | 28-09-2021 | 31-03-2022 |
| ശ്രീ. പ്രദീപ് കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2021 | 08-09-2021 |

| | | | |
|---|---|---|---|
| | ഓഫീസർ , സർക്കിൾ 2 | | |
| ശ്രീ.റിയാസ് . എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 2 | 08-09-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് - അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക - പരിശോധന | 1-2 |
| 4 | അക്കൗണ്ട്സ് - അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം അപാകങ്ങൾ | 1-3-1 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 9 | ക്യാഷ് പരിശോധന | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ | 1-9 |
| 13 | തൊഴിൽ നികുതി - അപാകങ്ങൾ | 1-10 |
| 14 | വസ്തു നികുതി - അപാകങ്ങൾ | 1-11 |
| 15 | മൊബൈൽ ടവറുകളുടെ കുടിശ്ശിക | 1-11-1 |
| 16 | 2000 Sq Ft ലധികമുള്ള കെട്ടിടത്തിന് നികുതി ഇളവ് നൽകി | 1-11-2 |
| 17 | നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സത്യവാങ്ങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങൾ | 1-11-3 |
| 18 | നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-11-4 |
| 19 | വസ്തുനികുതി ഇളവ് അനുവദിച്ചതിൽ അപാകത | 1-11-5 |
| 20 | ലേലം- അപാകങ്ങൾ | 1-12 |
| 21 | കെട്ടിട പെർമിറ്റ് - അപാകങ്ങൾ | 1-13 |
| 22 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല | 1-14 |
| 23 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ ഊർജ്ജിതമാക്കേണ്ടതാണ്. | 1-15 |
| 24 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 1-16 |
| 25 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 1-17 |
| 26 | വാടക പിരിവ് - അപാകങ്ങൾ | 1-18 |
| 27 | അഗതി രഹിത കേരളം - നടത്തിപ്പിലെ അപാകങ്ങൾ | 1-19 |
| 28 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം | 1-20 |
| 29 | ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ | 1-21 |

| | | |
|---|---|---|
| | പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. | |
| 30 | അങ്കണവാടി പോഷകാഹാര വിതരണം -കൃത്യമായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-22 |
| 31 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ മുഖേനയുള്ള വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല | 1-23 |
| 32 | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ | 1-24 |
| 33 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ | 1-25 |
| 34 | വയോജന ക്ലബ് - പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചു | 1-26 |
| 35 | ബഡ്സ് സ്കൂൾ വികസനത്തിനായി വാങ്ങിയ ഉപകരണങ്ങൾ സ്ഥലപരിശോധനയിൽ കണ്ടെത്താനായില്ല -496673.19/- രൂപ നിരാകരണം,1905933.81/- രൂപ തടസ്സം | 1-27 |
| 36 | പ്രോക്യൂർമെന്റ് കമ്മറ്റി പ്രവർത്തനം കാര്യക്ഷമമല്ല | 1-28 |
| 37 | ഭരതന്നൂർ സ്റ്റേഡിയം ഓട നിർമ്മാണം - കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല | 1-29 |
| 38 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 881973/- രൂപ തടസ്സം ചെയ്യുന്നു | 1-30 |
| 39 | ഹൈമാസ്റ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ-പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി | 1-31 |
| 40 | ILGMS നടപ്പിലാക്കുന്നതിന് അടിസ്ഥാനസൌകര്യം ഒരുക്കൽ- പ്രിന്റർ ലഭ്യമായില്ല 12953/- രൂപ തടസ്സം ചെയ്യുന്നു | 1-32 |
| 41 | കോവിഡ് 19 പ്രതിരോധ പ്രവർത്തനം ഡി.സി.സി നടത്തിപ്പും അനുബന്ധച്ചെലവുകളും-അപാകതകൾ | 1-33 |
| 42 | ജൽജീവൻമിഷൻ കുടിവെള്ള പദ്ധതി-നടത്തിപ്പിലെ അപാകതകൾ- 500000/- രൂപ തടസ്സം ചെയ്യുന്നു | 1-34 |
| 43 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ-അപാകതകൾ | 1-35 |
| 44 | പഞ്ചായത്തിലെ ഉപയോഗശൂന്യമായ മോട്ടോർ മാറ്റി പുതിയത് വാങ്ങൽ - ക്വട്ടേഷനേക്കാൾ കൂടുതൽ തുക നൽകി | 1-36 |
| 45 | വൌച്ചർ പരിശോധന- തനത് ഫണ്ടിലെ ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായില്ല | 1-37 |
| 46 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ- ഡെലിവറി ചാർജ്ജ് അധികമായി നൽകി | 1-38 |
| 47 | ആകസ്മിക ചെലവുകൾക്ക് അനുവദിച്ച തുക-എച്ച്.എം.സി അക്കൌണ്ടിലേയ്ക്ക് വരവ് വച്ചിരിക്കുന്നു -488070/- രൂപ തടസ്സം ചെയ്യുന്നു. | 1-39 |

| | | |
|---|---|---|
| 48 | ദുരിതാശ്വാസ നിധി-രേഖകൾ ലഭ്യമാക്കിയില്ല | 1-40 |
| 49 | ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ | 1-41 |
| 50 | വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകങ്ങൾ | 1-42 |
| 51 | പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകങ്ങൾ | 1-43 |
| 52 | ലൈഫ് പി.എം.എ.വൈ പദ്ധതി ( എസ്.സി.പി)- എസി ആറിലെയും സുലേഖ ചെലവ് പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-44 |
| 53 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. | 1-45 |
| 54 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-46 |
| 55 | ശ്മശാന നിർമ്മാണത്തിനായി ഭൂമി വാങ്ങൽ- 8 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-47 |
| 56 | പദ്ധതിയും ചെലവ് വിശദാംശങ്ങളും സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല | 1-48 |
| 57 | പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് ഫർണ്ണിച്ചർനൽകൽ- അപാകങ്ങൾ | 1-49 |
| 58 | പട്ടിക ജാതി വിദ്യാർഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ അപാകങ്ങൾ | 1-49-1 |
| 59 | അംഗീകാരം ലഭിച്ച പദ്ധതിയിൽ നിന്നും വ്യത്യസ്തമായി തുക ചെലവഴിച്ചു | 1-50 |
| 60 | പോത്ത് വളർത്തൽ ജനറൽ പദ്ധതി- 648000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-51 |
| 61 | പോത്തു വളർത്തൽ (റ്റി എസ് പി )- അപാകങ്ങൾ- ചെലവു തുക 108000 തടസ്സപ്പെടുത്തുന്നു | 1-51-1 |
| 62 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 178608 രൂപ തടസ്സപ്പെടുത്തുന്നു. | 1-52 |
| 63 | കാലിത്തൊഴുത്ത് നവീകരണം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-53 |
| 64 | മുട്ടക്കോഴി വിതരണം - രേഖകൾ ലഭ്യമല്ല 73700/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-54 |
| 65 | കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-55 |
| 66 | മാലിന്യ സംസ്കരണത്തിനായി നിർമ്മിച്ച യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചില്ല | 1-56 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബഡ്സ് സ്കൂൾ വികസനത്തിനായി വാങ്ങിയ ഉപകരണങ്ങൾ സ്ഥലപരിശോധനയിൽ കണ്ടെത്താനായില്ല -496673.19/- രൂപ നിരാകരണം, 1905933.81/- രൂപ തടസ്സം | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 18/02/2021ലെ അജണ്ട 1 തീരുമാനം നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 381435703/- രൂപ വരവും 377909631/-രൂപ ചെലവും നീക്കിയിരിപ്പ് 3526072/- രൂപയുമാണ്.

### 1-1-1 ബജറ്റ് - അപാകങ്ങൾ

1. ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ ഉൾപ്പെട്ട ബജറ്റുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 26/21-22 30.01.2023)ക്ക് മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2. 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാനുലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാനുൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാനുൽ ഖണ്ഡിക 4-4 (iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 26/21-22 30.01.2023)ക്ക് മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാനുൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2021-22സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 26/21-22 30.01.2023)ക്ക് മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാനുൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 26/21-22 30.01.2023)ക്ക് മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

3. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം (214(5)).അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 26/21-22 30.01.2023)ക്ക് മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക - പരിശോധന

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 06.07.2022 |

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ചേർക്കുന്നു.

### 1-2-1 അക്കൗണ്ട്സ് - അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക് മറുപടിയിൽ വാർഷിക ധനകാര്യ പത്രിക ഐ കെ എം നിർമ്മിത സോഫ്റ്റ് വെയർ മുഖാന്തിരം ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകളിൽ വാർഷിക അനുപാതങ്ങളും താരതമ്യ തുകകളും ലഭ്യമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവ തയ്യാറാക്കി നൽകേണ്ടതാണ്. തുടർ വർഷങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 23100രൂപയും B-17, RP-40(b) എന്നീ ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 22800 രൂപയുമാണ്.പ്രസ്തുത വ്യത്യാസത്തിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്കുള്ള മറുപടിയിൽ 300/- രൂപ അക്കൌണ്ട് മാറി തനതു ഫണ്ടിന്റെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചതിനാൽ വന്ന വ്യത്യാസമാണ് എന്നറിയിച്ചിട്ടുണ്ട്. ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 265030 | 1597642 | 1862672 | 1096440* AFS പ്രകാരം | 766232* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 81652150 | 81652150 | 81652150 | - |
| ആകെ | 265030 | 83249792 | 83249792 | 83249792 | 766232 |

* വാർഷിക ധനകാര്യ പത്രിക പ്രകാരം 20082/- ആണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്.
EFMS സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. RP 16 പ്രകാരം ചെലവ് 1096440/- രൂപയാണ്. എന്നാൽ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവ പ്രകാരം 1842590/- രൂപയാണ് ചെലവായി വരേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 66 /2021-22, 02.02.2023 ന മറുപടി നൽകിയിട്ടില്ല.

4. 2021 -22 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതമിനത്തിൽ 306470/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയുമായി ബന്ധപ്പെട്ട പദ്ധതി, തുക ചെലവു ചെയ്യാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്കുള്ള മറുപടിയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ റിക്വിസിഷൻ നൽകുന്ന മുറയ്ക്ക് പ്രസ്തുത തുക ചെലവഴിക്കുന്നതാണെന്ന് അറിയിച്ചു.

5. ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കോ ഓപ്പറേറ്റീവ് സൊസൈറ്റി | 1212893 | 0 | 1212893 | 1212893 | 0 |
| KURDFC | 24669885 | 160000 | 24829885 | 2742667* | 22087218 |

* വിവിധ പ്രോജക്ടുകൾ പ്രകാരം തിരിച്ചടച്ച തുക.

ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ KURDFC ലോൺ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്കു ലോൺ രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് മറുപടി നൽകി.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 5 (Secured Loan) പ്രകാരമുള്ള നീക്കിയിരിപ്പും (22087218) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-16 പ്രകാരമുള്ള നീക്കിയിരിപ്പും (21407867) പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള 679351 രൂപ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം - 25/21-22 30.01.23) യ്ക്ക് വ്യത്യാസമുള്ള തുക എസ് ബി ഐ ലൈഫ് അക്കൌണ്ടിന്റെ ബാലൻസിൽ ഉൾപ്പെട്ടിട്ടുള്ളതായി അറിയിച്ചു.

7. 2020-21 സാമ്പത്തിക വർഷത്തെ B-7, 2021-22 സാമ്പത്തിക വർഷത്തെ RP-34 (വരവ്), RP-34 (ചെലവ്) , B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Suppliers Security Deposit | 11404 | - | - | 11404 |
| Bidders Security Deposit | 28203 | - | - | 28203 |
| Contractors Retention | 337545 | 137627 | 73997 (As Per A/cs)<br>59863(as Per Register) | 415309(as Per A/cs)<br>401175 (Actual) |
| Other Deposit | 63648 | - | - | 63648 |
| Rent Deposit | 475789 | - | - | 475789 |
| Water Deposit | - | 523609 | - | 523609 |
| Deposit Received For Halls & Auditoriums | 250 | - | - | 250 |
| Election Deposits | 107500 | - | - | 107500 |

Suppliers Security Deposit, Bidders Security Deposit, Other Deposits, Rent Deposit, Deposit Received For Halls & Auditoriums, Election Deposits, എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുകകൾ 2020-21 മുതൽ നീക്കിയിരിപ്പായുള്ള തുകകളാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തത് സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം - 25/21-22 30.01.23) യ്ക്ക് അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് മറുപടി നൽകി. Contractors Retention ഇനത്തിലെ ചെലവ്, നീക്കിയിരിപ്പ് എന്നിവ രജിസ്റ്റർ അക്കൗണ്ട്സ് എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. Water Deposit ഇനത്തിൽ തൻവർഷം 523609/- രൂപ വിവിധ പദ്ധതികളുടെ വിനിയോഗ ബാക്കിയായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച തുക ആണ് . പ്രസ്തുത തുക നിലവിൽ സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

8. ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 207595/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക ആയത് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് തനതു ഫണ്ടിലേക്ക് മാറ്റുന്നതാണെന്ന് മറുപടി നൽകി.

9. ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ വീഴ്ച

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 5(3) (4)പ്രകാരം ക്യാഷ്ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതും, ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും, നീക്കിയിരിപ്പും പരിശോധിക്കേണ്ടതും അത്തരം പരിശോധനയുടെ സൂചകമായി ക്യാഷ്ബുക്കിൽ ഒപ്പുവെയ്ക്കേണ്ടതുമാണ്. ക്യാഷറുടെ കൈവശമുള്ള ക്യാഷ് ബാലൻസും ,ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ക്യാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. പാങ്ങോട് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ക്യാഷ് ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും ഓഡിറ്റ് വേളയിൽ അവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

10. ചുവടെ ചേർക്കുന്ന ചെലവുകൾ 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ആയത് 2021-22 വർഷത്തെ എ.എഫ്.എസിലെ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക പ്രസ്തുത ചെലവുകൾ രേഖപ്പെടുത്തുന്നതിനുള്ള ഹെഡ് നിലവിലെ സോഫ്റ്റ് വെയറിൽ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എങ്കിൽ പ്രസ്തുത വിഷയം ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തുവന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ഇനം / | തുക | വൗച്ചർ നം /തീയതി |
|---|---|---|---|
| 1 | Honorarium To President(03/22) | 14200/- | 22200007/30.04.2022 |
| 2 | Honorarium To Vice President(03/22) | 11600/- | 22200008/30.04.2022 |

| | | | |
|---|---|---|---|
| 3 | Honorarium To Standing Committee Members(03/22) | 27600/- | 22200009/30.04.2022 |

11. B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി( നം - 25/21-22 30.01.23) യ്ക്ക് പരിശോധിച്ച് അടവാക്കാൻ അവശേഷിക്കുന്ന തുകകൾ ഒടുക്ക വരുത്തുന്നതാണെന്ന് മറുപടി നൽകി. ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| Government And Other Dues Payable-Library Cess | 142825 |
| Flood Cess | 3669 |
| Government And Other Dues Payable-Others | 42850 |

12. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 18 പ്രകാരം അഡ്വാൻസ് ടു ഇമ്പ്ലിമെന്റിംഗ് ഏജൻസീസ്- ഡെപ്പോസിറ്റ് വിത്ത് കെ ഡബ്ല്യു എ - 2602249 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും മുൻകാലങ്ങളിൽ നൽകിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം 4411000/- രൂപ മുൻ വർഷത്തെ മുൻകൂറിൽനിന്നും കുറവ് ചെയ്യേണ്ടതാണ് എന്നാൽ ആയത് കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 66 /2021-22, 02.02.2023 ന മറുപടി നൽകിയിട്ടില്ല. വിശദാംശം ചുവടെ

| മുന്നിരിപ്പ് B-18 (20-21) | വരവ് RP 47 | ആകെ | ചെലവ് | നീക്കിയിരിപ്പ് B-18 (21-22) |
|---|---|---|---|---|
| 5989640 | 500000 | 6489640 | 4411000 | 2602249* |

* 2078640 രൂപയാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 18 പ്രകാരം അഡ്വാൻസ് ടു ഇമ്പ്ലിമെന്റിംഗ് ഏജൻസീസ്- ഡെപ്പോസിറ്റ് വിത്ത് കെ ഡബ്ല്യു എ എന്ന ഇനത്തിൽ നീക്കിയിരിപ്പായി വരേണ്ടിയിരുന്നത്.

13. സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വാല്യൂ അടിസ്ഥാനമാക്കി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ സൌകര്യമില്ല എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക നൽകിയത്.

14. ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ട ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു-

I) നൽകി മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | വൗച്ചർനം/തീയതി | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|
| 1 | ഡിസ്ട്രിക്റ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് | 21800849/30.01.2019 | 038688/24.01.2019 | 1000 |

Ii)ചെക്ക് നിക്ഷേപിച്ചു ബാങ്കിൽ ക്രെഡിറ്റായില്ല. പ്രസ്തുത തുകകൾ പണമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | വൗച്ചർനം/തീയതി | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|
| 1 | സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൌണ്ട് 799013000000976 | 121150900041/ 31.03.2021 | 5438/14.07.2021 | 47980 |
| 2 | | 121150900042/ 31.03.2021 | 553231/31.08.2021 | 15240 |

15. താഴെ ചേർത്തിരിക്കുന്ന പദ്ധതിയ്ക്കായി കെ എസ് ഇ ബി യ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ആയത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക തെറ്റായി ചെലവ് ഹെഡിൽ രേഖപ്പെടുത്തിയെന്നും വരും വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി.

| പ്രോജക്ട് നം | പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 99/21-22 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 200000 | 75057 |

16. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | AFS പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട് - SCP | 8699611 | 9659611 |
| വികസന ഫണ്ട് - TSP | 1749336 | 1799336 |

ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക മറുപടിയായി വികസന ഫണ്ട് - SCP, വികസന ഫണ്ട് - TSP എന്നിവയിൽ ക്യൂ ബിൽ ആയി നൽകിയ ബില്ലുകൾ കാരണമാണ് വ്യത്യാസമുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്.

17. വാർഷിക ധനകാര്യപത്രിക പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് 689278/-രൂപയും, മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 795765/- രൂപയും ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത ഫണ്ടുകൾ ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | RP7 | I 6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 17875923 | 17186645 | 689278 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 6995514 | 6199749 | 795765 |

18. വാർഷിക ധനകാര്യ പത്രിക B-11 (A) ഷെഡ്യൂൾ പ്രകാരം Capital Work In Progress 633208/-എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Part Bill സംബന്ധിച്ച് എ ഇ യുടെ റിപ്പോർട്ട് പ്രകാരം 1052956/-രൂപയുടെ പ്രവൃത്തിയാണ് Capital Work In Progress ഇനത്തിൽ ഉള്ളത്. ഇത്തരത്തിൽ വ്യത്യാസം വരുവാനുണ്ടായ സാഹചര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 25/21-22 30.01.23 ക്ക അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ റിപ്പോർട്ട് പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചത് എന്ന മറുപടി നൽകി.

19. A F S പ്രകാരം സംയുക്ത പ്രോജക്ടുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ്(ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാരം ) | |
|---|---|---|---|---|---|---|---|
| 1 | 320700204 | Joint Venture -Revenue Expenditure -Block Panchayath | 1220121 | 560280 | 356167 | 1220121 | ക്രമ നം. 1,2,4,5 എന്നിവയുടെ മുന്നിരിപ്പ് ,വരവ്,ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല |
| 2 | 320700205 | Joint Venture -Revenue Expenditure -District Panchayath | 281621 | 27000 | 2236210 | 308621 | |
| 3 | 320700105 | Joint Venture -Capital Expenditure -District Panchayath | 234953 | | | 234953 | |
| 4 | 160300101 | Joint Venture Projects -District Panchayath | - | 2209210 | - | - | |
| 5 | 160300102 | Joint Venture Projects - Block Panchayath | - | 2001442 | - | - | |
| 6 | 320700405 | Contribution For Joint Venture Projects For Revenue Expenditure -District Panchayath | 180000 | - | - | 180000 | |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 1943695/- രൂപയാണ് (Including Both Capital And Revenue Expenditures) എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻച്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 1000000/- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻച്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും വ്യത്യാസം വന്നതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

20. സെക്രട്ടറിയുടെ ബിൽബുക്ക് പ്രകാരം 780000/- രൂപ വിവാഹ ധനസഹായം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം - 25/21-22 30.01.23) യ്ക്ക് മറുപടിയായി ജേണൽ വഴിയാണ് വരവും ചെലവും രേഖപ്പെടുത്തിയിട്ടുള്ളത് അതിനാലാണ് റസീറ്റ് & പേയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെടാത്തത് എന്നറിയിച്ചു.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20225708 | 20225708 | 20242822 | -17114 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9668300 | 9668300 | 9491611 | 176689 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1911673 | 1911673 | 1837336 | 74337 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 11045423 | 11045423 | 6995514 | 4049909 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 26074439 | 26074439 | 17875923 | 8198516 |
| വികസനഫണ്ട് ( സി എഫ് സി അൺ റ്റൈഡ്) | 0 | 4935594 | 4935594 | 2058509 | 2877085 |
| വികസനഫണ്ട് ( സി എഫ് സി റ്റൈഡ്) | 0 | 11963876 | 11963876 | 5832116 | 6131760 |
| സി എസ് എസ് | 0 | 0 | 0 | 875000 | -875000 |
| എസ് എസ് എസ് | 0 | 0 | 0 | 1904139 | -1904139 |

ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 2024282 | 16978555 |
| വികസനഫണ്ട് (എസ് സി പി) | 9491611 | 9659611 |
| വികസനഫണ്ട് (റ്റി എസ് പി) | 1837336 | 1799336 |

| | | |
|---|---|---|
| വികസനഫണ്ട് (സി എഫ് സി റ്റൈഡ്) | 5832116 | 6022982 |

ഓഡിറ്റ് എൻക്വയറി നം 32/2021-22, 30.01.23 ക്ക് മുപടിയായി ജി ഒ പ്രോജക്ടുകളുടെ തുക സോഴ്സ് ഡിഡക്ഷനായി കുറവ് ചെയ്യുന്നത് എ സി ആറിൽ ഉൾപ്പെടാത്തതിനാലാണ് ഇത്തരത്തിൽ വ്യത്യാസമുണ്ടായതെന്ന് മറുപടി നൽകി.

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ട് (ജനറൽ), സി.എസ്.എസ്, എസ്.എസ്.എസ് എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവായത് വിശദീകരിക്കേണ്ടതാണ്.

## 1-3-1 ഗ്രാന്റ് വിനിയോഗം അപാകങ്ങൾ

1. B-4 Schedule പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രികയിലെ B-4 Schedule ലെ ചുവടെ ചേർത്തിരിക്കുന്ന ഹെഡ്ഡുകളിലെ തുകകൾ 2020-21 വർഷം ചെലവഴിക്കാതെ ശേഷിച്ചത് 2021-22 വർഷവും ചെലവാക്കിയിട്ടില്ല. പ്രസ്തുത തുകകൾ വിനിയോഗിക്കാത്തതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100116 | 9059 |
| 320200309 | 313462 |
| 320200323 | 20000 |
| 320700105 | 234953 |
| 320700204 | 1220121 |
| 320700405 | 180000 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ഓഡിറ്റ് എൻക്വയറി നം 32/2021-22, 30.01.23 പ്രകാരം ആവശ്യപ്പെട്ടു എങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക വിനിയോഗിച്ച് ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

2. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക ധനകാര്യ പത്രികയുടെ B4 ഷെഡ്യൂൾ എന്നിവ പ്രകാരമുള്ള ചുവടെ ചേർക്കുന്ന ഇനങ്ങളിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. വിശദാംശം ഓഡിറ്റ് എൻക്വയറി നം 32/2021-22, 30.01.23 പ്രകാരം ആവശ്യപ്പെട്ടു എങ്കിലും മറുപടി ലഭ്യമാക്കിയില്ല..

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | എ.സി.ആർ പ്രകാരമുള്ള നീക്കിയിരിപ്പ് | B4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | -17114 | 3247153 | - |
| വികസനഫണ്ട് (എസ് സി പി) | 176689 | 8689 | - |
| വികസനഫണ്ട് (റ്റി എസ് പി) | 74337 | 112337 | - |
| വികസനഫണ്ട് (സി എഫ് സി) (Tied) | 6131760 | 5940894 | 2635405 |
| വികസനഫണ്ട് (സി എഫ് സി) (Untied) | 2877085 | 2877085 | 2931854 |

3. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

2021-22 വർഷത്തെ B-4 Schedule പ്രകാരം ഗുണഭോക്തൃവിഹിതം 306470/-രൂപ ചെലവായിട്ടില്ല പ്രസ്തുത തുക ഏത് പ്രോജക്ടിനുള്ളതാണെന്നും പ്രോജക്ട് നം. വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം 32/2021-22, 30.01.23 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

4. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 % എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 5170080/-രൂപയാണ്. ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (5421521/-) വകയിരുത്തിയിട്ടുണ്ട്. എന്നാൽ ചെലവഴിച്ചിരിക്കുന്നത് 4426725/-രൂപ (81.7%)യാണ്.

5. ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 5421521 | 4426725 | 81.7% |
| | സേവനം | 19611808 | 15671597 | 80% |
| | പശ്ചാത്തലം | 354620 | 144500 | 41% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 600000 | 0 | 0 |
| | സേവനം | 9726300 | 8052276 | 83% |
| | പശ്ചാത്തലം | 1439634 | 1439335 | 99.9% |
| പട്ടിക വർഗ്ഗ വിഭാഗം | ഉല്പാദനം | 120000 | 58000 | 48% |
| | സേവനം | 2129346 | 1779336 | 84% |

## 1-4 പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 8 | 7 | 1 | 88 | 1832996 | 1182250 | 64 |
| Ii | വെറ്റിനറി സർജൻ | 8 | 7 | 1 | 88 | 7803400 | 3581549 | 46 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 4 | 4 | 0 | 100 | 1965625 | 1886040 | 96 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 3 | 0 | 100 | 1100000 | 1100000 | 100 |
| V | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 0 | 0 | 0 | 0 | 0 | 0 | 0 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ -1 | 9 | 8 | 1 | 89 | 21234703 | 9312600 | 44 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 0 | 100 | 7190424 | 7123701 | 99 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Viii | സെക്രട്ടറി | 44 | 40 | 4 | 91 | 18468620 | 12556042 | 68 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 45 | 17 | 72 | 54017572 | 34367653 | 64 |
| Xi | എച്ച്.എം. | 6 | 6 | 0 | 100 | 1039230 | 931166 | 90 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 100 | 2400000 | 2035699 | 84 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 1 | 88 | 3245934 | 2715635 | 84 |
| Xiv | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ -2 | 9 | 7 | 2 | 78 | 47778900 | 16600205 | 35 |
| ആകെ | | 170 | 143 | 27 | 84 | 168077404 | 93392540 | 56 |

എ. ആകെ വകയിരുത്തിയതിന്റെ 56 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് .

ബി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 62 പ്രോജക്ടുകളിൽ 45 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

സി) വി ഇ ഒ സർക്കിൾ -1,2 എന്നിവർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവു ശതമാനം യഥാക്രമം 44%, 35% എന്നിങ്ങനെയാണ്.

2)തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | S0141/22 | മാറനാട് പുളിമൂട് റോഡ് റീടാറിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ |

പദ്ധതി നടപ്പിലാക്കാതിരുന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ടതിൽ ( ഓഡിറ്റ് എൻക്വയറി നം-20/28-1-23) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ ലഭിച്ച കരാറുകാരൻ പദ്ധതി ആരംഭിക്കുവാൻ തയ്യാറായില്ല എന്നും കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും നിർവ്വഹണം ആരംഭിച്ചില്ല എന്നും ആയതിനാൽ ടി പദ്ധതി സ്പിൽ ഓവർ ആക്കാതെ ഒഴിവാക്കുകയായിരുന്നു എന്നും കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിലേക്ക് കണ്ടു കെട്ടിയിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടതിൽ 8-2-21 ലെ 2/1 നമ്പർ തീരുമാന പ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയത് സകർമ്മ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ പ്രസ്തുത തിയ്യതിയിൽ മീറ്റിംഗ് നടത്തിയതായോ തീരുമാനങ്ങൾ എടുത്തതായോ കാണാൻ കഴിഞ്ഞില്ല.

ബി) 2021-22 വർഷത്തെ വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി യോഗം 10-2-22 ന് തീരുമാനങ്ങളൊന്നും രേഖപ്പെടുത്താതെ 3 പേരുടെ ഒപ്പ് മാത്രം രേഖപ്പെടുത്തിയ മിനുട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

വികസന സെമിനാർ

വികസന സെമിനാർ മിനുട്സ് ലഭ്യമാക്കിയത് പരിശോധിച്ചതിൽ 12-5-21 ന് ഓൺലൈനായി യോഗം ചേർന്നതിൽ സ ഉ 11/2018-തിയ്യതി 29-1-2018 ഖണ്ഡിക 3-3-2ൽ പ്രതിപാദിക്കും പ്രകാരമുള്ള പങ്കാളിത്തം ഉണ്ടായിക്കാണുന്നില്ല.വികസന സെമിനാറിൽ വച്ച് കരട് പദ്ധതി രേഖ വിതരണം ചെയ്തിട്ടുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരട് പദ്ധതി രേഖ വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2 പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽപുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.അപ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ 8-2-21 ലെ 2/2 നമ്പർ തീരുമാന പ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയത് സകർമ്മ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പ്രസ്തുത തീയതിയിൽ മീറ്റിംഗ് നടത്തിയതായോ തീരുമാനങ്ങൾ എടുത്തതായോ കാണാൻ കഴിഞ്ഞില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 12-2-21 ( സ്ത്രീകളുടെയും കുട്ടികളുടെയും,കൃഷി,പട്ടിക ജാതി) തീയതിയിലാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. എന്നാൽ പ്രസ്തുത മീറ്റിംഗിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. മറ്റുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനായി ഒരു ദിവസം യോഗം ചേർന്നിട്ടുണ്ട്. ആയവയിൽ പ്രോജക്റ്റ് നിർദ്ദേശം നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ അവസ്ഥ രേഖ ലഭ്യമാക്കുന്നതായി അറിയിച്ചെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | കണക്കുകൾ രേഖകൾ തയ്യാറാക്കാൽ | 12-2-21 | ആസ്തി രജിസ്റ്റർ ഡിജിറ്റലൈസേഷൻ |
| 2 | സാമൂഹ്യ നീതി | 12-2-21 | ബഡ്സ് സ്കൂൾ പ്രവർത്തന ക്ഷമമാക്കണം ,<br>ടേക്ക് എ ബ്രേക്ക് പദ്ധതി |
| 3 | പട്ടിക വർഗ്ഗ വികസനം | 12-2-21 | പഠന മുറി നിർമ്മാണം |

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 9233600 | 592 |
| വിധവാപെൻഷൻ | 31291400 | 1990 |
| വാർദ്ധക്യകാല പെൻഷൻ | 45220600 | 3083 |
| വികലാംഗ പെൻഷൻ | 7291800 | 468 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 369200 | 26 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 780000 | 26 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-1-23 03.40 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1660/-രൂപ ( ആയിരത്തി അറുനൂറ്റി അറുപതു രൂപ ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ താഴെ പറയുന്ന വിഷയങ്ങളിലെ അപാകം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1.ചെലവ് വൗച്ചറുകൾ യഥാസമയം ബുക്ക് ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. 2021 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ പേമെന്റ് വൌച്ചറുകൾ ബുക്ക് ചെയ്തിട്ടില്ല.തുക പ്രസ്തുത മാസങ്ങളിൽ ചെലവഴിക്കുകയും എന്നാൽ പേമെന്റ് വൌച്ചറുകൾ ആഗസ്റ്റിൽ മാത്രം ജനറേറ്റ് ചെയ്യുകയും ചെയ്തിരിക്കുന്നതിനാൽ ക്യാഷ് ബുക്ക് ,ബാങ്ക് ബുക്ക് എന്നിവ കാലികമല്ല. ഡേ ബുക്ക് , കാഷ് ബുക്ക് എന്നിവ യുടെ പ്രിന്റ് സൂക്ഷിച്ചിട്ടില്ല. ഓരോ മാസത്തെയും റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവു വൌച്ചറുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ചെക്ക് പ്രകാരം പിൻവലിച്ച തുകകളുടെ പൂർണ്ണമായ വിവരം ബിൽ രജിസ്റ്റർ പ്രകാരം ലഭ്യമല്ലാത്തതിനാലും തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ ആധികാരികത ഓഡിറ്റിന് ഉറപ്പാക്കാനായിട്ടില്ല.

2.ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നിട്ടില്ല.ഓഫീസ് മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ 29-11-21 ന ശേഷം 2-3-22 നാണ് ഓഫീസ് മീറ്റിംഗ് കൂടിയിരിക്കുന്നത്.29-11-2021 ലെ ഓഫീസ് മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ പ്രസ്തുത തിയ്യതിയിൽ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല

3.പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും വിവിധ വാങ്ങൽ പ്രക്രിയകൾ സുതാര്യവും സാമ്പത്തിക

അച്ചടക്കം ഉറപ്പു വരുത്തുന്നതുമായിരിക്കണം.

4. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല .
5.ISO സർട്ടിഫിക്കേഷന്റെ (നമ്പർ TQS/Q-731) കാലാവധി 16.07.2022 ന് അവസാനിച്ചിട്ടുണ്ട് ആയത് പുതുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
6. പി എച്ച് സി ക്ക് ആകസ്മിക ചെലവുകൾക്കായി അനുവദിച്ച തുക എച്ച് എം സി ഫണ്ടിലേക്കാണ് വരവ് വെച്ച് ചെലവു ചെയ്തിരിക്കുന്നത്.

7.ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
8.ഐ സി ഡി എസ് നിർവ്വഹണം നടത്തിയ ബഡ്സ് സ്കൂളിനായുള്ള ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ 496673.19 രൂപയുടെ ഉപകരണങ്ങൾ സ്ഥാപനത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.
9. വെറ്ററിനറി സർജ്ജൻ നിർവ്വഹണോദ്യോഗസ്ഥനായ പോത്തുകുട്ടി വിതരണം പദ്ധതിയുടെ നടത്തിപ്പിലും വീഴ്ചകൾ വന്നതായി കണ്ടു. പദ്ധതി നിർവഹണം കൃത്യമായ മോണിറ്ററിങ്ങിലൂടെ ഫലപ്രദമാക്കാൻ ശ്രദ്ധിക്കുക.
10. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 265030 | 1597642 | 1862672 | 1096440 | 766232* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 81652150 | 81652150 | 81652150 | - |
| ആകെ | 265030 | 83249792 | 83249792 | 83249792 | 766232 |

*RP-16 പ്രകാരമുള്ള ചെലവ് 1096440/- രൂപയാണ്. എന്നാൽ ആകെ തുകയിൽ നിന്ന് നീക്കിയിരിപ്പ് കുറവ് ചെയ്യുമ്പോൾ ലഭിക്കുന്നത് 1842590 രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 20082/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

2021-22 വർഷത്തെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല.ഉദാഹരണം ചുവടെ ചേർക്കുന്നു.

I)മണക്കോട് വാർഡിൽ നഴ്സറി നിർമ്മാണം- എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മണക്കോട് വാർഡിൽ നഴ്സറി നിർമ്മാണം |
| എം.ബുക്ക് നം | 4727/21-22 |
| ചെലവ് തുക | 129114 |

1) 2021-22 വർഷത്തെ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ കവർ പേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി,ജനകീയ എസ്റ്റിമേറ്റ് , വേജ് ലിസ്റ്റ്, ഫണ്ട് ട്രാൻസ്ഫർ ഓർഡർ, ഫയൽ ട്രാക്കിംഗ് ഫോറം ,എന്നിവ സൂക്ഷിച്ചിട്ടില്ല. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ അപൂർണമാണ്. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടം എന്നിവയുടെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഡിമാന്റ് ആപ്ലിക്കേഷൻ ഫോം, വർക്ക് അലോക്കേഷൻ ഫോം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിററ് എൻക്വയറിയ്ക്ക് ടി രേഖകൾ 2021-22 സാമ്പത്തിക വർഷത്തെ ബില്ലുകളിൽ ഫയലാക്കി സൂക്ഷിക്കുന്നുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2) 2021-22 വർഷത്തെ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.6.9 പ്രകാരം തൊഴിലുറപ്പ് പദ്ധതി മുഖേന സർക്കാർ ഭൂമിയിൽ നടപ്പാക്കുന്ന നഴ്സറികൾ കുറഞ്ഞത് 3 വർഷത്തേയ്ക്ക് നടപ്പാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രവൃത്തി പ്രകാരം ആരംഭിച്ച നഴ്സറിയുടെ തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമ്മതപത്രവും ലഭ്യമാക്കിയിട്ടില്ല.

3)എം.എൻ.ആർ.ഇ.ജി.എസ് മുഖേന സ്ഥാപിച്ച നഴ്സറികളിൽ ഉത്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് 29.05.2018 ലെ പി.എസ്.2/288/2018/തസ്വഭവ(1) നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരവും ആയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.

4) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളുടെയും എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്ന മുറയ്ക്ക് അളവുകൾ മെഷർ ചെയ്തതു സംബന്ധിച്ച മറ്റു രേഖകളും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആകെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കുന്നതുമാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ മസ്റ്റർ കാലയളവിലും മെഷർമെന്റ് എടുക്കാറുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളതെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലുകളിലൊന്നും തന്നെ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

II) മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല

MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2021-22 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും ഗ്രാമസഭാമിനിട്സും പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

III)ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമല്ല

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖ.4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

IV) സ്വകാര്യഭൂമിയിൽ ഹരിതകേരളം പദ്ധതിയുടെ പച്ചത്തുരുത്ത്

തദ്ദേശസ്വയംഭരണ(പി.എസ്) വകുപ്പിന്റെ 29.05.2018ലെ പി.എസ് 2/288/2018/lsgd(1) പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നാശോന്മുഖമായിട്ടുള്ള വനമേഖല, തരിശുഭൂമി, പൊതുഭൂമി, നദികൾ തോടുകൾ കനാലുകൾ എന്നിവയുടെ കരകളിൽ, പി.എം.ജി.എസ്.വൈ റോഡുകളുടേയും ഇതര റോഡുകളുടേയും ഓരങ്ങളിൽ, എം.എൻ.ആർ.ഇ.ജി.എസ് നിയമത്തിന്റെ ഒന്നാംപട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ദുർബലവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ സ്വകാര്യ ഭൂമി എന്നിവയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന പദ്ധതിയിൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ |
| എം.ബുക്ക് നം | 4165/21-22 |
| ചെലവ് തുക | 308362 |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപനത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഇതര സ്ഥാപനങ്ങൾ/ സർക്കാർ ഇതരത്തിൽ ഉൾപ്പെട്ട താജ് എൽ.പി.എസ് ലാണ് മേൽ പദ്ധതി നടപ്പിലാക്കിയതായി കാണുന്നത് . മേൽ ഉത്തരവിൽ നിർദ്ദേശിക്കാത്ത സർക്കാരിതര സ്കൂളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമല്ല.

2. സ്ഥാപനത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നാല് സർക്കാർ സ്കൂളുകൾ പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളായുണ്ട്. മേൽ സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 50 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. മേൽ പദ്ധതിയിൽ മെറ്റീരിയൽ ഇനത്തിൽ നൽകാനുള്ള 115000/- രൂപ താജ് എൽ.പി.എസ് ന്റെ അക്കൌണ്ടിലേയ്ക്കാണ് 3.4.2021 ൽ നൽകിയിരിക്കുന്നത്. കുഴിപ്പള്ളം ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് സെന്റർ

(ഇൻവോയിസ് നം. രേഖപ്പെടുത്തിയിട്ടില്ല. തീയതി 23.10.2020) പ്രകാരം 17340 രൂപയുടെ തൈകളും പുതുശ്ശേരിയിൽ ഗ്രീൻ കൺസെപ്റ്റിൽ നിന്ന് ഇൻവോയിസ് നം. 259/28.10.2020 പ്രകാരം 25225/- രൂപയുടെ തൈകളും അജീഷ് ടിംമ്പേഴ്സിൽ നിന്ന് 8.7.2020 ൽ 54340 രൂപയുടെ തൈകളും പ്രസ്തുത സ്ഥാപനത്തിൽ നിന്ന് തന്നെ 22.7.2020 ൽ തന്നെ 22880/- രൂപയുടെ തൈകളും വാങ്ങിയതിന്റെ വൌച്ചറുകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയ്ക്കുവേണ്ടി മെറ്റീരിയൽ വിതരണം ചെയ്ത വിതരണക്കാരുടെ അക്കൌണ്ടിലേയ്ക്ക് തുക കൈമാറാതെ താജ് എൽ.പി.എസ് (അക്കൌണ്ട് നം. 67184933915) ലേയ്ക്ക് കൈമാറിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

V) മേറ്റുമാരുടെ വിശദാംശം ലഭ്യമാക്കിയില്ല

6.7.2021ലെ 1(3) നം. തീരുമാന പ്രകാരം പുതിയ മേറ്റുമാരെ നിയമിക്കുമ്പോൾ മുൻവർഷങ്ങളിൽ മേറ്റുമാരായി പ്രവർത്തിച്ചവരിൽ സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുണ്ടെന്ന് വസ്തുതാപരമായി ബോധ്യപ്പെട്ടവരെ ഒഴിവാക്കണമെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അപ്രകാരം സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുള്ള മേറ്റുമാർ ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 50 ന് ക്രമക്കേട് നടത്തിയ മേറ്റുമാരില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരമുള്ള പരിശോധനാറിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

VI) സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ-മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിച്ചിട്ടില്ല

14.09.2018 ലെ 2679/EGS-C/17/REGS നം. കത്ത് പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെയാണ് തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ട ചുമതല ഏൽപ്പിക്കേണ്ടത്. പ്രസ്തുത ഗ്രൂപ്പുകൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. അപ്രകാരമുള്ള കുടുംബശ്രീ സംരംഭക ഗ്രൂപ്പ് 2021-22 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. 4.2.2022 ലെ 1(1) നം തീരുമാനപ്രകാരം എം.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്ന ഇനത്തിൽ വെണ്ടർമാർക്ക് നൽകാനുള്ള തുക നൽകുന്നതിന് മേൽ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ സാധിക്കില്ലായെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ നിന്ന് ഒരു ഗ്രൂപ്പ് മാത്രമേ പ്രവൃത്തികൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളൂ എന്നതിനാൽ യഥാസമയം ബോർഡ് സ്ഥാപിക്കാൻ കഴിയാത്തതിനാൽ മേറ്റുമാരാണ് ബോർഡുകൾ സ്ഥാപിച്ചുവരുന്നതെന്നും അതിനാൽ വെണ്ടർമാരുടെ അക്കൌണ്ടിലേയ്ക്ക് തുക അനുവദിയ്ക്കണമെന്ന എം.എൻ.ആർ.ഇ.ജി.എസ് എ.ഇയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 371000/- രൂപ വെണ്ടർമാരുടെ അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. ചെക്ക് നം. 837416/22.2.2022 പ്രകാരം 371000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഏതാനും വ്യക്തികളുടെ അക്കൌണ്ടിലേയ്ക്കാണ് പ്രസ്തുത തുക കൈമാറ്റം ചെയ്തതായി കാണുന്നത്. ഉദാഹരണമായി ശ്രീ. രതീഷ് .കെ (അക്കൌണ്ട് നം. 67164475958), ശ്രീ. പുഷ്കരൻ (അക്കൌണ്ട് നം. 102501000010815), ശ്രീ. അജയകുമാർ (അക്കൌണ്ട് നം. 102501000006154) . മേൽ വ്യക്തികൾ മേറ്റുമാരാണോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 50 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

VII) ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടില്ല

| പ്രവൃത്തി | എം. ബുക്ക് നം. | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| കൊച്ചുവയൽ നെല്ലിക്കുന്ന് മൺതടം കോൺക്രീറ്റ് | 4010/2020-21 | സുനിൽകുമാർ | 379910 |
| കാക്കാണിക്കര വട്ടക്കരിക്കകം | 4365/2020-21 | മനു | 400960 |

| | | | |
|---|---|---|---|
| മൺതടം കോൺക്രീറ്റ് | | | |
| ജണ്ടാമുക്ക് മൺതടം കോൺക്രീറ്റ് | 4363/20-21 | മന | 401730 |
| കൊച്ചുവയൽ മാവുനിന്ന പച്ച തടം കോൺക്രീറ്റ് | 4362/202-21 | മന | 400960 |
| പാൽസൊസൈറ്റി കാവുവിള കോൺക്രീറ്റ് | 4846/21-22 | മന | 388793.5 |
| പുളിക്കര തഴമ്പന്നൂർ കരിക്കകം തടം കോൺക്രീറ്റ് | 4833/21-22 | മന | 412222 |
| വട്ടക്കരിക്കകം മുതൽ ബഡ്സ് സ്കൂൾ വരെ മൺതടം കോൺക്രീറ്റ് | 4359/20-21 | മന | 383773 |
| ദർപ്പവിള തോട്ടുമുക്ക് തടം കോൺക്രീറ്റ് നിർമ്മാണം | 4364/20-21 | മന | 403227 |
| ഒറ്റക്കട അംഗൻവാടി തടം കോൺക്രീറ്റ് നിർമ്മാണം | 4360/20-21 | മന | 400960 |
| മാടൻനട നെല്ലിയോട്ടുകോണം മൺതടം കോൺക്രീറ്റ് | 4366/20-21 | മന | 393668 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 57 ന് ടി വർക്കുകൾ നടന്ന സമയത്ത് MIS ൽ ഓപ്ഷൻ ഇല്ലായിരുന്നുവെന്നും മേൽ വർക്കുകളുടെ ഇ.എം.ഡി തുക നാളിതുവരെയും തിരികെ കരാറുകാരന് നൽകിയിട്ടില്ലായെന്നും ടി തുക നൽകുന്ന മുറയ്ക്ക് 2% GST തുക തിരികെ അടപ്പിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VIII തദ്ദേശ സ്വയംഭരണ (ഡിഡി ) വകുപ്പിന്റെ 11.1.2021 ലെ സർക്കുലർനം. ഡി. ഡി. 2/336/2020/ Lsgd പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധനയും സാങ്കേതിക പരിശോധനയും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപും പ്രവൃത്തി നടക്കുമ്പോഴും പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞും നടത്തേണ്ടതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 57 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-05-2022 | 01.08.2021 മുതൽ 31.03.2022 വരെ | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-2-2013 മുതൽ 28-2-2013 വരെ | 2007-08 മുതൽ 2011-12 വരെ | 9-4-2013 |

## 1-10 തൊഴിൽ നികുതി - അപാകങ്ങൾ

1. സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 54/ 2021-22, 02.02.2023 ക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇതേ വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും നിലവിലും റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഒന്നും പഞ്ചായത്തധികൃതർ സ്വീകരിച്ചിട്ടില്ല.

2. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഒടുക്ക് വരുത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി | സ്ഥാപന തൊഴിൽ |
|---|---|---|---|
| 1 | മിൽക്ക് സൊസൈറ്റി ഭരതന്നൂർ | I,ii അർദ്ധവർഷം | I,ii അർദ്ധവർഷം |
| 2 | മിൽക്ക് സൊസൈറ്റി, പഴവിള | - | Ii അർദ്ധവർഷം |
| 3 | ഇൻഡസ് കാഷ്യൂ പ്രൈവറ്റ് ലിമിറ്റഡ് | - | Ii അർദ്ധവർഷം |
| 4 | ശിവ ക്ഷേത്രം, ഭരതന്നൂർ | Ii അർദ്ധവർഷം | - |
| 5 | ഐശ്വര്യ ഫിനാൻസ് | I,ii അർദ്ധവർഷം | I,ii അർദ്ധവർഷം |
| 6 | റ്റി എം ഓഡിറ്റോറിയം | I,ii അർദ്ധവർഷം | I,ii അർദ്ധവർഷം |

## 1-11 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയുമായി ബന്ധപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 മൊബൈൽ ടവറുകളുടെ കുടിശ്ശിക

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും 2013-14 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഈടാക്കുവാനുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയും, ലൈബ്രറി സെസ്സും, കുടിശ്ശികയുമുൾപ്പെടെയുള്ള തുകകൾ ഈടാക്കുവാനുണ്ട്. ഓഡിറ്റ് എൻക്വയറി (നം 41 /2021-22 01.02.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ഉടമസ്ഥന്റെ വിവരം | നികുതി അടവാക്കുവാനുള്ള കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| 1 | 1/626/A | ബി എസ് എൻ എൽ മൊബൈൽ സർവിസസ് | 2013 മുതൽ 2022 വരെ | 36100 |
| 2 | 2/579 | റിലയൻസ് ജിയോ ഇൻഫോം ലിമിറ്റഡ് | 2020 മുതൽ 2022 വരെ | 18900 |
| 3 | 3/974 | ഇൻഡസ് ടവർസ് ലിമിറ്റഡ് | 2014 മുതൽ 2022 വരെ | 34020 |
| 4 | 3/975 | എയർസെൽ ഡിഷ്നെറ്റ് | 2017-2022 | 34020 |

| | | | | |
|---|---|---|---|---|
| | | വയർലെസ്സ് ലിമിറ്റഡ് | | |
| 5 | 3/976 | ഇൻഡസ് ടവർസ് ലിമിറ്റഡ്(ഐഡിയ) | 2020-2022 | 17010 |
| 6 | 3/977 | ഇൻഡസ് ടവർ ലിമിറ്റഡ് | 2021-22 | 11340 |
| 7 | 4/537/A | ബി എസ് എൻഎൽ മൊബൈൽ സർവീസസ് | 2013-22 | 56700 |

## 1-11-2 2000 Sq Ft ലധികമുള്ള കെട്ടിടത്തിന് നികുതി ഇളവ് നൽകി

താഴെ കൊടുത്തിട്ടുള്ള പട്ടികയിലെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതുമായി ബന്ധപ്പെട്ട് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 41/2021-22, 01.02.2023)ക്ക് മറുപടി നൽകിയില്ല. നികുതി അടിയന്തിരമായി പുനർനിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area ($M^2$) |
|---|---|---|---|---|---|
| 1 | 1 | 807 | B | അയൂബ് (ജദാ ഹൌസ്,പുലിപ്പാറ,പാങ്ങോട് ) | 187.62 |
| 2 | 18 | 298 | A | ബുഹാറുദീൻ(പഴവിള വീട്,പാങ്ങോട്,പാങ്ങോട് ) | 191 |

## 1-11-3 നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങൾ

GO No. 144/2015 പ്രകാരം 600 Sqft ന താഴെ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ GO No. 358/2015 പ്രകാരം സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കേണ്ടത്. എന്നാൽ ചില കെട്ടിടങ്ങൾ സത്യവാങ്മൂലം നൽകാതെ തന്നെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 41/2021-22, 01.02.2023)ക്ക് മറുപടി നൽകിയില്ല.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area($m^2$) |
|---|---|---|---|---|---|
| 1 | 1 | 426 | A | ബഷീർ (അർഫാന മൻസിൽ,പുലിപ്പാറ,പാങ്ങോട്) | 38.44 |
| 2 | 1 | 741 | A | സജീന (കുഞ്ഞാറു മൻസിൽ,പുലിപ്പാറ,പാങ്ങോട് ) | 60.75 |
| 3 | 2 | 45 | A | ഷെഫീക്ക എ എസ് (കൊടലിയിൽ ഹൌസ്,താഴെപാങ്ങോട്,പാങ്ങോട്) | 58 |
| 4 | 2 | 58 | A | നബീന (നൗഫൽ മൻസിൽ,നാലുസെൻറ് കോളനി,ചന്തകുന്ന്,പാങ്ങോട് ) | 45 |
| 5 | 2 | 234 | A | സജീനാബീവി (ചരുവിളവാതുക്കൽവീട്,പുലിപ്പാറ,പാങ്ങോട്) | 52 |
| 6 | 4 | 112 | B | മണികണ്ഠനാശാരി/ചന്ദ്രിക (കാവേരി ഭവൻ,ചരുവിളപുത്തൻവീട്,മാറനാട്,ഭരതന്നൂർ) | 18 |
| 7 | 4 | 247 | A | മോഹനദാസ് (കുന്നുംപുറത്ത് വീട്,അയിരൂർ,ഭരതന്നൂർ) | 42 |
| 8 | 4 | 370 | A | സുലഭ (ഐശ്വര്യാ ഭവൻ,കിഴക്കേകുന്നിൻപുറത്ത് | 45.8 |

| | | | | | |
|---|---|---|---|---|---|
| | | | | വീട്,തൃക്കോവിൽവട്ടം,ഭരതന്നൂർ) | |
| 9 | 4 | 580 | A | ഓമന ബി ( പാറവിള വീട്,അയിരൂർ,ഭരതന്നൂർ) | 48.75 |
| 10 | 6 | 56 | A | സാവിത്രി (തോട്ടരികത്തുവീട്,വലിയവേങ്കാട്,മൂന്ന്മുക്ക്) | 42 |
| 11 | 6 | 240 | A | ശ്രീജ (ആമ്പാടി,മരുതിമല,മൂന്ന്മുക്ക്) | 60 |
| 12 | 6 | 404 | C | മിനി എസ് (ചരുവിളപുത്തൻവീട്,വട്ടവയൽ,മൂലപേഴ്,മൂന്ന്മുക്ക്) | 31.72 |
| 13 | 7 | 98 | A | ഷോബി ജോസഫ് (പുത്തൻപുരക്കൽ ഹൗസ്,വഞ്ചിക്കൽ,വന്നപുരം,ഇടുക്കി,പുളിക്കതോട്ടി) | 42 |
| 14 | 7 | 154 | A | സലാഹുദ്ദീൻ (ബ്ലോക്ക് നമ്പർ 9,അംബേദ്കർകോളനി,ഭരതന്നൂർ) | 39 |

## 1-11-4 നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

അനധികൃത നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 41/2021-22, 01.02.2023)ക്ക് മറുപടി നൽകിയില്ല. നികുതി പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | വാർഡ്/കെട്ടിട. നം | പേര് /വിലാസം | നികുതി | തുക ഒടുക്കിയത് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 8/103/UA | ലളിത ജെ,പൂജ ഭവൻ,ഗാർഡർ സ്റ്റേഷൻ,മൈലമൂട്, | 697 | 2018 രണ്ടാം അർദ്ധവർഷം | 2019ഒന്നാം അർദ്ധവർഷം മുതൽ |

## 1-11-5 വസ്തുനികുതി ഇളവ് അനുവദിച്ചതിൽ അപാകത

സ.ഉ(എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാർഡ് 4 മാത്രം പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 41/2021-22, 01.02.2023)ക്ക് മറുപടി നൽകിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | അബ്ദുൾ റഹിം(കോണത്ത് പുത്തൻ വീട്,മാറനാട്,ഭരതന്നൂർ) | 4/63,4/64 |
| 2 | രാജമ്മ,ദാമോധരൻ (ഷീബ ഭവൻ,ദർപ്പവിള,ഭരതന്നൂർ) | 4/86,4/87 |
| 3 | സുധാകരൻ പിള്ള(കുന്നിൽ ചരുവിള വീട്,ദർപ്പവിള,ഭരതന്നൂർ) | 4/89,4/90 |
| 4 | മുഹമ്മദ് കാസിം(കൊടിവിളാകത്ത് വീട്,മാറനാട്,ഭരതന്നൂർ) | 4/123, 4/124 |
| 5 | വിനോദ്കുമാർ(ശ്യാമളാ മന്ദിരം,മാറനാട്,ഭരതന്നൂർ) | 4/174,4/175 |
| 6 | വിനോദ്കുമാർ(ശ്യാമളാ | 4/393,4/394 |

| | | |
|---|---|---|
| | മന്ദിരം,മാറനാട്,ഭരതന്നൂർ) | |
| 7 | ഉദയകുമാർ,ജയശ്രീ(മിനി ഭവൻ,ഭരതന്നൂർ) | 4/558,4/559 |

## 1-12 ലേലം- അപാകങ്ങൾ

1. 2021-22 സാമ്പത്തിക വർഷത്തെ ലേലഡയറി പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ ലേലം ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ലേലത്തുക ഒടുക്കിയതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 59/02.02.2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | ലേലം കൊണ്ട ആൾ | ലേലത്തുക |
|---|---|---|---|
| 1 | ഏഴുകുടി ശ്മശാനഭൂമിയിൽ നിൽക്കുന്ന റബ്ബർ മരങ്ങളിൽ നിന്നുള്ള മേലാദായം എടുക്കുന്നതിനുള്ള അവകാശം | ശ്രീ. ഷാനവാസ് | 3400 |

2. താഴെപ്പറയുന്ന ഇനങ്ങൾ ലേലം ചെയ്തു നൽകിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഇനം |
|---|---|
| 1 | പാങ്ങോട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് |
| 2 | ഭരതന്നൂർ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് |
| 3 | പഞ്ചായത്ത് ഓഫീസ്, മൃഗാശുപത്രി, ഹോമിയോ ആശുപത്രി, മാർക്കറ്റ് കോമ്പൌണ്ടിലുള്ള ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം |
| 4 | പഴവിള തണ്ണിയം സ്റ്റേഡിയം റോഡിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം |
| 5 | പുലിപ്പാറ പഴവിള റോഡിൽ വായനശാല ജംഗ്ഷൻ റോഡ് പുറംപോക്കിലുള്ള തെങ്ങുകളിൽ നിന്ന് മേലാദായം എടുക്കുന്നതിനുള്ള അവകാശം |
| 6 | ഭരതന്നൂർ പബ്ലിക് മാർക്കറ്റിലെ ടോയ്‌ലറ്റ് |
| 7 | പാങ്ങോട് പബ്ലിക് മാർക്കറ്റിലെ ടോയ്‌ലറ്റ് |

ലേലം സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി( നം. 59/02.02.2023 )ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ലേല നടപടിക്രമങ്ങൾ കുറ്റമറ്റതാക്കി രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വരുമാന ചോർച്ച വരാതെ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കെട്ടിട പെർമിറ്റ് - അപാകങ്ങൾ

1. കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതാണ്. മൂന്ന്/അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന വിധം അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖരണം നടത്തി ഫീൽഡ് തല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/2021-22 01.02.2023 ക്ക് മറുപടി നൽകിയില്ല. ഇത്തരത്തിൽ കാലപരിധി പിന്നിട്ട പെർമിറ്റുകളെ കണ്ടെത്താനുള്ള നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/12/15ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിററ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

3. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം അപേക്ഷ സ്വീകരിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ രേഖാമൂലം പെർമിറ്റ് അംഗീകരിക്കുകയോ നിരസിച്ച വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പ്രകാരം പെർമിറ്റ് അംഗീകരിക്കുകയോ നിരസിച്ച വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്യുന്നതിൽ പ്രസ്തുത സമയക്രമം പാലിച്ചിട്ടില്ല. പെർമിറ്റ് നൽകുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടിയില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | കറണ്ട് നമ്പർ & തീയതി | അപേക്ഷകന്റെ പേര് | ഡോർ നമ്പർ | വിനിയോഗ ഗണം | ഫ്ലോർ ഏരിയ | പെർമിറ്റ് നമ്പർ |
|---|---|---|---|---|---|---|
| 1 | 2520/ 21 03.04.2021 | റാഫി പുലിപ്പാറ | ലഭ്യമല്ല | ഡെവലപ്പ്മെന്റ് പെർമിറ്റ് | ലഭ്യമല്ല | നൽകിയിട്ടില്ല |
| 2 | 4342/21 29.07.2021 | മുഹമ്മദ് റാഫി | 2268/3-2 2268/3-3 | പാർപ്പിടം | 199.06 | A3/4342 /2022(26)A 18.04.2022 |
| 3 | 5652/21 | അഫ്സൽ അഷ്റഫ് | 383/4-1 383/4-2 | പാർപ്പിടം | 369.43 | A3/BA 301741/21 02.12.21 |
| 4 | 5652/21 | അഫ്സൽ അഷ്റഫ് | 383/4-1 383/4-2 | ഡെവലപ്പ്മെന്റ് പെർമിറ്റ് പാർപ്പിടം | 229.06 | A3/BA 301733/21 02.12.21 |
| 5 | 3850/21 13.07.2021 | മുഹമ്മദ് ഹുസൈൻ | 128/9 | പാർപ്പിടം | 159.66 | B2/BA 224926/2021 04.10.21 |

നിയമാനുസൃത സമയപരിധി പാലിക്കുന്നതിലും സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ നൽകുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല

പെർമിറ്റ് പ്രകാരം അനുവദനീയമായ ഏരിയയിൽ അധികമായി നിർമ്മിച്ചതിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല. 1 മുതൽ 50 വരെയുള്ള നമ്പറിംഗ് ഫയലുകൾ മാത്രം പരിശോധിച്ചതിലാണ് ഇത്തരത്തിൽ ക്രമവത്കരണ ഫീസ് ഒടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടത്. ഈ വിഷയം ഓഡിറ്റ് എൻക്വയറി (നം 46 /2021-22 ) യിലൂടെ പഞ്ചായത്തധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ര | ഫയൽ നം | കെട്ടിട | പെർമിറ്റ് | പൂർത്തീകരണ | രാജിയാക്കൽ |
|---|---|---|---|---|---|

| നം | | ഉടമയുടെ പേര് | പ്രകാരമുള്ള പ്ലിന്ത് ഏരിയ | റിപ്പോർട്ട് പ്രകാരമുള്ള പ്ലിന്ത് ഏരിയ | ഫീസ് |
|---|---|---|---|---|---|
| 1 | A3/5352/21 13/09/21 | നിഖിൽ മുരളി, ജിൻസി | 168.01 M | 175.57 | 7.56*2*7= 105.84 |
| 2 | A3/4770/21 16.08.2021 | മുഹമ്മദ് ഹസൻ | 188.69 M | 235.78 | 47.09*2*7= 659.26 |
| 3 | A3/4604/2021 09/08/2021 | ലക്ഷ്മി വി നായർ | 112.71 | 128.16 | 15.45*2*7 = 216.3 |
| 4 | A3/4672/2021 11.08.2021 | അൻഷാദ് എം | 110.07 | 117.34 | 7.27*2*7 = 101.78 |

നമ്പറിംഗ് ഫയലുകൾ പൂർണമായി പരിശോധിച്ച് രാജിയാക്കൽ ഫീസ് ഈടാക്കാത്ത കേസുകളിൽ മുഴുവൻ തുകയും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ ഊർജ്ജിതമാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1646 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വളർത്തു നായകൾക്ക് ലൈസൻസ് രജിസ്റ്റർ പരിപാലിച്ചതിൽ 13 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 42/2021-22 ,01.02.2023 ക്ക് ഗ്രാമപഞ്ചായത്തും മൃഗസംരക്ഷണവകുപ്പും ചേർന്ന് വാക്സിനേഷൻ ഡ്രൈവ് നടത്തിയതായും വാക്സിനേഷൻ നൽകുന്നത് സംബന്ധിച്ച് നോട്ടീസ് നൽകിയതായും അറിയിച്ചു.

## 1-16 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3, 4, 5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാട്ടുള്ളതല്ല. ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റു വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതും ടി സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി അപേക്ഷകനു ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2021-22 വർഷം രജിസ്ട്രേഷൻ നൽകിയതിന്റെ/ പുതുക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 42/2021-22 ,01.02.2023 ക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷം രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല .

1.വൈദ്യ മന്ദിരം ആയുർവേദ സിദ്ധയുനാനി ചികിത്സാലയം

2.ആയുഷ് ഔഷധശാല

3.റോസ് ദന്തൽ ക്ലിനിക്ക്

4.എസ് എൻ ക്ലിനിക്കൽ ലബോറട്ടറി

5.ജെ ബി ദന്തൽ ക്ലിനിക്ക് & ഓർത്തോഡോണ്ടിക് സെന്റർ

6.മെഡിലാബ്സ് ലബോറട്ടറി

7. ഡോ. നസ്രിൻസ് ഡെന്റൽ ക്ലിനിക്ക്

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ 3(1)-ാം ചട്ടം പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല.

2021-22 വർഷത്തെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പരിശോധിച്ചതിൽ തൻ വർഷം ഒരു സ്ഥാപനവും രജിസ്ട്രേഷൻ പുതുക്കുകയോ എടുക്കുകയോ ചെയ്തിട്ടില്ല. ചുവടെ ചേർക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകാത്തതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 42/2021-22 ,01.02.2023 ക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് വ്യാപനം കാരണമാണ് ഇത്തരത്തിൽ രജിസ്ട്രേഷൻ നൽകാതിരുന്നത് എന്നറിയിച്ചു.

1. എം.റ്റി എം ഹോം സ്കൂൾ പുലിപ്പാറ

2. ട്രിവാൻഡ്രം ബ്രൈറ്റ് എൻട്രൻസ് അക്കാഡമി

3. വിശ്വഭാരതി ട്യൂഷൻ സെന്റർ

4. ശാസ്ത്ര ട്യൂഷൻ സെന്റർ

5. നളന്ദ കോളേജ് & കമ്പ്യൂട്ടേഴ്സ്

6. ജീനിയസ് ട്യൂഷൻ സെന്റർ

7. മാർഷൽ ട്യൂഷൻ സെന്റർ

8. എക്സാം മേറ്റ് പി എസ് സി കോച്ചിംഗ് സെന്റർ

9. യുണൈറ്റഡ് അക്കാദമി

മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 വാടക പിരിവ് - അപാകങ്ങൾ

1. ഗ്രാമ പഞ്ചായത്തിലെ 2021 -22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചില കടമുറികളുടെ വാടക ഏഴ് മാസം വരെ ഒഴിവാക്കി നൽകിയിട്ടുണ്ട്. , ജി ഒ (എം എസ്) നമ്പർ 261/2021/LSGD Dt 06.11.21 പ്രകാരം മേയ്, ജൂലൈ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലാണ് ഇളവ് നൽകിയിട്ടുള്ളത്.

സ.ഉ സാധാ നമ്പർ 1278/2020 തസ്വഭവ തീയതി 29/6/2020 പ്രകാരം ലോക്ഡൌൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ എന്നും വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ഈ കാലയളവിൽ പ്രവർത്തിച്ചില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് എന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിൻമേൽ റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന /വികസന അതോറിറ്റി തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് വ്യാപാരികൾക്ക് വാടകയിൽ ഇളവ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 1/21-22 25.01.23)ക്ക് മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവുകളിൽ അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കുവാൻ ഭരണസമിതി ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2. വാടക രജിസ്ററർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസ വാടക ( ജി എസ് റ്റി ഉൾപ്പെടെ) | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | റൂം നം. II, പാങ്ങോട് | സക്കീർ ഹുസൈൻ | 5310 | 04/21 മുതൽ 12/21വരെ |
| 2 | റൂം നം. VI, പാങ്ങോട് | സക്കീർ ഹുസൈൻ | 8850 | 04/21 മുതൽ 09/21 വരെ, 11/21 മുതൽ 12/21വരെ |
| 3 | റൂം നം. IX, പാങ്ങോട് | വിജയകുമാർ | 9322 | 06/21, 01/22മുതൽ 03/22 വരെ |
| 4 | റൂം നം. XI, പാങ്ങോട് | ഷഹർബാൻ | 6597 | 06/21, 01/22മുതൽ 03/22 വരെ |
| 5 | റൂം നം VI ഭരതന്നൂർ | വിഘ്നേശ്വരൻ നായർ | 4577 | 04/21 മുതൽ 03/22 വരെ |
| 6 | റൂം നം VII ഭരതന്നൂർ | സഫീറുദ്ദീൻ | 5034 | 04/21 മുതൽ 03/22 വരെ |
| 7 | റൂം നം VIII ഭരതന്നൂർ | സഫീറുദ്ദീൻ | 2791 | 04/21 മുതൽ 03/22 വരെ |
| 8 | റൂംനം IX ഭരതന്നൂർ | സജിതകുമാരി | 2748 | 04/21 മുതൽ 03/22 വരെ |
| 9 | റൂം നം X ഭരതന്നൂർ | ബാബു | 2403 | 04/21 മുതൽ 03/22 വരെ |

3. ഭരതന്നൂർ ഷോപ്പിംഗ് കോംപ്ലക്സിൽ റൂം നം IV കെ എസ് ഇ ബി വാടകയ്ക്ക് നൽകിയിട്ടുള്ളതായി വാടക രജിസ്റ്ററിൽ നിന്നും ബോധ്യപ്പെട്ടു. എന്നാൽ കെ എസ് ഇ ബി യിൽ തൻവർഷം വാടക ഈടാക്കിയിട്ടില്ല. കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ, വാടക ഒഴിവാക്കി നൽകിയതിന്റെ കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 1/21-22, 25.01.23) നൽകിയെങ്കിലും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല .

## 1-19 അഗതി രഹിത കേരളം - നടത്തിപ്പിലെ അപാകങ്ങൾ

| | I | II | III |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0023/21 – 22 | S0118/21 – 22 (Spill Over) | S0117/21 – 22 (Spill Over) |
| പ്രോജക്ടിന്റെ പേര് | അഗതി രഹിത കേരളം | അഗതി രഹിത കേരളം | അഗതി രഹിത കേരളം |
| അടങ്കൽ | 1000000വിഫ (ജനറൽ) | 250000വിഫ (ജനറൽ) | 50000 തനതു ഫണ്ട് |
| ചെലവ് | 600000 | 200000 | 50000 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി | | |

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. ഇതു സംബന്ധിച്ച് സ . ഉ(എംഎസ്) നം 252/2017/തസ്വഭവ തി. 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്.കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. പാങ്ങോട് ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായാണ് തുക വകയിരുത്തിയിട്ടുള്ളത്. ഭവന പുനരുദ്ധാരണത്തിനായി 100000/- രൂപ വീതം നൽകുന്നു.

ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു. (അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറി നം 64/2021-22,02.02.2023 ക്ക് നൽകിയ മറുപടി പരിഗണിച്ച് തയ്യാറാക്കിയത്.)

പൊതു അപാകങ്ങൾ

1. സ്റ്റേജ് റിപ്പോർട്ടിൽ പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി, പരിശോധകൻ/നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പൂരിപ്പിച്ച് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. കൈപ്പറ്റ് രസീതിൽ തുകയോ കെട്ടിടത്തിന്റെ സ്റ്റേജോ രേഖപ്പെടുത്തിയിട്ടില്ല.

4. ഗുണഭോക്താവും പഞ്ചായത്തധികൃതരും ചേർന്ന് ചമച്ച കരാറിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ എല്ലാ കരാറും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. കൈവശാവകാശ രേഖ (അസൽ), സൈറ്റ് പ്ലാൻ എന്നിവ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

6. ഗ്രാമസഭയിൽ /പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനായി ഗുണഭോക്താക്കൾക്ക് മുൻപ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തൽ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

8. ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം നൽകിയ അപേക്ഷ ലഭ്യമാക്കേണ്ടതാണ്.

9. ഭവന നിർമ്മാണം പൂർത്തിയാക്കി കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞിട്ടുണ്ട് എന്ന സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

10. ഒന്നാംഗഡു കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

I. ലതിക ജെ, ബ്ലോക്ക് നമ്പർ 599, ആമത്തറ, മൈലമൂട് .

## 1-20 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 32 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/27.01.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 1 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 1 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 3 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 2 |
| 6 | കളിസ്ഥലം ഇല്ലാത്തവ | 2 |
| 7 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | ഇല്ല |
| 8 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 1 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 1 |
| 10 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 1 |
| 11 | വൈദ്യുതി ഇല്ലാത്തവ | ഇല്ല |
| 12 | പ്രഥമശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | 32 |
| 13 | പാചകവാതക സൗകര്യം ഇല്ലാത്തവ | ഇല്ല |
| 14 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | ഇല്ല |
| 15 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | ഇല്ല |
| 16 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | ഇല്ല |

| | | |
|---|---|---|
| 17 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | ഇല്ല |

കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 2021-22 വർഷത്തെ നീക്കിയിരിപ്പ് (ബി4-(320100121 – ICDS ) 3417409/- രൂപ ആണ്. സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിലെ അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ന്യൂട്രിമിക്സിന്റെ (THRS) ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിന് കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്ന് വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീലനം നേടിയ അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉല്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതു സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. 2021-22 കാലയളവിൽ പരിശോധനയ്ക്കായി അയച്ച ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/28.01.2023 ന് മറുപടിയായി 28.05.2022 ന് ലഭിച്ച പരിശോധനാ റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്. കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-22 അങ്കണവാടി പോഷകാഹാര വിതരണം -കൃത്യമായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനായി 2021-22 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| S0030/21-22 ( അങ്കണവാടി പോഷകാഹാരം - ജനറൽ) | | S0031/21-22 ( അങ്കണവാടി പോഷകാഹാരം - എസ്.സി.പി) | |
|---|---|---|---|
| അടങ്കൽ | 22,00,000/-<br>( വി.ഫ.പൊ.വി - 18,00,000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 4,00,000/-) | അടങ്കൽ | 6,00,000/-<br>( വി.ഫ.പൊ.വി - 4,00,000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 2,00,000/-) |
| ചെലവ് | 22,00,000/-<br>( വി.ഫ.പൊ.വി - 18,00,000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 4,00,000/-) | ചെലവ് | 6,00,000/-<br>( വി.ഫ.പൊ.വി - 4,00,000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 2,00,000/-) |
| നിർവഹണം | | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |

അനുപൂരകപോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന ടി.എച്ച്.ആർ.എസ് മിശ്രിതം, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിനായി കൃത്യമായ രീതിയിലുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ സ്ഥാപനങ്ങളിൽ നിന്നുള്ള ഇൻവോയ്സ് നം/തീയതി, തുക എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാകുന്ന ഭക്ഷണ സാധനങ്ങൾ അങ്കണവാടികളിൽ വിതരണം ചെയ്യുന്ന വിവരം പേപ്പറിൽ രേഖപ്പെടുത്തി, ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ഒട്ടിച്ചു ചേർക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I-ലെ ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ

ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാത്തത് സംബന്ധിച്ച പരാമർശമുണ്ടായിരുന്നിട്ടും നിലവിലും തൽസ്ഥിതി തുടരുന്നതായാണ് കാണുന്നത്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 28/30.01.2023) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-23 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ മുഖേനയുള്ള വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല

2021 -22 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം സിഡ്കോ മുഖേന നടത്തിയ വാങ്ങലുകളിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

| S0122/22 – ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യ വികസനം | | S0157/22 – ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ | | S0156/2021-22 – അങ്കണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ | |
|---|---|---|---|---|---|
| അടങ്കൽ | 1153224<br>(153224/ – വി.ഫ.ജ<br>1000000/- ബ്ലോക്ക് . പ.വിഹിതം) | അടങ്കൽ | 1250000/-<br>(സംസ്ഥാനാവിഷ്കൃത ഫണ്ട്) | അടങ്കൽ | 100000/-<br>(വി.ഫ.പൊ.വി - 25000/-<br>തനത് ഫണ്ട് - 75000/-) |
| ചെലവ് | 1152765/-<br>(152810/ – വി.ഫ.ജ<br>999955/- ബ്ലോക്ക് . പ.വിഹിതം) | ചെലവ് | 1249842/- | ചെലവ് | 95193/-<br>(വി.ഫ.പൊ.വി - 25000/-<br>തനത് ഫണ്ട് - 70193/-) |
| ബിൽ നം. | 375/14.03.2022 തുക 152810/-<br>382/16.03.2022 തുക 999955/- | ബിൽ നം. | 383/16.03.2022 തുക 1249842/- | ബിൽ നം. | 433/23.03.2022 തുക 70193/-<br>432/23.03.2022 തുക 25000/- |

സ.ഉ(സാധാ)നം.33/2021/എസ്.പി.ഡി തീയതി 22.11.2021 പ്രകാരം സിഡ്കോ നിർമ്മിച്ച തടി, സ്റ്റീൽ, ഹോസ്പിറ്റൽ ഫർണീച്ചർ എന്നിവ മാത്രമാണ് ടെൻഡർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നേരിട്ട് വാങ്ങാൻ അനുമതി നൽകിയിട്ടുള്ളത്. മറ്റ് ഇനങ്ങൾ 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ടെൻഡർ മുഖേന വാങ്ങൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സിഡ്കോ നിർമ്മിക്കാത്ത സാധനങ്ങൾ മേൽ പ്രോജക്ടുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്. ഏതാനുംഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) S0122/22 – ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യ വികസനം- ഇൻവോയ്സ് നമ്പർ 220/ 26.02.2022

| ക്രമ നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | വാട്ടർ പ്യൂരിഫയർ | 41406.78 |
| 2 | ചൈൽഡ് ഫ്രണ്ട്‌ലി പെയ്ന്റിംഗ് ( 3 ക്ലാസ് റൂം) | 2,22,152.55 |

2) S0157/22 – ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ- ഇൻവോയ്സ് നമ്പർ 221/ 26.02.2022

| ക്രമ നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | Projector – Sony ( 3 Nos) | 1,51,524 |
| 2 | Manual Pull Down Screen ( 3 Nos) | 20,340 |
| 3 | Smart TV ( 3 Nos) | 1,01,442 |
| 4 | Home Theatre( 3 Nos) | 55,929 |
| 5 | Computer | 25314 |
| 6 | Original Windows | 8458 |
| 7 | Printer | 11441 |

| | | |
|---|---|---|
| 8 | Wifi & Modem | 4449 |
| 9 | Installation Charge | 13390 |
| 10 | Therapy Ball | 1725 |
| 11 | Therapy Mat | 4227.12 |
| 12 | Multi Gym Excerciser | 44800.85 |
| 13 | Alphabet Picture Matching Puzzle | 1942.37 |
| 14 | Puzzle Set | 6881.36 |
| 15 | Eye Hand Co Ordination Set | 7033.90 |
| 16 | Sensory Kit | 6881.36 |

3) S0156/2021-22 - അങ്കണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ - ഇൻവോയ്സ് നമ്പർ 272/ 19.03.2022

| ക്രമ നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | Supply & Installation Of ACP Name Board ( 32 Nos) | 95193 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (30/30.01.2023 ) മറുപടിയായി സിഡ്കോ മുഖേനയുള്ള വാങ്ങലുകൾ പ്രോജക്ടിൽ അംഗീകരിച്ചതിനാലാണ് ഇത്തരത്തിലുള്ള വാങ്ങലുകൾ നടത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് മാത്രം വാങ്ങലുകൾ നടത്തേണ്ടതുമാണ്.

## 1-24 ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0033/2021-22 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 205200/- വി.ഫ.ജ |
| ചെലവ് | 205200/- |
| ബിൽ നമ്പർ | 156/30.12.2021 തുക 144000<br>204/15.01.2022 തുക 61200/- |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം സ്കോളർഷിപ്പ് ലഭിച്ച മുഹമ്മദ് ഫൈസൽ.എഫ്, എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിൽ പ്രസ്തുത വിദ്യാർത്ഥിക്ക് സെറിബ്രൽ പൾസി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ.ഉ (സാധാ) നം. 181/2020/ ത.സ്വ.ഭ.വ തീയതി 23/01/2020 പ്രകാരം സെറിബ്രൽ പൾസി, ഓട്ടിസം, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവയുള്ളവരെ മാനസിക വെല്ലുവിളി നേരിടുന്നവരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മാനസിക വൈകല്യമുള്ളവരുടെ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിക്ക് ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

2. ആനുകൂല്യം ലഭിച്ച 18 വിദ്യാർത്ഥികളിൽ 15 പേർക്ക് ( ക്രമ നം. 1,7, 16 ഒഴികെ) സ്കോളർഷിപ്പ് തുക അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|---|
| 1 | അക്ബർഷാ | വൊക്കേഷണൽ പരിശീലനം | 13400 | 13500 |
| 2 | ആഷ്ന.എസ് | 4 | 9400 | 5300 |
| 3 | ശരണ്യ.പി | ബിരുദം | 13400 | 13000 |
| 4 | അശ്വതി.എ.എസ് | 10 | 12400 | 8000 |

| | | | | |
|---|---|---|---|---|
| 5 | ശ്രീരാജ്.എസ് | 7 | 11400 | 6600 |
| 6 | സാന്ദ്ര.എസ്.രതീഷ് | 8 | 12400 | 6600 |
| 7 | ഷബ്ന.എ | വൊക്കേഷണൽ പരിശീലനം ( ബഡ്സ് സ്കൂൾ) | 13400 | 13500 |
| 8 | മുഹമ്മദ് റാഷിദ്.ജെ | 9 | 12400 | 8000 |
| 9 | വൈഗ.എസ്.ആർ | 4 | 9400 | 5300 |
| 10 | അസ്ന.എ | 9 | 12400 | 8000 |
| 11 | ആസിയ ജെ.എസ് | ബി.എ | 13400 | 13000 |
| 12 | ശിവാനി വി.എസ് | 8 | 11400 | 6600 |
| 13 | ആകാശ്.പി | 8 | 10400 | 6600 |
| 14 | സുഹദ്.എ | 6 | 9400 | 6600 |
| 15 | അഞ്ജന.എൽ.എ | 6 | 9400 | 6600 |
| 16 | മുഹമ്മദ് ഫൈസൽ.എഫ് (*) | 2 | 9400 | 28500 |
| 17 | ദേവതീർത്ഥ എസ്.സി | 3 | 8400 | 5300 |
| 18 | ശ്രീലക്ഷ്മി.എസ് | ബി.എ | 13400 | 13000 |

(* ക്രമ നം.16 മുഹമ്മദ് ഫൈസൽ.എഫ്, മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥിയാണ്. )

1അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 06/27.01.2023) ന് മറുപടിയായി അപേക്ഷകൾ കൃത്യസമയത്ത് ലഭിക്കാത്തതിനാൽ വിശദമായ പരിശോധന നടത്താൻ കഴിഞ്ഞിരുന്നില്ലായെന്നും ആയതിനാലാണ് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിക്ക് ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പ് അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ട് യഥാസമയം ചെലവഴിച്ചില്ലെങ്കിൽ മേലധികാരികൾ വിളിച്ചുചേർക്കുന്ന യോഗത്തിൽ മറുപടി പറയേണ്ടി വരുമെന്ന കാരണത്താലാണ് വകയിരുത്തിയ മുഴുവൻ തുകയും സ്കോളർഷിപ്പായി നൽകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. 14.02.2018-ലെ സ.ഉ.(കൈ)നം.22/2018/തസ്വഭ ഖ.7.1.6 -ൽ ശാരീരിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് അനുവദിക്കാവുന്ന തുക വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും തുടർവർഷങ്ങളിൽ അധികമായി അനുവദിച്ച തുക ക്രമീകരിക്കേണ്ടതുമാണ്.

## 1-25 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0032/2021-22 |
| പ്രോജക്റ്റിന്റെ പേര് | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 1596000/-<br>( വി.ഫ.ജ – 798000/-<br>ബ്ലോ. പ. വിഹിതം - 399000/-<br>ജി.പ.വിഹിതം - 399000/- ) |
| ചെലവ് | 1596000/-<br>( വി.ഫ.ജ – 798000/-<br>ബ്ലോ. പ. വിഹിതം - 399000/-<br>ജി.പ.വിഹിതം - 399000/- ) |
| ബിൽ നമ്പർ | 45/12.10.2021 തുക 372000/- |

| | |
|---|---|
| | 58/20.10.2021 തുക 372000/-<br>59/20.10.2021 തുക 372000/-<br>154/30.12.2021 തുക 310000/-<br>156/30.12.2021 തുക 27000/-<br>203/15.01.2022 തുക 116000/-<br>435/23.03.2022 തുക 27000/- |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പ്രോജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പ്രതിവർഷം 28500 രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ടിന്റെ ഗുണഭോക്താക്കളായ 62 കുട്ടികളിൽ "അർജ്ജുൻ.എസ് " എന്ന കുട്ടിക്ക് സ്കോളർഷിപ്പായി 25800/- രൂപയും മറ്റ് 61 വിദ്യാർത്ഥികൾക്കും 25740/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

2. സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളായ കൈലാസ്.ഡി, ഷിനാസ് എന്നിവരുടെ അപേക്ഷകളിൽ , പ്രസ്തുത വിദ്യാർത്ഥികൾ ഏത് സ്ഥാപനത്തിലാണ് പഠിക്കുന്നത് എന്നത് സംബന്ധിച്ച വിവരം രേഖപ്പെടുത്തുകയോ ആയത് സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (5/27.01.2023) മറുപടിയായി ഫണ്ട് അപര്യാപ്തമായതിനാലാണ് അർഹമായ സ്കോളർഷിപ്പ് തുക മുഴുവൻ അനുവദിക്കാൻ കഴിയാതെ പോയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൈലാസ്.ഡി, ഷിനാസ് എന്നീ വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം. 11/2018/തസ്വഭവ, തീ.29.01.2018 പദ്ധതി മാർഗരേഖ ഖണ്ഡിക 5.2.1(4) പ്രകാരം വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നീക്കി വെക്കേണ്ട ഇനമാണ് ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും. തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പിന്റെ 21.04.21-ലെ ഡി എ 1/401/2019-നമ്പർ സർക്കുലർ പ്രകാരം മേൽ പദ്ധതിയ്ക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 25.01.19- ലെ ഡി.എ.1/19 /2019/തസ്വഭവ നം. സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മുഴുവൻ സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകുന്നതിനും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന പഞ്ചായത്തിന് കൈമാറുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായി മതിയായ തുക മാറ്റിവെക്കുന്നുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ സി.ഡി.പി.ഒ എന്നിവർ ഉറപ്പുവരുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും അർഹമായ പരമാവധി തുക ലഭ്യമാകുന്ന വിധത്തിൽ ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വയോജന ക്ലബ് - പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0036/2021-22 |
| പ്രോജക്ടിന്റെ പേര് | വയോജന ക്ലബ് |
| അടങ്കൽ | 86000/-<br>( വി.ഫ.പൊ.വി - 50000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 18000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 18000/-) |
| ചെലവ് | 24701 /- ( വി.ഫ.പൊ.വി ) |
| ബിൽ നമ്പർ | 396/18.03.2022 തുക 16600/-<br>434/23.03.2022 തുക 5601/- |

| | |
|---|---|
| | 438/24.03.2022 തുക 2500/- |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

കേരള സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി വയോജനങ്ങളുടെ വിനോദത്തിനും പകൽ സമയത്തെ വിശ്രമത്തിനുമായി പാങ്ങോട് ഗ്രാമപഞ്ചായത്തിലെ പാങ്ങോട്, ഭരതന്നൂർ, വട്ടക്കരിക്കകം എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 3 വയോജന ക്ലബുകൾ ആരംഭിക്കുന്നതിനും ടി കെട്ടിടങ്ങളുടെ വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ നൽകുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പ്രസ്തുത പ്രോജക്ട് പ്രകാരമുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ബിൽ നം/ തുക | ഇനം |
|---|---|
| 396/18.03.2022 തുക 16600/- | വയോജനങ്ങളുടെ സമ്മേളനത്തിന്റെ ഫോട്ടോ കവറേജ് - 3000/-<br>ഭക്ഷണം - 13,600/- |
| 434/23.03.2022 തുക 5601/- | Dream Land Wedding Centre – ൽ നിന്ന് പൊന്നാട വാങ്ങിയത് - 4800/-<br>Glucometer Strips - 801/ |
| 438/24.03.2022 തുക 2500/- | മദ്രസാ ഹാൾ ചെലവ് - 2000/-<br>ഓഡിറ്റോറിയം വൃത്തിയാക്കിയത് - 500/- |

പാങ്ങോട്, ഭരതന്നൂർ, വട്ടക്കരിക്കകം എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വയോജന ക്ലബുകൾ ആരംഭിച്ചിട്ടില്ല. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (29/30.01.2023 ) കോവിഡ് സാഹചര്യമായിരുന്നതിനാലും വയോജന ഫണ്ട് ചെലവാക്കേണ്ടതിനാലുമാണ് പ്രോജക്ട് പ്രകാരം വയോജനങ്ങളുടെ സമ്മേളനത്തിനായി തുക ചെലവഴിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ വേളയിൽ നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രം തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ബഡ്സ് സ്കൂൾ വികസനത്തിനായി വാങ്ങിയ ഉപകരണങ്ങൾ സ്ഥലപരിശോധനയിൽ കണ്ടെത്താനായില്ല -496673.19/- രൂപ നിരാകരണം,1905933.81/- രൂപ തടസ്സം

സ.ഉ(എം.എസ്) നം. 20/2018/ തസ്വഭവ തീയതി 07.02.2018 ഉത്തരവ് പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ബഡ്സ് സ്കൂളും ബഡ്സ് പുനരധിവാസ കേന്ദ്രവും ആരംഭിക്കാവുന്നതാണെന്നും ഒരു കേന്ദ്രം ആരംഭിക്കുമ്പോൾ അവയിൽ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ക്ലാസ് മുറികൾ, ഫിസിയോതെറാപ്പി മുറി, ശുചി മുറികൾ, ഒക്കുപ്പേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, ഓഫീസ് മുറി, ഭക്ഷണ മുറി, വൊക്കേഷണൽ പരിശീലന മുറി, അടുക്കള, വിനോദ മുറി / സ്ഥലം എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ബഡ്സ് സ്കൂൾ കെട്ടിടത്തിൽ മൂന്ന് ക്ലാസ് മുറികൾ, ഒരു അടുക്കള, ഒരു ശുചിമുറി, ആവശ്യകത എന്തെന്ന് രേഖപ്പെടുത്താത്ത മറ്റ് മൂന്ന് മുറികൾ, കളിസ്ഥലം എന്നിവയാണുള്ളത്.

പാങ്ങോട് പഞ്ചായത്തിൽ ബഡ്സ് സ്കൂൾ കെട്ടിടം ഉദ്ഘാടനം 30.09.2020-ൽ നടന്നു. ഓഡിറ്റ് തീയതി വരെയും ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കോവിഡ് സാഹചര്യമായതിനാലാണ് പ്രവർത്തനം ആരംഭിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. സ.ഉ (കയ്യെഴുത്ത് )നം 144/2013/ത.സ്വ.ഭ.വ തീ.06/4/13 പ്രകാരം ബഡ്സ് സ്കൂൾ മനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം ഇതിന് മുൻകൈ എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തിയായ ബഡ്സ് സ്കൂളുമായി ബന്ധപ്പെട്ട് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന സൗകര്യ വികസനം, ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികളുടെ നിർവഹണത്തിന് കാലതാമസം നേരിട്ടതിനാൽ ICDSസൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ ടി പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആക്കുന്നതിന്റെ ഭാഗമായി ശ്രീമതി അശ്വതി പ്രദീപ്(ക്ഷേമകാര്യ സ്റ്റാൻറിംഗ്കമ്മിറ്റിചെയർപേഴ്സൻ) ചെയർമാനായും ശ്രീ.അൻവർ(ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ) വൈസ് ചെയർമാനായും ഒരു സബ്കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയുടെ കൺവീനറായി അസിസ്റ്റൻറ് സെക്രട്ടറിയെയും ജോയിൻറ് കൺവീനറായി ICDS സൂപ്പർവൈസറെയും ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ ശ്രീമതി ബിന്ദു(വാർഡ് മെമ്പർ), ശ്രീ.ഷാനവാസ്(വാർഡ്

മെമ്പർ), ശ്രീ ഗിരിപ്രസാദ്(വാർഡ് മെമ്പർ) എന്നിവരും ഈ സബ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ബഡ്സ് സ്കൂൾ സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ടി സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി 09/12/2021 – ലെ 1(27) നമ്പർ ഭരണസമിതി തീരുമാനം എടുത്തിരുന്നു.

ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കുമായി 2021 -22 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| S0122/22 – ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യ വികസനം | | S0157/22 – ബഡ്സ് സ്കൂളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | |
|---|---|---|---|
| അടങ്കൽ | 1153224 (153224/ – വി.ഫ.ജ 1000000/- ബ്ലോക്ക് . പ.വിഹിതം) | അടങ്കൽ | 1250000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1152765/- (152810/ – വി.ഫ.ജ 999955/- ബ്ലോക്ക് . പ.വിഹിതം) | ചെലവ് | 1249842/- |
| ബിൽ നം. | 375/14.03.2022 തുക 152810/- 382/16.03.2022 തുക 999955/- | ബിൽ നം. | 383/16.03.2022 തുക 1249842/- |

02.02.2023 തീയതിയിയിൽ ബഡ്സ് സ്കൂളിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രോജക്ടുകൾ മുഖേന വാങ്ങിയ വിവിധ സാധനങ്ങൾ കണ്ടെത്താൻ സാധിച്ചിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 55/ 02.02.2023) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലപരിശോധന റിപ്പോർട്ടിലെ വസ്തുതകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ അംഗീകരിച്ചിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17.02.2023 തീയതിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ വീണ്ടും ബഡ്സ് സ്കൂളിൽ സ്ഥല പരിശോധന നടത്തിയെങ്കിലും സാധനങ്ങൾ പൂർണ്ണമായും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

എ) പ്രോജക്ട് നം. 157/22 – ബഡ്സ് സ്കൂളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി മുഖേന ഇൻവോയ്സ് നം.221/2021-22 തീയതി 26.02.2022 പ്രകാരം ലഭിച്ച സാധനങ്ങളിൽ കണ്ടെത്താൻ കഴിയാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാധനം | വാങ്ങിയ എണ്ണം (ഇൻവോയ്സ് പ്രകാരം) | ഒരെണ്ണത്തിന്റെ വില | ആകെ വില | സ്ഥല പരിശോധനയിൽ കണ്ടെത്തിയവ | കണ്ടെത്താൻ കഴിയാത്തവയുടെ വില |
|---|---|---|---|---|---|---|
| 1 | Office Table 4X2 | 3 | 8898 | 26694 | 0 | 26694 |
| 2 | Chair | 3 | 4619 | 13857 | 0 | 13857 |
| 3 | Almirah | 3 | 11483 | 34449 | 0 | 34449 |
| 4 | Computer Table | 1 | 2966 | 2966 | 0 | 2966 |
| 5 | Computer Chair | 1 | 5508 | 5508 | 0 | 5508 |


| | | | | | | |
|---|---|---|---|---|---|---|
| 6 | Office Rack | 3 | 6763 | 20289 | 0 | 20289 |
| 7 | Printer | 1 | 11441 | 11441 | 0 | 11441 |
| 8 | Wifi & Modem | 1 | 4449 | 4449 | 0 | 4449 |
| 9 | Weight Cuff Set | 1 | 2534.75 | 2534.75 | 0 | 2534.75 |
| 10 | Scooter Board | 1 | 3670.34 | 3670.34 | 0 | 3670.34 |
| 11 | Bolt Star Set | 1 | 3450 | 3450 | 0 | 3450 |
| 12 | Wedge | 1 | 1445.76 | 1445.76 | 0 | 1445.76 |
| 13 | Gymnic Ball | 1 | 3187.29 | 3187.29 | 0 | 3187.29 |
| 13 | Special Chair For Disabled | 1 | 7563.56 | 7563.56 | 0 | 7563.56 |
| 14 | Spring Rocker Duck | 2 | 11568 | 23136 | 1 | 11568 |
| 15 | Rocker Duck | 2 | 7415 | 14830 | 0 | 14830 |
| 16 | Garden Bench | 2 | 15978 | 31956 | 1 | 15978 |
| കണ്ടെത്താൻ കഴിയാത്ത സാധനങ്ങളുടെ ആകെ വില | | | | | | 183880.7 |

സ്ഥല പരിശോധനയിൽ കണ്ടെത്തിയ 3 പ്രൊജക്ടറുകൾ "Benq" എന്ന കമ്പനിയുടേതാണ്. എന്നാൽ ബില്ലിൽ 3 വർഷം വാറന്റിയുള്ള "SONY" പ്രൊജക്ടർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കൂടാതെ ബഡ്സ് സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള Home Theatre "IMPEX" എന്ന കമ്പനിയുടേതാണ്. എന്നാൽ ബില്ലിൽ "Zebronics" എന്ന കമ്പനിയുടെ Home Theatre എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സിഡ്കോ മുഖാന്തിരം ലഭ്യമായ സാധനങ്ങളുടെ ആധികാരികത നിർവഹണ ഉദ്യോഗസ്ഥയോ ഇതിനായി രൂപീകരിച്ച സബ്കമ്മിറ്റിയോ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്.

ഇവ കൂടാതെ പ്രോജക്ട് മുഖേന വാങ്ങിയ കമ്പ്യൂട്ടർ (വില – 25314/- രൂപ) പ്രവർത്തിപ്പിക്കാതെ കവറിൽ തന്നെ (മോണിറ്റർ, സി.പി.യു , കീബോർഡ് പ്രത്യേകം) സൂക്ഷിച്ചിരിക്കുകയാണ്. സിഡ്കോ മുഖാന്തിരം വാങ്ങിയ Original Windows Software ( 8458/- )ഇൻസ്റ്റാൾ ചെയ്തിട്ടില്ല. എന്നിരുന്നാലും ഇൻസ്റ്റലേഷൻ ചാർജസ് ഇനത്തിൽ 13390/- രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. Windows Software ഇൻസ്റ്റാൾ ചെയ്ത് കമ്പ്യൂട്ടർ പ്രവർത്തന ക്ഷമമാണെന്ന് സിഡ്കോ ഏജന്റ് ബോധ്യപ്പെടുത്തിയിരുന്നുവെന്ന് ഐ,സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ സി പി യു, മോണിറ്റർ, കീബോർഡ് എന്നിവ പ്രത്യേകം പ്രത്യേകം കവറുകളിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.



ഇൻസ്റ്റാൾ ചെയ്യാതെ ഇൻസ്റ്റലേഷൻ ഇനത്തിൽ നൽകിയ 13390/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. പ്രോജക്ട് നം.

157/22 പ്രകാരം വാങ്ങിയ സാധനങ്ങളിൽ കണ്ടെത്താൻ കഴിയാത്ത ആകെ സാധനങ്ങളുടെ വിലയായ 183880.7/- രൂപയും ഇൻസ്റ്റലേഷൻ ചാർജസ് ഇനത്തിൽ സിഡ്കോയ്ക്ക് നൽകിയ 13390/- രൂപയും ഉൾപ്പെടെ 197270.7/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. അതോടൊപ്പം ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ച് മേൽ പ്രോജക്ട് മുഖേന വാങ്ങിയ സാധനങ്ങൾ ഉപയോഗക്ഷമമാക്കുന്നതു വരെ ബാക്കി ചെലവ് തുകയായ 1052571.3/- (1249842 – 197270.7) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ബി) പ്രോജക്ട് നം. 122/22 – അടിസ്ഥാന സൗകര്യ വികസനത്തിനായി വാങ്ങിയ ഇൻവോയ്സ് നം.220/2021-22 , 222/2021-22 തീയതി 26.02.2022 പ്രകാരം ലഭിച്ച സാധനങ്ങൾ പൂർണ്ണമായും സ്ഥലപരിശോധനയിൽ കണ്ടെത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാധനം | വാങ്ങിയ എണ്ണം (ബിൽ പ്രകാരം) | ഒരെണ്ണത്തിന്റെ വില | ആകെ വില | സ്ഥല പരിശോധനയിൽ കണ്ടെത്തിയവ | കണ്ടെത്താൻ കഴിയാത്തവയുടെ വില |
|---|---|---|---|---|---|---|
| 1 | Bench With Back Rest (Inv No. 222/2021-22 Dtd 26.02.2022) | 9 | 12500 | 1,12.500 | 12 | 37500/- രൂപ വിലയുള്ള സാധനം അധികമായി കണ്ടെത്തി |
| 2 | Bench With Arm Rest (Inv No. 220/2021-22 Dtd 26.02.2022) | 30 | 10576.27 | 317288.10 | 10 | 211525.4 |
| 3 | Desk(inv No. 220/2021-22 Dtd 26.02.2022) | 30 | 6762.71 | 202881 | 22 | 54101.68 |
| 4 | Book Shelf (Inv No. 220/2021-22 Dtd 26.02.2022) | 3 | 11258.47 | 33775.41 | 0 | 33775.41 |
| കണ്ടെത്താൻ കഴിയാത്ത സാധനങ്ങളുടെ വില | | | | | | 299402.49 |

പ്രോജക്ട് നം. 122/22 പ്രകാരം വാങ്ങിയ സാധനങ്ങളിൽ കണ്ടെത്താൻ കഴിയാത്ത ആകെ സാധനങ്ങളുടെ വിലയായ 299402.49/- രൂപ നിരാകരിക്കുന്നു. അതോടൊപ്പം ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ച് മേൽ പ്രോജക്ട് മുഖേന വാങ്ങിയ സാധനങ്ങൾ ഉപയോഗക്ഷമമാക്കുന്നതു വരെ ബാക്കി ചെലവ് തുകയായ 853362.51/- (1152765-299402.49) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് മുഖേന ഓർഡർ ചെയ്ത സധനങ്ങൾ മുഴവൻ കേടുപാടുകളില്ലാതെ നല്ല രീതിയിൽ ലഭിച്ചുവെന്ന് 31/03/2022-ൽ ഐ.സി.ഡി.എസ് സൂപ്പർവെസർ സിഡ്കോ യൂണിറ്റിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ലഭ്യമായ മുഴവൻ സാധനങ്ങളും സ്ഥലപരിശോധനയിൽ കണ്ടെത്താൻ കഴിയാത്തത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിന് മുഴവൻ സാധനങ്ങളും ഐ.സി.ഡി.എസ് സൂപ്പർവൈസർ ചാർജ് മാറുന്ന സമയത്ത് ബഡ്സ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയെ ബോധ്യപ്പെടുത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ ഐ.സി.ഡി.എസ് സൂപ്പർവൈസർ ചാർജ് മാറിയപ്പോൾ പുതിയ സൂപ്പർവൈസർക്ക് കൈമാറുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ മുഴവൻ സ്ഥലപരിശോധനയിൽ കണ്ടെത്താൻ കഴിയാത്തത് നിർവഹണ ഉദ്യോഗസ്ഥയുടെയും മേൽ പ്രോജക്ടുകളുടെ നിർവഹണത്തിനായി രൂപീകരിച്ച സബ്കമ്മിറ്റിയുടെയും ഭാഗത്തെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസറും സിഡ്കോ വുഡ് വർക്കിങ് യൂണിറ്റ് പാപ്പനംകോട് മാനേജിങ് ഡയറക്ടറുമായി 04/02/2022, 19.03.2022 തീയതികളിൽ മേൽ പ്രോജക്ടുകൾക്കായി ചമച്ച കരാറിന്റെ നിബന്ധന 17 പ്രകാരം എഗ്രിമെന്റ് തീയതി മുതൽ ഒരു വർഷക്കാലയളവ് വരെ സാധനങ്ങൾക്ക് വാറന്റിയുണ്ടായിരിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിരിക്കെ പ്രോജക്ട് മുഖേന ലഭിച്ച വിവിധ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥയുടെയും സബ്കമ്മിറ്റിയുടെയും ഭാഗത്തെ അനാസ്ഥയാണ്. പ്രോജക്ട് മുഖേനയുള്ള സാധനങ്ങൾ ലഭ്യമായ സമയത്ത് ബഡ്സ് സ്കൂളിൽ കറണ്ട് കണക്ഷൻ ഇല്ലാത്തതിനാൽ അയൽവീട്ടിൽ നിന്നും കറണ്ട് കണക്ഷൻ ലഭ്യമാക്കുകയും ഇൻസ്റ്റലേഷൻ ചെയ്തിട്ട് കറന്റ് കണക്ഷൻ അയൽവീട്ടുകാർ മാറ്റിയ സാഹചര്യത്തിൽ വീണ്ടും മാറ്റി കവറുകളിൽ തന്നെ സൂക്ഷിക്കുകയാണുണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുൻപായും ആവശ്യകതാ നിർണ്ണയം നടത്താതെയും സാധനങ്ങൾ വാങ്ങിയതിന്റെ ഔചിത്യം ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല,

13.10.2022 -ലെ 5(1) ഭരണസമിതി തീരുമാന പ്രകാരം ബഡ്സ് സ്കൂൾ അഡ്മിഷനുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ 2022 നവംബർ 1 ന് ആരംഭിക്കുന്നതിനും , ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ ശ്രീ.അൻവർ പഴവിള, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി അശ്വതി, വലിയവയൽ വാർഡ്മെമ്പർ ചക്കമല ഷാനവാസ്, കൊച്ചാലുംമൂട് വാർഡ് മെമ്പർ ശ്രീമതി സിമി, എക്സ് കോളനി വാർഡ് മെമ്പർ ശ്രീ ഗിരി പ്രസാദ് എന്നിവർ അടങ്ങിയ അഞ്ചംഗ സമിതിയെ നിയമിക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു. ബഡ്സ് സ്കൂളിൽ ഓഡിറ്റ് തീയതി വരെയും 5 വിദ്യാർത്ഥികൾ മാത്രമാണ് അഡ്മിഷൻ എടുത്തിട്ടുള്ളത്. ബഡ്സ് സ്കൂളിലേയ്ക്ക് അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിനും, താരതമ്യേന എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിലേയ്ക്ക് വാഹന സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും മുൻപായി ആവശ്യകതാ നിർണയം നടത്താതെ ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻതൂക്കം നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

നാളിതുവരെ 5 കുട്ടികൾ മാത്രം അഡ്മിഷൻ എടുത്തിട്ടുള്ള ബഡ്സ് സ്കൂളിലേയ്ക്ക് ആവശ്യകതാനിർണ്ണയം നടത്താതെ സാധനങ്ങൾ വാങ്ങിയതിന്റെ എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ടർ - 3 എണ്ണം

2. Manual Pull Down Screen - 3 എണ്ണം

3. സ്മാർട്ട് ടി.വി - 3 എണ്ണം

4. ഹോം തീയേറ്റർ - 3 എണ്ണം

5. ഓഫീസ് ടേബിൾ - 5 എണ്ണം

6. അലമാര – 3 എണ്ണം


7. ഓഫീസ് റാക്ക് - 3 എണ്ണം

8. Bench With Armrest – 30 എണ്ണം

9. Desk – 30 എണ്ണം

10. Bench With Back Rest – 9 എണ്ണം

ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുമ്പോൾ കുട്ടികൾക്ക് സഞ്ചരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിലാണ് ഇത്തരത്തിൽ വാങ്ങിക്കൂട്ടിയ സാധനങ്ങൾ ക്ലാസ് മുറികളിൽ നിറഞ്ഞ് കിടക്കുന്നത്.



സ ഉ 20/2018/ത സ്വ ഭ വ തീയതി 07.02.2018 ഉത്തരവ് ഖണ്ഡിക 18 പ്രകാരം ബഡ്സ് സ്കൂൾ അധ്യാപകരെ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ ( കുടുംബശ്രീ) തയ്യാറാക്കുന്ന അധ്യാപക ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്ക് നിയമനം നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധ്യാപക നിയമനത്തിനായുള്ള നടപടികൾ ഓഡിറ്റ് തീയതി വരെയും ആരംഭിച്ചിട്ടില്ല.

സ.ഉ(എം.എസ് 20/2018/ത.സ്വ.ഭ.വ) തീയതി 07.02.2018 ഉത്തരവിലെ നിബന്ധന 17 പ്രകാരം ബഡ്സ് / ബി.ആർ.സി എന്നിവയുടെ ഗുണനിലവാര ക്രമീകരണ ചുമതല ഐ.സി.ഡി.എസ് സൂപ്പർവൈസർക്കും ധനശേഖരണം, ധനവിനിയോഗം എന്നിവയുള്ള ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്കുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ടുകൾ പ്രകാരം 2402607/- (1152765+1249842) രൂപ ചെലവാക്കി ബഡ്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടും ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. പ്രോജക്ടിനായി വകയിരുത്തിയ തുക ചെലവഴിക്കുന്നതല്ലാതെ പ്രോജക്ട് ഫലപ്രാപ്തിയിൽ എത്തിയോ എന്നത് കൂടി പരിശോധനാ വിധേയമാക്കേണ്ടതാണ്.

ബഡ്സ് സ്കൂൾ പ്രവർത്തനം എത്രയും വേഗം ആരംഭിക്കേണ്ടതും പ്രോജക്ട് മുഖേന വാങ്ങിയ സാധനങ്ങൾ ഉപയോഗക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ചെലവായ മുഴവൻ തുകയും നിർവഹണ ഉദ്യോഗസ്ഥയുടെയും , പ്രോജക്ട് നിർവഹണത്തിനായി 09/12/2021 – ലെ 1(27) നമ്പർ ഭരണസമിതി തീരുമാന പ്രകാരം രൂപീകരിച്ച സബ്കമ്മിറ്റിയുടെയും, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ബാധ്യതയായി കണക്കാക്കുന്നതാണ്.

( അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 23/28.01.2023, 55/ 02.02.2023 മറുപടികൾ, 17.02.2023 തീയതിയിലെ സ്ഥലപരിശോധനാ റിപ്പോർട്ട്)

## 1-28 പ്രോക്യൂർമെന്റ് കമ്മറ്റി പ്രവർത്തനം കാര്യക്ഷമമല്ല

വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതായും ഉണ്ട്.ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.പ്രൊക്യൂർമെന്റ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന പർച്ചെസുകളിൽ 5-8-21, 27-10-21, 9-11-21, 15-11-21, 11-2-22 തിയ്യതികളിൽ കൂടിയ മിറ്റീംഗുകളിൽ പ്രോക്യൂർമെന്റ് കമ്മറ്റി ഇടപെട്ടിട്ടില്ല.

എ. ബഡ്സ് സ്കൂൾ ഉപകരണങ്ങൾ

ബി.കുടിവെള്ള ടാങ്ക്

സി. ILGMS അടിസ്ഥാന സൌകര്യം

ഡി. പഞ്ചായത്ത് ഓഫീസിലേക്ക് പ്രോജക്റ്റർ വാങ്ങൽ

ഇ. പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

എഫ്. തെരുവ് വിളക്ക് സ്ഥാപിക്കൽ

ജി. വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ

എച്ച്. പുതിയ മോട്ടോർ വാങ്ങൽ

ഐ. പുതിയ വാഹനം വാങ്ങൽ

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 52/2-2-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതും വരുംവർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകങ്ങൾ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 ഭരതന്നൂർ സ്റ്റേഡിയം ഓട നിർമ്മാണം - കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 144/22 |
| പ്രോജക്റ്റിന്റെ പേര് | ഭരതന്നൂർ സ്റ്റേഡിയത്തിൽ ഓടനിർമ്മാണം |
| അടങ്കൽ | 950000-( സി എഫ് സി, ബ്ളോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | 810280 (സി എഫ് സി, ബ്ളോക്ക് പഞ്ചായത്ത് വിഹിതം) |
| എം ബുക്ക് നം | 601/3-3-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

ഭരതന്നൂർ സ്റ്റേഡിയത്തിൽ ഓടനിർമ്മിക്കുന്നതിനായി വിഭാവനം ചെയ്യുന്ന മേൽപ്രവർത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ ഇനം -1 പ്രകാരം 150.8250 CUM Earth Work Excavation നടത്തിയിട്ടുണ്ട്. പ്രസ്തുത മണ്ണിന്റെ വിനിയോഗ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 2-2-23 ന നടത്തിയ സ്ഥല പരിശോധനയിൽ വലിയ അളവിൽ മണ്ണ് സ്റ്റേഡിയത്തിനകത്ത് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. പ്രസ്തുത മണ്ണ് ലേലം ചെയ്ത് നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 65/2-2-23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിലവിൽ നിർമ്മിച്ചിരിക്കുന്ന ഓടക്കു മുകളിൽ മണ്ണ് ഒഴുകി വന്ന് മൂടിയ നിലയിലാണ്. മണ്ണ് ലേലം ചെയ്യാൻ തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ആണ്.

## 1-30 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 881973/- രൂപ തടസ്സം ചെയ്യുന്നു

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. പേര് | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 12, സാമൂഹ്യ സുരക്ഷാമിഷന് സംഭാവന | വികസനഫണ്ട് 100000 | ബിൽ നം. 12/17.10.2021-100000/- | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 14, IKM വിഹിതം നൽകൽ | വികസനഫണ്ട് 106916 | ബിൽ നം. 9/11.10.2021-106916/- | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 29, DPC സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം- തുക നൽകൽ | വികസനഫണ്ട് 100000 | ബിൽ നം. 19/29.11.2021-100000/- | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 99, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | തനത് ഫണ്ട് 200000 | ചെക്ക് നം. 2150576/4.1.2022-18136/- 2150582/9.2.2022- 6765/- | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | 2150584/22.2.2022-16148/-<br>2150588/22.3.2022-34008/- | |
| 112, ഉളിയൻകോട് അംഗൻവാടി കെട്ടിട നിർമ്മാണത്തിന് MNREGS ഫണ്ട് നൽകൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 500000 | ബിൽ നം. 25/5.12.22-500000/- | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12 ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 881973/- രൂപ തടസ്സം ചെയ്യുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഹൈമാസ്റ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ-പ്രോജക്റ്റിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി

| | |
|---|---|
| പ്രോജക്റ്റ് നം. | 98 |
| പേര് | ഹൈമാസ്റ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ |
| അടങ്കൽ തുക | തനത് ഫണ്ട് 300000 |
| ചെലവ് തുക | വൌച്ചർ നം. 22100636/30.12.21-275501 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പാങ്ങോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ മെയിന്റനൻസ് ചെയ്യുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനവുമായി വാർഷിക കരാർ വയ്ക്കുന്നതിനാണ് പദ്ധതി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റിപ്പയർ ചെയ്യേണ്ട ലൈറ്റുകളുടെ വിവരങ്ങൾ ഏജൻസിയെ അറിയിച്ച് ലൈറ്റുകൾ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് തുക നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഫയൽ പരിശോ ധിച്ചതിൽ മേൽ ബിൽ പ്രകാരം തുക ചെലവഴിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്ന് LED Street Light പോലുള്ള ഉപകരണങ്ങൾ വാങ്ങിയതാ യാണ് കാണുന്നത്. അംഗീകൃത പ്രോജക്റ്റിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിന്റെകാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് റിപ്പയർ ചെയ്യേണ്ട ലൈറ്റുകളുടെ എണ്ണം കുറവായിരുന്നതു കൊണ്ടാണ് പ്രോജക്റ്റിൽ പറയുന്ന പ്രകാരം എ.എം.സി നടപ്പിലാക്കാതെ കേടായ ലൈറ്റുകൾക്ക് പകരം ലൈറ്റുകൾ വാങ്ങി പദ്ധതി നടപ്പിലാക്കിയതെന്നും പ്രോജക്റ്റിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്താതിരിക്കാൻ ശ്രദ്ധിക്കുന്നതാ ണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിനും തയ്യാറാക്കുന്ന പ്രോജക്റ്റുകൾക്ക് അനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതിനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-32 ILGMS നടപ്പിലാക്കുന്നതിന് അടിസ്ഥാനസൌകര്യം ഒരുക്കൽ- പ്രിന്റർ ലഭ്യമായില്ല 12953/- രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 186 |
| പേര് | ILGMS നടപ്പിലാക്കുന്നതിന് അടിസ്ഥാനസൌകര്യം ഒരുക്കൽ |
| അടങ്കൽ തുക | വികസന ഫണ്ട് 189496 |
| ചെലവ് തുക | ബിൽ നം. 43/3.2.2022- 79594<br>42/2.2.22-12953<br>44/3.2.22-96949 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ILGMS നടപ്പിലാക്കുന്നതിന് അടിസ്ഥാനസൌകര്യം ഒരുക്കൽ എന്ന പദ്ധതിയിൽ ബിൽ നം. 42 പ്രകാരം 12953 രൂപ Monochrome Network Laser Printer വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഉപകരണം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് മോണോക്രോം നെറ്റ് വർക്ക് ലേസർ പ്രിന്റർ വാങ്ങുന്നതിന് 12953/- രൂപ കെൽട്രോണിൽ അടവാക്കിയെങ്കിലും വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ കഴിഞ്ഞില്ലായെന്നും നടപ്പ് സാമ്പത്തിക വർഷം ഈ തുക റീഫണ്ട് ചെയ്യാമെന്ന് കെൽട്രോണിൽ നിന്ന് അറിയിപ്പ് ലഭിച്ചെങ്കിലും അധികമായി ആവശ്യമായ 5394/- രൂപ കൂടി തനത് ഫണ്ടിൽ നിന്ന് ഒടുക്കി വർക്ക് ഓർഡർ ജനറേറ്റ് ചെയ്തു പ്രിന്റർ വാങ്ങുന്നതിന് കമ്മിറ്റി തീരുമാനിച്ചതിനാൽ അപ്രകാരം തുക ഒടുക്കു വരുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെൽട്രോണുമായി സാധനത്തിന്റെ വില, നൽകേണ്ട സമയപരിധി എന്നിവ ഉൾപ്പെട്ട കരാർ ചമച്ചിട്ടില്ല എന്നത് ഈ പദ്ധതി നിർവ്വഹണത്തിന്റെ വീഴ്ചയായി കാണുന്നു. പ്രിന്റർ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിനായി ചെലവഴിച്ച 12953/- രൂപ തടസ്സം ചെയ്യുന്നു. അധികം നൽകിയ 5394/- രൂപ ഉൾപ്പെടെ ആകെ 18347/- രൂപ തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 കോവിഡ് 19 പ്രതിരോധ പ്രവർത്തനം ഡി.സി.സി നടത്തിപ്പും അനുബന്ധച്ചെലവുകളും- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 149/22 |
| പേര് | കോവിഡ് 19 പ്രതിരോധ പ്രവർത്തനം ഡി.സി.സി നടത്തിപ്പും അനുബന്ധച്ചെലവുകളും |
| അടങ്കൽ | വികസന ഫണ്ട് 500000<br>തനത് ഫണ്ട് 422140 |
| ചെലവ് തുക | ബിൽ നം. 11/11. 10.2021- 112590<br>17/12.11.2021- 21005<br>21/ 27.11.2021- 16700<br>18/28.11.2021- 89564<br>25/5.1.2022-10440<br>35/22.1.2022- 46275<br>39/2.2.2022- 35853<br>സുലേഖ പ്രകാരം തനത് ഫണ്ടിൽ നിന്ന് 269900/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നമ്പരുകൾ ലഭ്യമല്ല |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡി.സി.സി നടത്തിപ്പിനു വേണ്ടി 16.07.2020ലെ സ.ഉ (സാധാ) നം. 1364/2020/lsgd പ്രകാരം 922140/-രൂപ വകയിരുത്തി നടപ്പിലാക്കിയിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ (സാധാ) നം.955/ 2020/ Lsgd Dated 25.5. 2020 പ്രകാരം നോഡൽ ഓഫീസർ മാനേജ്മെന്റ് കമ്മിറ്റിയുടെ ജോയിന്റ് അക്കൌണ്ട് തുടങ്ങേണ്ടതും മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൌണ്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതും മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗതീരുമാനങ്ങളുടെ മിനിട്സ് കൃത്യമായി എഴുതി അംഗീകാരം വാങ്ങി സൂക്ഷിക്കേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

3. CFLTC യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ സാധനസാമഗ്രികളും CFLTC മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്ന് ലിസ്റ്റ് ചെയ്യേണ്ടതും CFLTC യ്ക്ക് വാങ്ങാൻ കഴിയാത്തവ ലിസ്റ്റ് ചെയ്ത് തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന് നൽകുകയും വേണം. കോവിഡ് മാനേജ്മെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. മേൽ ഉത്തരവ് പ്രകാരം വരവ് ചെലവ് കണക്കുകൾ അനുബന്ധം 6 ൽ സൂക്ഷിക്കേണ്ടതാണ്. അനുബന്ധം 6 പ്രിന്റെടുത്തത് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. വരവുചെലവു കണക്കുകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. ഡി.സി.സിപ്രവർത്തിച്ച കാലയളവ് വ്യക്തമല്ല

6. ബിൽ നം. 39/2.2.2022 പ്രകാരം 35853/- രൂപ ജനകീയ ഹോട്ടലിന് ഭക്ഷണം ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഏതു കാലയളവിലെ ഭക്ഷണ വിതരണത്തിന്റെ തുകയാണെന്ന് വ്യക്തമല്ല.

7. വൌച്ചർ നം. 22100106/7.8.21 പ്രകാരം Secu Medicare ൽ നിന്ന് ടാക്സ് ഇൻവോയിസ് നം. 32BPGPA 79628128/12.05.2021 പ്രകാരം 40 പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (പേജ് നം. 23) 7 പൾസ് ഓക്സിമീറ്ററുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 33(7) ന് 5 പൾസ് ഓക്സീമീറ്ററുകൾ ഫീൽഡ്തല പരിശോധനയ്ക്കായി ആശ വർക്കർമാർക്ക് നൽകിയിട്ടുണ്ടെന്നും അത് സ്റ്റോക്കിൽ കുറയ്ക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രണ്ട് പൾസ് ഓക്സിമീറ്ററുകൾ ഉപയോഗിക്കാതെ അവശേഷിക്കുന്നുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പൾസ് ഓക്സിമീറ്ററുകൾ ഉപയോഗപ്രദമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽ വൌച്ചർ പ്രകാരം ഇൻഫ്രാറെഡ് തെർമോമീറ്റർ , രണ്ട് എണ്ണം മൈക്രോടെക്സ് എന്ന സ്ഥാപനത്തിൽ നിന്ന് 3540 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. അവ സ്റ്റോക്കിലെടുത്തതിന്റെ/ വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമല്ല.

8. വൌച്ചർ നം. 22100129/7.8.2021 പ്രകാരം 14615/- രൂപ ചെലവഴിച്ച് കോവിഡ്- 19 മായി ബന്ധപ്പെട്ട് അൽ റാഷിദ് ട്രേഡേഴ്സിൽ നിന്ന് ഇൻവോയിസ് നം.1014/16.5.2021 പ്രകാരം 5 സീലിംഗ് ഫാനുകൾ 1475/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ അവ സ്റ്റോക്കിലെടുത്തതിന്റെ/ വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 33(8) ന് മേൽ പരാമർശിച്ചിട്ടുള്ള സീലിംഗ് ഫാനുകൾ ഡി.സി.സി സെന്ററായ യത്തീംഖാനയിൽ നിലവിലുണ്ടെന്നും അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ക്രമനം. 7,8 എന്നിവയിലെ പരാമർശങ്ങൾക്ക് മാത്രമാണ് ഓഡിറ്റ് എൻക്വയറി 33 ൽ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മറ്റുള്ളവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-34 ജൽജീവൻമിഷൻ കുടിവെള്ള പദ്ധതി-നടത്തിപ്പിലെ അപാകതകൾ-500000/- രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 27 |
| പേര് | ജൽജീവൻമിഷൻ കുടിവെള്ള പദ്ധതി |
| അടങ്കൽ തുക | വികസനഫണ്ട് 500000 |
| ചെലവ് തുക | ബിൽ നം. 41/2.2.2022-500000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

1. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. മേൽ ബിൽ പ്രകാരം 500000 രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. മോണിറ്ററിംഗ് കമ്മിററി റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമല്ല.

3. തിരുവനന്തപുരം ജില്ലാകളക്ടറുടെ 5.7.2021 ലെ 533/2020/DPO/തിരു/ജെ.ജെ.എം നം. കത്ത് പ്രകാരം സാമ്പത്തിക സ്രോതസ്സിൽ 10% ഗുണഭോക്തൃവിഹിതം കൂടി ഉൾപ്പെടുന്നുണ്ട്. ആയത് സമാഹരിച്ചിട്ടില്ല.

4. മേൽ കത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഗ്രാമപഞ്ചായത്ത് ജലശുചിത്വ സമിതികൾ രൂപീകരിച്ചിട്ടില്ല.

5. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പൂർത്തീകരിച്ച ആസ്തികൾ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമല്ല

6. മേൽ കത്തിന്റെ ധനവിനിയോഗം ഭാഗത്ത് ഗുണഭോക്തൃവിഹിതം, പദ്ധതി പരിപാലനത്തിനായുള്ള തുക എന്നിവ നിക്ഷേപിക്കുന്നതിന് പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതി രൂപീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പത്ത് ശതമാനം ഗുണഭോക്തൃവിഹിതം ഒടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടില്ലായെന്നും ജലശുചിത്വസമിതികൾ രൂപീകരിച്ചിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തെളിനീരൊഴുകും നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പു സാമ്പത്തിക വർഷത്തിൽ ഓരോ വാർഡിൽ നിന്നും 4 ജലസാമ്പിളുകൾ വീതം ശേഖരിച്ച് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്നും കൂടാതെ തെരഞ്ഞെടുത്തവർക്ക് ആയത് സംബന്ധിച്ച് പരിശീലനക്ലാസുകൾ ലഭ്യമാക്കുകയും ജലത്തിന്റെ സാമ്പിൾ പരിശോധനയ്ക്ക് സൌകര്യം ഒരുക്കിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.ജലജീവൻപദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ വഴിയുള്ള ജലവിതരണം മാത്രമാണ് നിലവിൽ നടന്നുവരുന്നതെന്നും ആസ്തികൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.ജലജീവൻമിഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ തന്നെ നടപ്പിലാക്കുന്നതിനും ആയത് ലക്ഷ്യം കൈവരിക്കുന്നുവെന്നുറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 500000/- രൂപ തടസ്സം ചെയ്യുന്നു.

## 1-35 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 83 |
| പേര് | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ |
| അടങ്കൽ | തനത് ഫണ്ട്500000 |
| ചെലവ് തുക | സുലേഖ പ്രകാരം തനത് ഫണ്ടിൽ നിന്ന് 390293/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നമ്പരുകൾ ലഭ്യമല്ല |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)17-08-2015 ലെ ജി.2/44274/15 ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് , മെയിന്റനൻസ് രജിസ്റ്റർ(അപൂർണമായ റിപ്പോർട്ട് മാത്രം ഹാജരാക്കി) , പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) മേൽ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. എന്നാൽ, തെരുവുവിളക്കിനെപ്പറ്റിയുള്ള പരാതി സ്വീകരിക്കുന്നതിനുള്ള യാതൊരു സംവിധാനവും പഞ്ചായത്തിലില്ല. കേടായ തെരുവുവിളക്കുകൾ ഉള്ളതായി കാണിച്ച് പോസ്റ്റ് നമ്പറുകൾ എഴുതിച്ചേർത്ത ഒരു രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

3) വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കേണ്ടി വരുമ്പോൾ കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച്

കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. എന്നാൽ ആയതും പാലിച്ചു കാണുന്നില്ല. ലൈറ്റുകൾ റിപ്പയർ ചെയ്തതായി മെമ്പർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇലക്ട്രീഷ്യന് വേതനവും വാഹനവാടകയും അനുവദിക്കുന്നത്.

3)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം[സ.ഉ(അ).നം.259/2010/തസ്വഭവ തീ.08.11.2010] പ്രകാരം മതിപ്പ് വില ഒരു ലക്ഷം രൂപയിൽ കൂടുതൽ വില വരുന്ന സേവനങ്ങൾക്ക് ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. പദ്ധതി പ്രകാരം 390293/- രൂപ കൂടാതെ പ്രോജക്ട് നം. 113/22 , തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രോജക്ട് പ്രകാരം 172120 രൂപയും ഇലക്ട്രീഷ്യന്റെ വേതനം, വാഹന വാടക എന്നീയിനങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. ആകെ 562413രൂപയ്ക്ക് മെയിന്റനൻസ് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തുക കണക്കാക്കാതെയും ഓപ്പൺ ടെൻഡർ നടപ്പാക്കാതെയും ക്വട്ടേഷൻ മുഖേനെയാണ് പ്രവർത്തനം നടത്തിയിട്ടുള്ളത്.(14.6.2021ലെ 5(1) നം. കമ്മിറ്റി തീരുമാനപ്രകാരം ശ്രീ. നിസാറുദ്ദീൻ, ചരുവിള പുത്തൻ വീട് എന്നയാളുടെ കരാർ പുതുക്കി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.)

4)ശ്രീ. നിസാറുദ്ദീൻ, ചരുവിള പുത്തൻ വീട് എന്ന കരാറുകാരനാണ് 2021-22 വർഷത്തിൽ മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറുകാരന്റെ ലൈസൻസ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് , റിടെൻഷൻ എന്നിവ ഈടാക്കിയിട്ടില്ല.

5)ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019/ധനം നമ്പർ സർക്കുലർ പ്രകാരം ജിഎസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങളോ സേവനങ്ങളോ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സ് ഇല്ലാതെയും ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്യാതെയുമാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

6)1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല.

7)തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ വാടകയിനത്തിൽ തുക നൽകുമ്പോൾ ട്രിപ്പ് ഷീറ്റിൽ വിവരങ്ങൾ പൂർണമായും ഉൾപ്പെടുത്തുന്നില്ല. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് പരിപാലന റിപ്പോർട്ട് വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണമായി വാർഡ് നം.16, 17 തീ.16.04. 2021, 17.04.2021

8)05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 പഞ്ചായത്തിലെ ഉപയോഗശൂന്യമായ മോട്ടോർ മാറ്റി പുതിയത് വാങ്ങൽ - ക്വട്ടേഷനേക്കാൾ കൂടുതൽ തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 154 |
| പേര് | പഞ്ചായത്തിലെ ഉപയോഗശൂന്യമായ മോട്ടോർ മാറ്റി പുതിയത് വാങ്ങൽ |
| അടങ്കൽ തുക | തനത് ഫണ്ട് 50000 |
| ചെലവ് തുക | ചെക്ക് നം. ലഭ്യമാക്കിയില്ല. |

| | |
|---|---|
| | സുലേഖ പ്രകാരം ചെലവ് 46346 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പദ്ധതിയിൽ ഏറ്റവും കുറവ് തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. ഷിയാസ്. എച്ച്( 46000/- രൂപ) ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. എ.ഇ യുടെ വാല്യൂവേഷൻ പ്രകാരം 46346/- രൂപയുടെ പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ള തുക കരാറുകാരന് നൽകുന്നതിന് പകരം എ.ഇയുടെ വാല്യൂവേഷൻ പ്രകാരമുള്ള 46346/- രൂപയാണ് നൽകിയതായി കാണുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.15 ന് പഞ്ചായത്ത് ഓഫീസ് ,ജനകീയ ഹോട്ടൽ എന്നിവിടങ്ങളിലേയ്ക്ക് വെള്ളം കിട്ടാത്തതിനാൽ അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കിയതിനാലും കുഴൽകിണറിലെ മോട്ടോർ മാറ്റൽ ആയതിനാലും ലേബർ ചാർജ്ജിലെ വർദ്ധനവ് കാരണവുമാണ് തുക കൂടുന്നതിന് കാരണമായതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇപ്രകാരം ചെയ്യുന്ന പ്രവൃത്തികളിൽ ക്വട്ടേഷൻ പ്രകാരം ഉള്ള തുക മാത്രമേ കരാറുകാരന് നൽകാൻ പാടുള്ളൂവെന്നിരിക്കെ വാല്യൂവേഷൻ പ്രകാരമുള്ള തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 വൌച്ചർ പരിശോധന- തനത് ഫണ്ടിലെ ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 10 പ്രകാരം ഓരോ ധനകാര്യ ഇടപാടും ഒരു വൌച്ചറിൽ രേഖപ്പെടുത്തേണ്ടതാണ്. മേൽ ചട്ടം 10(4) പ്രകാരം വൌച്ചറുകളുടെ ക്രമ നം. തുടർച്ചയ്ക്കു വേണ്ടി ഓരോ വർഷവും ഓരോ ഫണ്ടുമായി ബന്ധപ്പെട്ട ഓരോതരം വൌച്ചറുകൾക്കും ഓരോ ക്രമനം. ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. മേൽ ചട്ടം 31 പ്രകാരം . വൌച്ചറുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 , ചട്ടം 31 പ്രകാരം പണം കൊടുക്കാനുള്ള ക്ലെയിമുകൾ അതിന്റെ നമ്പർ, തീയതി, തുക മുതലായവ സഹിതം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതിയും പേമെന്റ് വൌച്ചർ പ്രകാരമുള്ള തീയതിയും വ്യത്യസ്തമാണ്. ഉദാഹരണമായി ബിൽ രജിസ്റ്ററിൽ വൌച്ചർ നം. 2210001/3.4.2021 ( ചെക്ക് നം. 193170/3.4.2021) പ്രകാരം 13200 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പേമെന്റ് വൌച്ചർ 7.8.2021 ലാണ് ബുക്ക് ചെയ്തിരിക്കുന്നത്. 2021 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ പേമെന്റ് വൌച്ചറുകൾ ബുക്ക് ചെയ്തിട്ടില്ല. എന്നാൽ ബിൽ രജിസ്റ്റർ പ്രകാരവും ചെക്കുകളുടെ കൌണ്ടർ ഫോയിലുകൾ പ്രകാരവും പ്രസ്തുത മാസങ്ങളിൽ ചെലവുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 38(3) പ്രകാരംഓരോ ദിനാന്ത്യത്തിലും ഉപയോഗിക്കാത്ത ചെക്കുകൾ പരിശോധിച്ച് ഉപയോഗിക്കാത്ത ചെക്കുകൾ ബുക്കിൽതന്നെ ഉണ്ടെന്നും ഒരു ചെക്കും അനധികൃതമായി കീറി മാറ്റിയിട്ടില്ലായെന്നും സെക്രട്ടറി സ്വയം ബോധ്യപ്പെടുത്തേണ്ടതാണെന്നിരിക്കെ പേമെന്റ് വൌച്ചറുകൾ പ്രകാരം ബുക്ക് ചെയ്തിട്ടില്ലാത്ത ചെലവുകൾ എപ്രകാരമാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമല്ല. തുക പ്രസ്തുത മാസങ്ങളിൽ ചെലവഴിക്കുകയും എന്നാൽ പേമെന്റ് വൌച്ചറുകൾ ആഗസ്റ്റിൽ മാത്രം ജനറേറ്റ് ചെയ്യുകയും ചെയ്തിരിക്കുന്നതിനാൽ ക്യാഷ് ബുക്ക് ,ബാങ്ക് ബുക്ക് എന്നിവ കാലികമല്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 39(3) പ്രകാരം ഓരോ ചെക്കും ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാവുന്നതും യഥാർത്ഥത്തിൽ പണം കൊടുക്കാനുള്ള വ്യക്തിയുടെ പേരിൽ നൽകേണ്ടതുമാണ്. എന്നാൽ നിരവധി ബില്ലുകൾ ഒറ്റ ചെക്ക് മുഖാന്തിരം പേമെന്റ് നടത്തി വിവിധ അക്കൌണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. ഉദാഹരണമായി ചെക്ക് നം. 193190/18.08.2021 പ്രകാരം 73 ബില്ലുകൾക്ക് 697152/- രൂപ പേമെന്റ് നടത്തിയിരിക്കുന്നു.

3. ചെക്ക് പ്രകാരം പിൻവലിച്ചിരിക്കുന്ന തുകയും ലഭ്യമാക്കിയിട്ടുള്ള പേമെന്റ് വൌച്ചറുകൾ, ബിൽ രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ എന്നിവയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ചെക്ക് നം. തീയതി | ചെക്ക് പ്രകാരമുള്ള തുക | പേമെന്റ് വൌച്ചർ/ബിൽ രജിസ്റ്റർ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| 193170/3.4.2021 | 1153402 | 324590 | 828812 |
| 193171/9.4.2021 | 37232 | പേമെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബിൽ രജിസ്റ്ററിൽ ഇതു സംബന്ധിച്ച് രേഖപ്പെടുത്തലില്ല | 37232 |
| 193172/12.04.2021 | 229449 | 79162 | 150287 |
| 193173/13.04.2021 | 37386 | 35360 | 2026 |
| 193175/27.4.2021 | 12890 | 170086 | 157196 |
| 193176/27.4.2021 | 74591 | 74241 | 350 |

4. പേമെന്റ് വൌച്ചറുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഉദാഹരണമായി ജൂലൈ 2021 ൽ വൌച്ചർ നം. 22100205/9.8..2021 ന ശേഷം വൌച്ചർ നം. 22100208/9.8.2021ആണ് ലഭ്യമാക്കിയിരിക്കുന്നത്. വൌച്ചർ നം. 22100246/9.8.2021 ന ശേഷം വൌച്ചർ നം. 22100248/9.8.2021 ആണ് ലഭ്യമാക്കിയിട്ടുള്ളത്.വൌച്ചർ നം. 22100268/9.8.2021 ന ശേഷം വൌച്ചർ നം. 22100272/9.8.2021 ആണ് ലഭ്യമാക്കിയിട്ടുള്ളത്. എല്ലാ മാസങ്ങളിലും പ്രസ്തുത അപാകത നിലനിൽക്കുന്നു.

5. വൌച്ചർ പരിശോധിച്ചതിൽ അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൌച്ചർ നം. തീയതി | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 22100090/7.8.2021 | 6398/- ശ്രീമതി ദിവ്യ.ഒയുടെ ഏപ്രിൽ മാസത്തെ കോൺട്രിബ്യൂട്ടറി പെൻഷൻ | 6398 | തുക അടവാക്കിയതിന്റെ ചെലാൻ/ ബാങ്ക് റസീപ്റ്റ് എന്നിവ ഇല്ല. തുടർമാസങ്ങളിലും എല്ലാ ജീവനക്കാരുടേയും ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുന്ന ഇനങ്ങൾ ട്രഷറി/ ബാങ്കിൽ ഒടുക്കു വരുത്തിയതിന്റെ രേഖകൾ ലഭ്യമല്ല |
| 22100099/7.8.2021 | M.O PHC യ്ക്ക് നൽകിയത് | 200000 | ചെലവുരേഖകൾ ലഭ്യമല്ല |
| 22100106/7.8.2021 | M.O PHC യ്ക്ക് നൽകിയത് | 88070 | ചെലവുരേഖകൾ ലഭ്യമല്ല |
| 22100404/24.9.2021 | Pandemic/ Epidemic Control. ജൂലൈ ഒന്നു മുതൽ 31 വരേയും ഓഗസ്റ്റ് 1 മുതൽ 4 വരെയും ആംബുലൻസ് ഓടിയ ഇനത്തിലെ വാടക | 105069 | ഇത്രയും കി.മീറ്ററുകൾ ഓടിയതിൽ അവ്യക്തതയുള്ളതായി പഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി നോട്ട് ഫയൽ ഖണ്ഡിക 1 ൽ(ഫയൽ നം. 4455/21 രേഖപ്പെടുത്തിയിരിക്കുന്നു. |
| 22100406/24.9.2021 | കോവിഡ് അനൌൺസ്മെന്റ് ശ്രീ ബദറുദ്ദീന് നൽകിയതുക | 3500 | അനുബന്ധ രേഖയില്ല |
| 22100412/30.9.2021 | ശ്രീമതി ലളിതാകുമാരിയ്ക്ക് ആഹാരം വിതരണം ചെയ്ത വകയിൽ നൽകിയ തുക | 70500 | അനുബന്ധ രേഖയില്ല |
| 22100690/24.1.22 | M.O PHCയ്ക്ക് പി.എച്ച്.സി കണ്ടിജന്റ് ചെലവുകൾക്കുള്ള തുക | 50000 | ചെലവുരേഖയില്ല |
| 22100749/24.2.2022 | H.M Govt. L.P.S Kanchinada, G.L.P.S Pangodu എന്നിവർക്ക് അഡ്വാൻസ് ഇനത്തിൽ നൽകിയ തുക | 40000 | ചെലവുരേഖയില്ല |
| 22100821/14.3.2022 | M.O. PHC യ്ക്കകണ്ടിജന്റ് ചെലവിനത്തിൽ നൽകിയ തുക | 50000 | ചെലവുരേഖയില്ല |
| 22100822/14.3.2022 | Pulse Polio Immunisationന് നൽകിയ തുക | 10000 | ധനവിനിയോഗസാക്ഷ്യപത്രം ഇല്ല |
| 22100840/30.3.22 | MNREGS ന് ഓഫീസ് സ്റ്റേഷനറി വാങ്ങിയ ഇനത്തിലെ ചെലവ് | 17718 | സ്റ്റോക്ക് / വിതരണ രജിസ്റ്റർ ലഭ്യമാക്കിയില്ല. ചെലവു രേഖയില്ല |
| 22100842/30.3.2022 | സ്റ്റേഷനറി വാങ്ങിയ ഇനത്തിലെ ചെലവ് | 62355 | സ്റ്റോക്ക് / വിതരണ രജിസ്റ്റർ ലഭ്യമാക്കിയില്ല. ചെലവു രേഖയില്ല |

അതാത് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവു വൌച്ചറുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ചെക്ക് പ്രകാരം പിൻവലിച്ച തുകകളുടെ പൂർണ്ണമായ വിവരം ബിൽ രജിസ്റ്റർ പ്രകാരം ലഭ്യമല്ലാത്തതിനാലും തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ ആധികാരികത ഓഡിറ്റിന് ഉറപ്പാക്കാനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 37 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ ആഭ്യന്തര നിയന്ത്രണത്തിലെ ഗുരുതര വീഴ്ചയെ ആണ് കാണിക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യങ്ങൾ ഗൌരവമായി പരിശോധിക്കേണ്ടതും രണ്ട് മാസത്തിനകം സാമ്പത്തിക വർഷത്തെ എല്ലാ വൌച്ചറുകളും ക്രമപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം സാമ്പത്തിക ക്രമക്കേടായി വിലയിരുത്തി

തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-38 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ- ഡെലിവറി ചാർജ്ജ് അധികമായി നൽകി

| | |
|---|---|
| പ്രോജക്ട് നം. | 87 |
| പേര് | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക | റോഡിതരം 397747 |
| ചെലവ് തുക | 48/13.3.2022-154705/-<br>52/30.3.2022-243042/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങലിന് ആർട്ട്കോയുമായി വച്ചിട്ടുള്ള കരാർ നം. 43790/26.2.2021 ലെ ക്രമ നം. 3 ലെ വ്യവസ്ഥ പ്രകാരമുള്ള സാധനങ്ങൾ നിശ്ചിത സമയത്തിനകം സപ്ലൈ ചെയ്തു കൊള്ളാം എന്നായിരുന്നു. എന്നാൽ ബിൽ നം. 48 പ്രകാരം 154705/- രൂപ ചെലവഴിച്ച് സ്റ്റീൽ കാബിനറ്റ്, സ്റ്റീൽ അലമാര Etc എന്നിവ ഇൻവോയിസ് നം. 589/7.3.2022 പ്രകാരം വാങ്ങിയതിൽ 1770 രൂപ ഡെലിവറി ചാർജ്ജിനത്തിൽ ഉള്ളതാണ്. എന്നാൽ ബിൽ നം. 52 പ്രകാരം വാങ്ങിയ സാധനങ്ങളുടെ ഇൻവോയിസ് പ്രകാരം ഡെലിവറി ചാർജ്ജ് ഈടാക്കിയിട്ടും ഇല്ല. ഇപ്രകാരം കരാറിൽ നിന്ന് വ്യതിചലിച്ച് ഡെലിവറി ചാർജ്ജിനത്തിൽ തുക നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് ശ്രദ്ധക്കുറവ് മൂലം സംഭവിച്ച അപാകതയാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ആകസ്മിക ചെലവുകൾക്ക് അനുവദിച്ച തുക-എച്ച്.എം.സി അക്കൌണ്ടിലേയ്ക്ക് വരവ് വച്ചിരിക്കുന്ന -488070/- രൂപ തടസ്സം ചെയ്യുന്നു.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി-ക്ക് ചുവടെപ്പറയും പ്രകാരം 2021 – 22 വർഷത്തിൽ മുൻകൂർ തുകകൾ ആകസ്മികച്ചെലവുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

| വൗച്ചർ നം/തീയതി | തുക |
|---|---|
| 22100099/17.05.2021 | 200000 |
| 22100106/7.8.2021 | 88070- |
| 22100489/22.10.21 | 50000 |
| 22100509/29.10.2021 | 50000 |
| 22100690/24.01.2022 | 50000 |
| 22100821/14.03.2022 | 50000 |

ഇപ്രകാരം അനുവദിച്ച തുകകളെല്ലാം HMC-യുടെ അക്കൗണ്ടിലേയ്ക്കാണ് വരവു വെച്ചിട്ടുള്ളത്. HMC-യുടെ വരവായുള്ള തുകയും ഇതോടൊപ്പം വിനിയോഗിച്ചുവരുന്നു. ഇത് കൃത്യമായി വേർതിരിച്ച് പരിശോധിക്കാനാവശ്യമായ രേഖകളൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല.

HMC-യുടെ അക്കൗണ്ടിൽ ക്യാഷ് ബുക്ക് പ്രകാരം 01.04.2021 ൽ 100076/-രൂപ മുന്നിരിപ്പും 31.03.2022-ലെ നീക്കിയിരിപ്പ് 79631/-രൂപയുമാണ്. ടി തുകയുടെ ചെലവു വൗച്ചറുകളായി പരിശോധനയ്ക്ക് ലഭ്യമാക്കിയതിൽ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ഇനം | തുക |
|---|---|---|
| 4 | Grow Bag Filling | 6600 |
| 7 | ആശുപത്രിയിലെ ടവലുകളും വിരിപ്പുകളും അലക്കിയ വകയിൽ ചെലവഴിച്ച തുക | 500 |

| | | |
|---|---|---|
| 173 | ഇമ്മ്യൂണൈസേഷൻ ബ്ലോക്കിലേയും ഒ.പി ബ്ലോക്കിലേയും തുണികൾ അലക്കി തേച്ച് കൊണ്ടുവന്ന തുക | 730 |
| 128 | ഒ.പി ടിക്കറ്റ് പ്രിന്റിംഗ് ചാർജ്ജ് | 4850 |

ഇപ്രകാരം ആകസ്മിക ചെലവുകൾക്കായി അനുവദിച്ച തുക അപ്രകാരമല്ലാതെ ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ആകസ്കമിക ചെലവുകൾക്കായി അനുവദിക്കുന്ന തുക എച്ച്.എം.സി അക്കൌണ്ടിലേയ്ക്ക് വരവ് വയ്ക്കുന്നതിന്റെ കാരണവും വ്യക്തമല്ല, ഇപ്രകാരം ഉള്ള ചെലവുകൾക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 53 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ ആകസ്മികചെലവുകൾക്കായി തനതുഫണ്ടിൽ നിന്ന് അനുവദിച്ച 488070/- രൂപ തടസ്സം ചെയ്യുന്നു.

## 1-40 ദുരിതാശ്വാസ നിധി-രേഖകൾ ലഭ്യമാക്കിയില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

സ.ഉ (സാധാ) ന. 929/21/lsgd Dated 29.4.21 പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ദുരിതാശ്വാസത്തിനായി ധാരാളം തുക സംഭാവനയായി ലഭിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അക്കൌണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

24.11.2021 ലെ 1(6) നം. തീരുമാനപ്രകാരം പ്രസിഡന്റിന്റെ ദുരിതാശ്വാസനിധിയുടെ ആവശ്യത്തിനായി ഒരു അക്കൌണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തിന്റെ സേവനങ്ങൾ കൈപ്പറ്റുന്ന ജനങ്ങൾ സ്വമനസ്സാലെ തരുന്ന സംഭാവനകൾ സ്വീകരിച്ച് ഇതിൽ നിക്ഷേപിക്കുന്നതിനും അത്യാവശ്യഘട്ടങ്ങളിൽ ദുരിതബാധിതരെ സഹായിക്കുന്നതിന് തനതുഫണ്ട് ചെലവാക്കാനാവാത്ത സാഹചര്യങ്ങളിൽ ചെലവഴിക്കുന്നതിനും ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.

വാർഷിക ധനകാര്യപത്രിക പ്രകാരം Distress Relief Fund ഇനത്തിൽ 22800 - രൂപ മുന്നിരിപ്പും കോവിഡ് ഫണ്ടിനത്തിൽ 27495- രൂപ മുന്നിരിപ്പും ഉണ്ട്.വാർഷിക ധനകാര്യപത്രിക പ്രകാരം Distress Relief Fund ഇനത്തിൽ 22800 - രൂപ നീക്കിയിരിപ്പും കോവിഡ് ഫണ്ടിനത്തിൽ 27495- രൂപ നീക്കിയിരിപ്പും ഉണ്ട്. പ്രസ്തുത അക്കൌണ്ടുകളുടെ വരവ്, ചെലവ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സ.ഉ(സാ.ധാ) നം. 929/21 /l.s.g.d Dated 29.4.2021 പ്രകാരം മേൽ അക്കൌണ്ടുകളിലെ രസീത്, ക്യാഷ്ബുക്ക്, വൌച്ചർ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 38 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അക്കൌണ്ടുകളിലെ വരവു ചെലവു കണക്കുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-41 ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ

പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ലൈഫ് മിഷൻ പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈഫ് ഭവന പദ്ധതി (ജനറൽ)

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0017/21-22, ലൈഫ്.പി.എം.എ.വൈ ഭവന പദ്ധതി ജനറൽ |
| അടങ്കൽ | 9131253 /-<br>(വി.ഫ.ജ- 2971253/-<br>ബ്ലോക്ക്.പ.വി – 1000000/-<br>ജി.പ.വി – 1000000/-<br>മറ്റുള്ളവ – 2400000/-) |

| | |
|---|---|
| ചെലവ് | 4140000 /-<br>(വി.ഫ.ജ- 1740000/-<br>മറ്റുള്ളവ – 2400000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ - 2 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ വീട് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| സതി.എസ്, ശ്യാം ഭവൻ, മൂലപ്പേഴ്, മൂന്ന് മുക്ക് | 3,60,000 | റൂഫ് | 09.02.2022 |
| റഷീദാബീവി.എസ്, ബ്ലോക്ക് നമ്പർ 152, ആമത്തറ | 3,60,000 | റൂഫ് | 03.03.2022 |

ഗുണഭോക്താക്കൾ ചമച്ച കരാർ പത്രികയിലെ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. അവസാന ഗഡു അനുവദിക്കുന്നതിനായി പരിശോധന നടത്തിയപ്പോൾ വീടുകളുടെ പണികൾ പുരോഗമിക്കുന്നതേ ഉണ്ടായിരുന്നുള്ളുവെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് അവസാന ഗഡു അനുവദിക്കാതിരുന്നതെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 35/31.01.2023 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) ലൈഫ്- (എസ്.സി ) അഡീഷണൽ ലിസ്റ്റ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0019/21-22 |
| പ്രോജക്ടിന്റെ പേര് | ലൈഫ്- (എസ്.സി ) അഡീഷണൽ ലിസ്റ്റ് |
| അടങ്കൽ | 16198400/-<br>(വി.ഫ.എസ്.സി.പി - 1898400/-<br>ബ്ലോക്ക്.വിഹിതം - 500000/-<br>ജില്ലാ.പ.വിഹിതം - 1000000/-<br>മറ്റുള്ളവ- 12800000/-) |
| ചെലവ് | 5523400/-<br>(വി.ഫ.എസ്.സി.പി - 1898400/-<br>ബ്ലോക്ക്.വിഹിതം - 360000/-<br>ജില്ലാ.പ.വിഹിതം - 1000000/-<br>മറ്റുള്ളവ- 2265000/-) |
| നിർവ്വഹണം | വി.ഇ.ഒ സർക്കിൾ 1 |

മേൽ പ്രോജക്ട് പ്രകാരം 2021-22 സാമ്പത്തിക വർഷം 33 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടതിൽ 23 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം) | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | യമുന യു | 300000 | 26.11.2021 |

| | | | |
|---|---|---|---|
| 2 | സരള.എസ് | 350000 | 26.11.2021 |
| 3 | സിന്ധു.എസ് | 200000 | 26.11.2021 |
| 4 | മോൻസി ബി | 360000 | 20.11.2021 |
| 5 | സരസ്വതി ബി | 350000 | 20.11.2021 |
| 6 | ഉഷ.കെ | 350000 | 20.11.2021 |
| 7 | ബിനു | 360000 | 09.12.2021 |
| 8 | ഷാബു | 360000 | 09.12.2021 |
| 9 | വിനീഷ | 360000 | 09.12.2021 |
| 10 | രാധാമണി കെ | 360000 | 21.12.2021 |
| 11 | ബിന്ദു.എൻ | 200000 | 21.12.2021 |
| 12 | ശശി കെ | 360000 | 21.12.2021 |
| 13 | വാസന്തി.വി | 360000 | 21.12.2021 |
| 14 | യശ്പാൽ | 200000 | 21.12.2021 |
| 15 | പത്മിനി | 300000 | 30.12.2021 |
| 16 | ഷീജ.എൽ | 360000 | 04.01.2022 |
| 17 | ഓമന ഗോപാലൻ | 300000 | 04.01.2022 |
| 18 | ഗിരിജ | 300000 | 19.02.2022 |
| 19 | ലക്ഷ്മി | 360000 | 19.02.2022 |
| 20 | ഗീത.എസ് (*) | 40000 | 19.02.2022 |
| 21 | തങ്കപ്പൻ | 300000 | 14.03.2022 |
| 22 | സുനിത.എം | 300000 | 19.02.2022 |
| 23 | റാണി.ബി | 360000 | 19.02.2022 |

* ക്രമ നം 20 ശ്രീമതി ഗീത.എസ്, സുഗീഷ് ഭവൻ 19.02.2022 -ൽ ആദ്യ ഗഡുവായ 40000/- കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണത്തിന്റെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

കരാറിലേർപ്പെട്ടതിൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന 23 ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം ഓരോ ഘട്ടത്തിലും നേരിട്ട് പരിശോധന നടത്തി തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ശ്രീമതി ഗീത.എസ് -നോട് ഭവന നിർമ്മാണം ആരംഭിക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിൻ പ്രകാരം സാമ്പത്തികപ്രശ്നങ്ങളുള്ളതിനാൽ പണി ആരംഭിക്കുന്നതിന് കുറച്ച് കൂടി സമയം ആവശ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട് . നിലവിൽ ടി ഗുണഭോക്താവ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും ഉടൻ തന്നെ പരിശോധന നടത്തി അടുത്ത ഗഡു അനുവദിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 36/31.01.2023 – ന്റെ മറുപടിയായി അറിയിച്ചിട്ടുണ്ട്. വീട്പണി ആരംഭിച്ച വ്യക്തികളുടെ വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3) ലൈഫ്- (എസ്.റ്റി ) അഡീഷണൽ ലിസ്റ്റ് - 2020

| | |
|---|---|
| പ്രോജക്ട് നമ്പർ | S0021/21-22 |
| പ്രോജക്ടിന്റെ പേര് | ലൈഫ്- (എസ്.റ്റി ) അഡീഷണൽ ലിസ്റ്റ് - 2020 |
| അടങ്കൽ | 2686800/-<br>(വി.ഫ.റ്റി.എസ്.പി - 368000/-<br>ബ്ലോക്ക്.വിഹിതം - 10,00,000/-<br>ജില്ലാ.പ.വിഹിതം - 5,00,000/-<br>മറ്റുള്ളവ- 25000000/-) |
| ചെലവ് | 7694205/-<br>(വി.ഫ.റ്റി.സി.പി - 368000/-<br>ബ്ലോക്ക്.വിഹിതം - 272336/- |

| | |
|---|---|
| | ജില്ലാ.പ.വിഹിതം - 151869/-<br>മറ്റുള്ളവ- 6902000/-) |
| നിർവ്വഹണം | വി.ഇ.ഒ സർക്കിൾ 1 |

2021-22 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 38 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടതിൽ 38 പേരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ്ഥ നിലനിൽക്കെ ആദ്യ ഗഡു കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/31.01.2023 – ന് മറുപടിയായി 2021-22 സാമ്പത്തിക വർഷം അനുവദിച്ച വീടുകളുടെ പണി അവസാന ഘട്ടത്തിലാണെന്നും സ്റ്റേജ് അനുസരിച്ച് നൽകേണ്ട സംസ്ഥാന ഫണ്ട് വിഹിതമായ ഒരു ലക്ഷം രൂപ അഭ്യർത്ഥിക്കാൻ ലൈഫ് മിഷൻ വെബ്സൈറ്റ് വഴി സാധിക്കുന്നില്ലായെന്നും സാങ്കേതിക പ്രശ്നം പരിഹരിയ്ക്കുന്ന മുറയ്ക്ക് പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സാങ്കേതിക പ്രശ്നം പരിഹരിയ്ക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

4) 18.02.2019 ലെ ഡിബി1/752/2018/LSGD നമ്പർ സർക്കുലർ പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിൽ 80000/- രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും 100000/- രൂപ സംസ്ഥാനവിഹിതവും 220000/-രൂപ ലോൺ തുകയും ആണ്. ലൈഫ് മിഷൻ പ്രോജക്ടുകൾക്കായി സംസ്ഥാന വിഹിതമായി ലഭിക്കുന്ന തുകയും ഹഡ്കോ ലോണിനോടൊപ്പം "മറ്റുള്ളവ" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് പഞ്ചായത്തിൽ ചെലവ് ചെയ്തു വരുന്നത്. ആയതിനാൽ സംസ്ഥാന വിഹിതമായി വകയിരുത്തിയ തുകയും ചെലവായ തുകയും സംബന്ധിച്ച വിവരം സുലേഖ ചെലവ് പത്രിക പ്രകാരം ലഭിക്കുന്നില്ല. ഹഡ്കോ ലോണിനത്തിൽ ലഭിക്കുന്ന തുകയും സംസ്ഥാന വിഹിതവും ഒരേ അക്കൗണ്ടിലാണ് ലഭിക്കുന്നതെന്നും ആയതിനാലാണ് രണ്ട് തുകകളും "മറ്റുള്ളവ" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയതെന്നും 2022-23 സാമ്പത്തിക വർഷം മുതൽ അപാകത പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ( ഓഡിറ്റ് എൻക്വയറി നമ്പർ 36/31.01.2023 – ന്റെ മറുപടി)

## 1-42 വീട് വാസയോഗ്യമാക്കൽ പദ്ധതി - അപാകങ്ങൾ

ഗ്രാമസഭ തെരഞ്ഞെടുക്കുന്ന പട്ടിക ജാതി വിഭാഗത്തിൽ പെട്ട 15 ഗുണഭോക്താക്കൾക്ക് 1,50,000/- രൂപ വീതം വീട് വാസയോഗ്യമാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം പുതിയതായും, സ്പിൽ ഓവറായും നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0020/21-22, വീട് വാസയോഗ്യമാക്കൽ ( എസ്.സി) |
| അടങ്കൽ | 2250000/- (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 1400000/- |
| ബിൽ നമ്പർ | 119/04.12.21 തുക 200000/-<br>130/15.12.21 തുക 200000/-<br>169/31.12.21 തുക 50000/-<br>174/04.01.22 തുക 50000/-<br>176/04.01.22 തുക 150000/-<br>186/10.01.22 തുക 100000/-<br>189/10.01.22 തുക 50000/-<br>207/16.01.22 തുക 50000/-<br>247/03.02.22 തുക 400000/-<br>287/19.02.22 തുക 50000/- |

| | |
|---|---|
| | 298/25.02.22 തുക 50000/-<br>326/25.02.2022 തുക 50000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ - 2 |

പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി ഭവാനി, ലക്ഷംവീട്, പുളിക്കര എന്നയാൾ ബിൽ നം 186/10.01.2022 പ്രകാരം 50000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. 08.05.2022 -ൽ 50000/- രൂപ ടിയാരിക്ക് അനുവദിച്ചുവെങ്കിലും ഗുണഭോക്താവ് മരണപ്പെട്ടതിനാൽ അക്കൗണ്ടിലുള്ള 50.000/- രൂപ കൈപ്പറ്റിയിട്ടില്ല. അക്കൗണ്ടിലുള്ള രണ്ടാം ഗഡു തുകയും , തുടർന്ന് ലഭിക്കാനുള്ള മൂന്നാം ഗഡു തുകയും അവകാശിക്ക് അനുവദിക്കുന്നതിനുള്ള അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് 20.07.2022 ലെ 6(1) നമ്പർ തീരുമാനപ്രകാരം വി.ഇ.ഒ യെ ചുമതലപ്പെടുത്തിയിരുന്നു. ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അവകാശി അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് ( 43/01.02.23) മറുപടിയായി അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി)

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0128/21-22, വീട് വാസയോഗ്യമാക്കൽ ( എസ്.സി - സ്പിൽ ഓവർ) |
| അടങ്കൽ | 1550000/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | 1300000/- |
| ബിൽ നമ്പർ | 53/12.10.21 തുക 200000/-<br>70/29.10.21 തുക 150000/-<br>86/06.11.21 തുക 100000/-<br>95/12.11.21 തുക 50000/-<br>110/26.11.21 തുക 50000/-<br>114/01.12.21 തുക 50000/-<br>129/15.12.21 തുക 50000/-<br>171/31.12.21 തുക 200000/-<br>176/04.01.22 തുക 100000/-<br>247/01.02.22 തുക 250000/-<br>290/19.02.22 തുക 50000/-<br>322/22.02.2022 തുക 50000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ - 2 |

തുക കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കാവരുടെ വിവരം ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക, തീയതി |
|---|---|
| ബേബി.എൻ | 50000/- - 05.03.2021<br>50000/- 31.12.2021 (*) |
| സുകുമാരി | 50000/- - 05.03.2021<br>50000/- 12.10.2021 |

(* ശ്രീ. ബേബി.എൻ രണ്ടാം ഗഡു കൈപ്പറ്റിയ വിവരം അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല )

ബേബി.എൻ നിലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. സുകുമാരിയെ പല തവണ നേരിൽ കണ്ടതിന്റെയും കത്ത് നൽകിയതിന്റെയും അടിസ്ഥാനത്തിൽ പണി ഉടൻ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചതായി ഓഡിറ്റ് എൻക്വയറി 43/01.02.23 – യ്ക്ക് മറുപടി നൽകിയിട്ടുണ്ട്. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി സരോജിനിയ്ക്ക് 2020-21 സാമ്പത്തിക വർഷം അധികമായി അനുവദിച്ച 50000/- രൂപ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് 13.04.2021 ലെ 4(1) നമ്പർ തീരുമാനപ്രകാരം അനുമതി നൽകിയിരുന്നു. ടി തുക ഉടൻ തന്നെ തിരികെ അടയ്ക്കാമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ( ഓഡിറ്റ് എൻക്വയറി 43/01.02.23 – ന്റെ മറുപടി) തുക സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകങ്ങൾ

| പ്രോജക്ട് നമ്പർ | S0075/22 | S0079/22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | വാട്ടർ ടാങ്ക് വിതരണം (എസ്.സി) | വാട്ടർ ടാങ്ക് വിതരണം (എസ്.റ്റി) |
| അടങ്കൽ | 600000/-<br>( 450000/- - ധനകാര്യ കമ്മീഷൻ അവാർഡ്<br>150000/- - ഗു.വി) | 200000/-<br>( 150000/- - ധനകാര്യ കമ്മീഷൻ അവാർഡ്<br>50000/- - ഗു.വി) |
| ചെലവ് | 577500/-<br>( 433125/- - ധനകാര്യ കമ്മീഷൻ അവാർഡ്<br>144375/- - ഗു.വി) | 192500<br>( 144375/- - ധനകാര്യ കമ്മീഷൻ അവാർഡ്<br>48125/- - ഗു.വി) |

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റിൽ നിന്നും 3000/- രൂപയും ഗുണഭോക്തൃ വിഹിതമായി 1000/- രൂപയും ഉൾപ്പെടെ 4000/- രൂപ ചെലവിൽ 150 പട്ടിക ജാതി കുടുംബങ്ങൾക്കും 50 പട്ടിക വർഗ കുടുംബങ്ങൾക്കും വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ചതാണ് പ്രോജക്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 150 വാട്ടർടാങ്കുകൾക്കായി 24.02.2021 – ൽ A2-101/21 നമ്പർ ഇ-ടെണ്ടർ പരസ്യം നൽകുകയും 16.02.2022 -ലെ 1(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ക്യാപിറ്റൽ പോളിമേഴ്സ് സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് 50 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുന്നതിനായി 06.12.2021 -ൽ A2- 101/21 നമ്പർ ലിമിറ്റഡ് ടെണ്ടർ പരസ്യം നൽകുകയും 11.03.2022 -ലെ 1(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ക്യാപിറ്റൽ പോളിമേഴ്സ് സമർപ്പിച്ച ടെണ്ടർ തന്നെ അംഗീകരിക്കുകയും ചെയ്തു.

സ.ഉ.(പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം ഒരു വർഷത്തേക്ക് ആവശ്യമായ സാധന സാമഗ്രികളുടെ വിവരം മുൻകൂട്ടി തിട്ടപ്പെടുത്തിയ ശേഷമാണ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പട്ടിക ജാതി വിഭാഗങ്ങൾക്ക് വിതരണം ചെയ്ത 150 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുന്നതിനായി ഇ-ടെണ്ടർ നടപടിയും പട്ടിക വർഗ വിഭാഗങ്ങൾക്ക് 50 ടാങ്കുകൾ വിതരണം ചെയ്യുന്നതിന് ലിമിറ്റഡ് ടെണ്ടർ നടപടിയുമാണ് സ്വീകരിച്ചിട്ടുള്ളത്. മേൽ പ്രോജക്ടുകൾക്കായി ആകെ വാങ്ങിയ 200 ടാങ്കുകൾക്കും ഒരുമിച്ച് ഇ-ടെണ്ടർ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (63/02.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-44 ലൈഫ് പി.എം.എ.വൈ പദ്ധതി ( എസ്.സി.പി)- എസി ആറിലെയും സുലേഖ ചെലവു പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല

| പ്രോജക്റ്റ് നം | S0131/21-22 |
|---|---|
| പ്രോജക്റ്റിന്റെ പേര് | ലൈഫ് പി.എം.എ.വൈ പദ്ധതി ( എസ്.സി.പി)- |
| അടങ്കൽ | 1936600 |
| ഫണ്ടിനം | വികസന ഫണ്ട് |

| | |
|---|---|
| | (എസ്.സി.പി) |
| ചെലവ് | 1362600 (സുലേഖ പ്രകാരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ -സർക്കിൾ -1 |
| ബിൽ നം | 219/18.01.2022 തുക 21600/-<br>297/19.02.2022 തുക 1080000/-<br>347/06.03.2022 തുക 261000/-<br>519/31.03.2022 തുക 1,30,000/-<br>ആകെ – 1492600/- |

സുലേഖ ചെലവു പത്രിക പ്രകാരം പദ്ധതിയിൽ 1362600/- രൂപയുടെ ചെലവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എ സി ആർ പ്രകാരം 14,92,600/- രൂപയുടെ ചെലവു രേഖപ്പെടുത്തി കാണുന്നു. ബിൽ നം 519/31.03.2022 തുക 1,30,000/- എ സി ആറിൽ ചെലവു രേഖപ്പെടുത്തുകയും സുലേഖയിൽ ഉൾപ്പെടാതിരിക്കുകയും ചെയ്തതായി പരിശോധനയിൽ ബോധ്യപ്പെട്ടു. 2021-22 വർഷത്തെ എസ്.സി.പി ഗ്രാന്റിൽ സ്പിൽ ഓവർ വിഹിതമായി അനുവദിക്കേണ്ടിയിരുന്ന തുക 2022 മാർച്ച് 31 -ന് അലോട്ട്മെന്റായി അനുവദിച്ചിരുന്നുവെന്നും, തുക ഇല്ലാത്തതിനാൽ അലോട്ട്മെന്റ് നടത്താൻ കഴിയാതിരുന്ന ലൈഫ് എസ്.സി അഡീഷണൽ ഗുണഭോക്താക്കൾക്ക് 1,30,000/-ന്റെ ബിൽ അന്നേ ദിവസം അലോട്ട്മെന്റ് നടത്തി ട്രഷറിയിലേയ്ക്ക് അയച്ചുവെങ്കിലും ട്രഷറിയിൽ നിന്നും ബിൽ മാറാത്തതിനാലാണ് ചെലവ് തുക പൊരുത്തപ്പെടാത്തതെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് 31/30.01.2023 -ന്റെ മറുപടി). തുക ക്രമീകരിച്ച് അപാകം പരിഹരിക്കേണ്ടതാണ്.

## 1-45 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/27.01.2023) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശാനുസരണം പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

## 1-46 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കിളിമാനൂർ ഗ്രാമ പഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/27-1-23) ക്ക് ലഭ്യമാക്കിയ മറുപടിയിൽ R-TRACK ഫേസ്-1, 2 എന്നിവ പൂർത്തിയായെന്നും ഫേസ്-3 അപ്രൂവൽ ഘട്ടത്തിലാണെന്നും ഫേസ് 3-കഴിയുന്നതോടുകൂടി മാത്രമെ ആസ്തികൾ സംബന്ധിച്ച വിവര ശേഖരണം കുറ്റമറ്റതും ആധികാരികവും ആകൂ എന്നറിയിച്ചിട്ടുണ്ട്.

## 1-47 ശ്മശാന നിർമ്മാണത്തിനായി ഭൂമി വാങ്ങൽ- 8 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല

പാങ്ങോട് പഞ്ചായത്തിൽ ശ്മശാനം നിർമ്മിക്കുന്നതിനായി 5-1-2014 ൽ 2147800/-രൂപ ചെലവഴിച്ച് ഷാനവാസ് എന്ന വ്യക്തിയിൽ നിന്നും വാങ്ങിയ 40 സെന്റ് ഭൂമി യിൽ നിലവിൽ റബ്ബർ മരങ്ങളിൽ നിന്നുള്ള മേലാദായം എടുക്കുന്നതിന് ഷാനവാസ് എന്നവർക്ക് ലേലം ഉറപ്പിച്ച നൽകിയിട്ടുണ്ട്. നിലവിൽ ടി സ്ഥലത്ത് ശ്മശാന നിർമ്മാണം നടത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും, പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ

ഉൾപ്പെടുത്തിയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 56/02.02.2023 ന് പ്രസ്തുത ഭൂമിയിൽ ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതികൾ നിലനിൽ ക്കുന്നതിനാലാണ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാത്തതെന്ന് മറുപടി നൽകി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 പദ്ധതിയും ചെലവു വിശദാംശങ്ങളും സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 123/22 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി കോളനികളിലെ കുടിവെള്ള മെയിന്റനൻസ് (So) |
| അടങ്കൽ | 218000 |
| ചെലവ് | 190866 |
| ഫണ്ടിനം | സി എഫ് സി |
| എ സി ആർ ബിൽ നം | 9/5-11-21 |
| എം ബുക്ക് നം | 355/20-21-5/8/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

വലിയ വേങ്കോട് , ഈട്ടിക്കര , പുളിക്കര എന്നിവിടങ്ങളിലെ നിലവിലുള്ള പൈപ്പ് ലൈൻ തകർന്നത് മാറ്റി സ്ഥാപിക്കുന്നതിനും കേടായ മോട്ടോർ കംപ്രസർ എന്നിവ മാറ്റുന്നതിനുമായാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. മേൽ പ്രകാരമുള്ള പദ്ധതിയോ പദ്ധതി ചെലവോ സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

2. വലിയ വേങ്കോട് കുടിവെള്ള പദ്ധതി നടപ്പിലാക്കിയ സ്ഥല പരിശോധന നടത്തിയതിൽ കേടായ ഉപകരണങ്ങൾ പമ്പ് ഹൌസിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. 9-ം വാർഡ് മെമ്പറുടെ 27-2-21 ലെ കത്തിൽ കേടായ കംപ്രസർ, മോട്ടോർ എന്നിവ പമ്പ് ഹൌസിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായും ആയതിന്റെ ഉത്തരവാദിത്വം ബെനിഫിഷ്യറി കമ്മറ്റി ഏറ്റെടുത്തിരിക്കുന്നു എന്നും പ്രസ്തുത സാധനങ്ങൾ സെക്രട്ടറി ആവശ്യപ്പെടുകയാണെങ്കിൽ ആയത് പഞ്ചായത്തിൽ ഏൽപിച്ചുകൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. ടി ഉപകരണങ്ങൾ പഞ്ചായത്ത് ഏതു വർഷം വാങ്ങി നൽകിയതാണെന്നും ആയത് ലേലം ചെയ്യുന്നതിനോ കേടുപാടുകൾ മാറ്റി പുനരുപയോഗിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം 60/2-2-23 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടെങ്കിലും ( എൻക്വയറി പകർപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകി) ആയതിന് മറുപടി ലഭ്യമാക്കിയില്ല.

## 1-49 പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് ഫർണ്ണിച്ചർനൽകൽ- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 77/22 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് ഫർണ്ണിച്ചർ |
| അടങ്കൽ | 150000 |
| ചെലവ് | 149990 |
| ഫണ്ടിനം | വികസന ഫണ്ട് ( ടി എസ് പി) |
| ബിൽ നം | 6/19-2-22-99993<br>7/19-2-22-49997 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പട്ടിക വർഗ്ഗത്തിൽ പെട്ട വിദ്യാർഥികൾക്ക് പഠന മേശ (സ്റ്റീൽ) , സ്റ്റീൽ കസേര ( കുഷനോടുകൂടിയതും കൈയ്യുള്ളതും ) വാങ്ങിനൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം സ്കൂൾ

അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രകാരമായിരിക്കണം നൽകേണ്ടതെന്നും ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് .ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമെ ഈ ആനുകൂല്യം നൽകാവൂ എന്നും പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല എന്നതും മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന വിദ്യാർഥികൾ പഠിതാക്കളാണെന്നുള്ള സ്കൂളിൽ നിന്നുള്ള സാക്ഷ്യ പത്രം മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ.

I)അജിത്ത് . എസ്

Ii)ഹൃദ്യ രാജ്

Iii)അഭിരാമി. എ ബി

Iv)അഞ്ജന

V)ആതിര .എ എസ്

Vi)നന്ദന

Vii)അഞ്ജിമ എം ടി

Viii)ആദിത്യ. എസ് എസ്

Ix)പ്രണവ് . പി ടി

30 വിദ്യാർഥികൾക്ക് ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിലും ബാക്കി 21പേരുടെയും സ്കൂളിൽ നിന്നുള്ള സാക്ഷ്യ പത്രം ഫയലിലില്ല. പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാണെങ്കിലും സ്കൂളിൽ നിന്നുള്ള സാക്ഷ്യ പത്രവും ലഭ്യമാക്കേണ്ടതാണ്.

2. സാക്ഷ്യ പത്രം ലഭ്യമാക്കിയ മേൽ പറഞ്ഞ 9 വിദ്യാർഥികൾകളും 2019-20 വർഷം പഠിതാക്കളാണെന്നുള്ള സാക്ഷ്യപത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത വിദ്യാർഥികൾ 2021-22 വർഷം പഠിതാക്കളാണ് എന്നത് തെളിയിക്കുന്ന രേഖയില്ല.

3. മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് എസ് ടി ഡിപ്പാർട്ട് മെന്റിൽ നിന്നോ /ഐ ടി ഡി പി യിൽ നിന്നോ സമാന രീതിയിലുള്ള ആനുകൂല്യം ലഭിച്ചിരുന്നോ എന്നതിന്റെ രേഖ ഫയലിലില്ല .

4. പഠിതാക്കൾക്ക് മുൻവർഷങ്ങളിൽ പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ല എന്നത് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല . മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 9/27-1-23 ന് മറുപടിയിൽ പരാമർശപ്രകാരമുള്ള രേഖകൾ ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. രണ്ട് മാസത്തിനകം പ്രസ്തുത രേഖകൾ ലഭ്യമാക്കാത്ത പക്ഷം ചെലവഴിച്ച തുക തടസ്സപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## 1-49-1 പട്ടിക ജാതി വിദ്യാർഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 76/22 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർഥികൾക്ക് ഫർണ്ണിച്ചർ |
| അടങ്കൽ | 360000 |
| ചെലവ് | 359976 |
| ഫണ്ടിനം | വികസന ഫണ്ട് ( എസ്.സി.പി) |
| ബിൽ നം | 4/7-1-22-34998<br>5/19-2-324978 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പട്ടിക ജാതിയിൽ പെട്ട വിദ്യാർഥികൾക്ക് പഠന മേശ (സ്റ്റീൽ) , സ്റ്റീൽ കസേര ( കുഷനോടുകൂടിയതും കൈയുള്ളതും ) വാങ്ങിനൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സിഡ്കോയിൽ നിന്നും 72 മേശയും 72 കസേരയും വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടതെന്നും ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് .ഒരു വിദ്യാർഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമെ ഈ ആനുകൂല്യം നൽകാവൂ എന്നും പട്ടിക ജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല എന്നതും മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1 . പദ്ധതി പ്രകാരം 72 വിദ്യാർഥികൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിലും 64 പേരുടെയും സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലിലില്ല. പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാണെങ്കിലും സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന 8 വിദ്യാർഥികൾ പഠിതാക്കളാണെന്നുള്ള സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം മാത്രമെ ഫയലിലുള്ളു

I)മിഥുൻ .എസ്

Ii)സൂര്യ എം എസ്

Iii)അയന എസ്

Iv)അഞ്ജന

V)രശ്മി എ എസ്

Vi)അഷ്ടമി വി ബി

Vii)മഹേഷ്. എം എസ്

Viii)അനിത എസ് ആർ

2. മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് സമാന രീതിയിലുള്ള ആനുകൂല്യം ലഭിച്ചിരുന്നോ എന്നതിന്റെ രേഖയും ഫയലിലില്ല .

3. പഠിതാക്കൾക്ക് മുൻവർഷങ്ങളിൽ പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ല എന്നത് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.
മേൽ പറഞ്ഞ രേഖകൾ രണ്ട് മാസത്തിനകം ലഭ്യമാക്കാത്ത പക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-50 അംഗീകാരം ലഭിച്ച പദ്ധതിയിൽ നിന്നും വ്യത്യസ്തമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം | 78/22 |
| പ്രോജക്റ്റിന്റെ പേര് | ഗുഡ് ഇംഗ്ളീഷ് പദ്ധതി |
| അടങ്കൽ | 76000( വി.ഫ.ജ – 75000/-, തനത് ഫണ്ട് – 1000/-) |
| ചെലവ് | 75000/- (വി.ഫ.ജ) |
| ബിൽ നം /തീയതി / തുക | 13/31-11-21/ 75000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ 38 പഠിതാക്കൾക്ക് ഗുഡ് ഇംഗ്ളീഷ് എന്ന പേരിൽ ഇംഗ്ളീഷ് ഭാഷ സംസാരിക്കുന്നതിന് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തി പരിശീലനം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഒരാളുടെ ഫീസ് 2500 രൂപയാണ്. 500 രൂപ പഠിതാക്കൾ തന്നെ ഒടുക്കുകയും 38 പേർക്ക് 2000രൂപ വീതം ആകെ 75000രൂപ വികസന ഫണ്ടിൽ നിന്നും 1000രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 30 പേർക്ക് 2500 രൂപ വീതം ആകെ

75000രൂപ 38444973881 എന്ന അക്കൌണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതിയിൽ നിന്നും വിഭിന്നമായി തുക ചെലവഴിച്ചതിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/28-1-23 ന് ലഭ്യമാക്കിയ മറുപടിയിൽ 2018-19 വർഷത്തിൽ പദ്ധതി രൂപീകരിച്ചപ്പോൾ പഠിതാക്കളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് 500 രൂപ സ്വീകരിക്കുകയും കോഴ്സ് ഫീസ് 2000 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കുകയും ചെയ്തിരുന്നു എന്നും എന്നാൽ 2019 വർഷം മുതൽ രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസും ഉൾപ്പെടെ 2500 രൂപ ( മുഴുവൻ തുകയും) പഞ്ചായത്ത് ഫണ്ടിൽ നിന്നും വകയിരുത്തുകയാണ് ഉണ്ടായിട്ടുള്ളത് എന്നും പദ്ധതിയുടെ ഗുണഭോക്താക്കളായി 30 പഠിതാക്കൾ മാത്രമെ രജിസ്റ്റർ ചെയ്തിട്ടുള്ളു എന്നും പദ്ധതിയിൽ 38 പഠിതാക്കൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് പ്രോജക്റ്റ് രൂപീകരണവേളയിൽ സംഭവിച്ച പിഴവാണെന്നും അറിയിക്കുകയുണ്ടായി . ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-51 പോത്ത് വളർത്തൽ ജനറൽ പദ്ധതി- 648000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 103/22 |
| പ്രോജക്റ്റിന്റെ പേര് | പോത്തുകുട്ടി/കാളക്കുട്ടി വളർത്തൽ |
| അടങ്കൽ | 800000 |
| ചെലവ് | 648000 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| എ സി ആർ ബിൽ നം | 378/14-3-22-240000<br>410/19-3-22-160000<br>419/21-3-22-160000<br>458/26-3-22-56000<br>491/30-3-22-32000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

100 ഗുണഭോക്താക്കൾക്ക് പോത്തുകുട്ടി /കാളക്കുട്ടിയെ വാങ്ങിനൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ്. ഗുണഭോക്തൃ സമിതി ഒരു പോത്തുകുട്ടി /കാളക്കുട്ടി യെ 16000 രൂപക്ക് വാങ്ങി ഇൻഷൂർ ചെയ്യുന്ന മുറക്ക് സബ്സിഡി തുക, പോത്തുക്കുട്ടിയെ വിറ്റയാളുടെ അക്കൌണ്ടിലേക്ക് മാറികൊടുക്കുന്നു. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. പദ്ധതി പ്രകാരം ചെലവാക്കിയ തുകയ്ക്ക് അനുസൃതമായി കൈപ്പറ്റ് രേഖകളില്ല

പദ്ധതി പ്രകാരം 81 പേർക്ക് കന്നുകുട്ടികളെ വിതരണം ചെയ്യുതിനാണ് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ 75 പേർ മാത്രമാണ് കന്നുകുട്ടികളെ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത് . വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | രജിസ്റ്റർ പ്രകാരം കൈപ്പറ്റിയവർ |
|---|---|
| 1 | 5 |
| 2 | 6 |

| | |
|---|---|
| 3 | 5 |
| 4 | 5 |
| 5 | 1 |
| 6 | 5 |
| 7 | 0 ( രജിസ്റ്റർ പ്രകാരം 3 പേരുണ്ടെങ്കിലും ആരും രജിസ്റ്ററിൽ ഒപ്പു വച്ചിട്ടില്ല |
| 8 | 0 |
| 9 | 4 |
| 10 | 6 |
| 11 | 5 |
| 12 | 5 |
| 13 | 3 (3 പേർ കൈപ്പറ്റിയതായി ഒപ്പു വച്ചിട്ടുണ്ടെങ്കിലും ആരുടെയും അപേക്ഷ ലഭ്യമല്ല |
| 14 | 2 (രജിസ്റ്റർ പ്രകാരം 2 പേരുണ്ടെങ്കിലും സോഫിയ ചരുവിള എന്നവരുടെ അപേക്ഷ ലഭ്യമല്ല. |
| 15 | 5 |
| 16 | 0 |
| 17 | 5 |
| 18 | 8 ( രജിസ്റ്റർ പ്രകാരം 8 പേർ വാങ്ങിയിട്ടുണ്ടെങ്കിലും 7പേരുടെ അപേക്ഷ മാത്രമെ ലഭ്യമാക്കിയിട്ടുള്ളു. |
| 19 | 5 |
| ആകെ | 75 |

വിതരണത്തിൽ വ്യത്യാസം വരാനിടയായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 27/28-1-23 ന് മറുപടി ലഭ്യമാക്കിയില്ല.

2. ഇൻഷ്വറൻസ് തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

പദ്ധതി രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തൽ പ്രകാരം പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്യുന്ന മുറക്കാണ് പദ്ധതി തുക കൈമാറേണ്ടത് . 9-1-22 ലെ പോളിസി പ്രകാരം 16 പേർക്ക് 18124/- രൂപയും 14-7-22ലെ പോളിസി പ്രകാരം 30 പേർക്ക് 28320 രൂപയും വെറ്ററിനറി സർജ്ജൻ അടവാക്കിയതായി കാണുന്നു . പദ്ധതി പ്രകാരം ഇൻഷ്വറൻസ് എടുക്കുന്നതിന് വെറ്ററിനറി സർജ്ജനെ ചുമതലപ്പെടുത്തിയിട്ടില്ല എന്നിരിക്കെ 46 ഗുണഭോക്താക്കളിൽ നിന്ന് ഇൻഷ്വറൻസ് തുക ഈടാക്കി അടവാക്കിയതായി കാണുന്നു. അപ്രകാരം ഇൻഷ്വറൻസ് പ്രീമിയം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയതിന്റെ രസീതുകളും കളക്ഷൻ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

3. ആനുകൂല്യം അനുവദിച്ച മുഴുവൻ പേരുടെയും ഇൻഷ്വറൻസ് രേഖകൾ ലഭ്യമല്ല

81 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിലും ആകെ 46 പേരുടെ ഇൻഷ്വറൻസ് രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ പറഞ്ഞതിൽ 30 പേർക്കും കാലികളെ വിതരണം ചെയ്തതിനു തുക നൽകിയതിന് ശേഷമാണ് ഇൻഷ്വറൻസ് നൽകിയിരിക്കുന്നത്. 2-3-22 തീയതിയിലെ 2/2 നം ഭരണസമിതി തീരുമാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് 82 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതവും ഇൻഷ്വറൻസ് തുകയും കൈപ്പറ്റി പോത്തുകുട്ടികളെ വിതരണം ചെയ്തതായി വെറ്ററിനറി സർജ്ജൻ റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് ഫലപ്രാപ്തി വിശകലനം ചെയ്യുന്ന മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

5.അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

അപേക്ഷകളിൽ ഭൂരിഭാഗത്തിലും റേഷൻ കാർഡിന്റെ കോപ്പി , ആധാർ കോപ്പി, എന്നിവ മാത്രമാണ് ഉള്ളത്. അപേക്ഷ ഇല്ലാത്തതും കാലികളുടെ ഗുണനിലവാരം സർട്ടിഫൈ ചെയ്യാത്തതും അപേക്ഷകളിൽ ഭൂരിഭാഗത്തിലും മാനദണ്ഡ

പ്രകാരമുള്ള മാർക്ക് രേഖപ്പെടുത്താത്തതും അപാകങ്ങളാണ്.

6. ഗുണഭോക്താക്കളുടെ വിഹിതം അടവാക്കിയതിന് രേഖകളില്ല

പോത്ത് കുട്ടികളെ വിറ്റതിന് , കുമാരി കുഞ്ചല 80000/- രൂപ, നസീർഖാൻ 536000/-രൂപ,( ഇൻവോയ്സ് നം -155/30-3-22) സദാശിവൻ പിള്ള- 32000/- രൂപ എന്നിങ്ങനെ 634000/- രൂപ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിൽ ഓരോരുത്തരും ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് വിതരണം നടത്തിയിട്ടുള്ളതെന്നതിന്റെ വിവരം ലഭ്യമല്ല. വില ചീട്ട്, വിറ്റ ആളുടെ ബാങ്ക് അക്കൌണ്ട് വിശദാംശങ്ങൾ നസീർഖാൻ ഒഴികെയുള്ളവരുടെ ഫയലിൽ ഇല്ല. ഗുണഭോക്തൃ വിഹിതം എപ്രകാരം കൈപ്പറ്റി എന്നതിന്റെ വിവരം ലഭ്യമല്ല.

മറ്റ് അപാകങ്ങൾ

1. ഷീബ.എ, നന്ദനം , കല്ലുമാല എന്ന ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2.നജീബ, ഫാത്തിമ മൻസിൽ എന്ന വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ വിവരം , കാലിയുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ വിവരം, ലഭിച്ച മാർക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. വിതരണം ചെയ്തവയിൽ 90 കിലോയിൽ കുറവുള്ളവയെ ഗുണഭോക്താവ് ആവശ്യപ്പെടുന്ന പക്ഷം മാറ്റി നൽകണമെന്ന വെറ്ററിനറി ഡോക്ടറുടെ ശുപാർശ 09.12.2021 ലെ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ഇപ്രകാരം പോത്തുകുട്ടികളെ മാറ്റി നൽകിയതെന്നോ, വിലയിൽ വ്യത്യാസം ഉണ്ടായിട്ടുണ്ടോയെന്നോ ഉള്ള വിവരം (ഓഡിറ്റ് എൻക്വയറി നം 27/28-1-23) ലഭ്യമാക്കിയില്ല.

4. പദ്ധതി പ്രകാരം ഗുണഭോക്തൃ സമിതി മുഖേനയാണ് കന്നുകുട്ടികളെ വാങ്ങേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്തൃ സമിതി രൂപീകരിച്ചതിന്റെയോ പ്രസ്തുത സമിതി വാങ്ങൽ നടത്തിയത് സംബന്ധിച്ചോ വ്യക്തത നൽകിയിട്ടില്ല. അപ്രകാരം പദ്ധതിയിൽ മാറ്റം വരുത്തിയതിന് അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നും വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

5. 2-3-22 ലെ അജണ്ട 2തീരുമാനം 11 പ്രകാരം വിതരണം ചെയ്ത പോത്തുകുട്ടികളെ കൈമാറ്റം ചെയ്തതായി കാണിച്ച് വെറ്ററിനറി ഡോക്ടർ ഭരണസമിതിക്ക് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് വെറ്ററിനറി ഡോക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഏതെല്ലാം ഗുണഭോക്താക്കളാണ് ഇപ്രകാരം കന്നുകാലികളെ കൈമാറിയത് എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.

6. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 ൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളെ ഭരണസമിതി തെരഞ്ഞെടുത്തിരുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

7. സർക്കാർ ഉത്തരവ് നം (കൈ) 223/2022/LSGD /തിയ്യതി-1-10-22 പ്രകാരം പോത്തുകുട്ടി വളർത്തൽ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനെതിരായ പരാതി തദ്ദേശ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. കേസിന്റെ തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിരിക്കുന്ന അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 648000/- രൂപ തടസ്സത്തിൽ വക്കുന്നു.

## 1-51-1 പോത്തു വളർത്തൽ (റ്റി എസ് പി )- അപാകങ്ങൾ- ചെലവു തുക 108000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 105/22 |
| പ്രോജക്റ്റിന്റെ പേര് | പോത്തുകുട്ടി /കന്നുകുട്ടി വിതരണം ( റ്റി എസ് പി ) |
| അടങ്കൽ | 160000-(വികസന ഫണ്ട് -റ്റി.എസ്.പി – 120000/-, ഗുണഭോക്തൃ വിഹിതം – 40000/-) |
| ചെലവ് | 58000/- (വികസന ഫണ്ട് -റ്റി.എസ്.പി) സുലേഖ പ്രകാരം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ഓഡിറ്റ് എൻക്വയറി നം | 51/2-2-23 |

പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 12000 രൂപ പദ്ധതിവിഹിതവും 4000രൂപ ഗുണഭോക്തൃ വിഹിതവും എന്ന രീതിയിൽ ആകെ 160000രൂപ അടങ്കലുള്ള പദ്ധതിയിൽ ഗുണഭോക്തൃ സമിതി കാളകുട്ടിയെ വാങ്ങി ഇൻഷ്വർ ചെയ്യുന്ന മുറക്ക് തുക വിറ്റയാളുടെ അക്കൌണ്ടിലേക്ക് കൈമാറുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സുലേഖ പ്രകാരം ആകെ 58000/-രൂപ ചെലവുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. എ സി ആർ പ്രകാരം 108000/-രൂപ ചെലവുണ്ട്. എ സി ആർ ബിൽ നം 409/19-3-22 തുക 36000,448/25-3-22-22000, 514/31-3-22 തുക 22000, 515/31-3-22-22000, 516/ 31-3-22 തുക 6000/- . എന്നാൽ സുലേഖ പ്രകാരം 58000/-രൂപയുടെ ചെലവുമാത്രമെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളു ആയതിന്റെ കാരണം വ്യക്തമാക്കുന്നതിനും പ്രസ്തുത തുക ഏതെല്ലാം ഗുണഭോക്താക്കളുടെ പദ്ധതി വിഹിതമാണെന്നും ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം വിതരണം ചെയ്തതെന്നും വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

2. പദ്ധതി രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തൽ പ്രകാരം ഗുണഭോക്തൃ സമിതി രൂപീകരിച്ച് സമിതി മുഖേന കന്നുകുട്ടികളെ വാങ്ങി ഇൻഷ്വർ ചെയ്യുന്ന മുറക്കാണ് പദ്ധതി തുക കൈമാറേണ്ടത് . എന്നാൽ അപ്രകാരം ഗുണഭോക്തൃ സമിതി രൂപീകരിച്ചിട്ടില്ല. ഗുണഭോക്താക്കൾ ഇൻഷ്വറൻസ് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. 2-3-22 തിയ്യതിയിലെ 2/2 നം തീരുമാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് 82 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതവും ഇൻഷൂറൻസ് തുകയും കൈപ്പറ്റി പോത്തുകുട്ടികളെ വിതരണം ചെയ്തതായി വെറ്ററിനറി സർജ്ജൻ

റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എപ്രകാരമാണ് ഗുണഭോക്തൃ വിഹിതം കൈമാറിയത് എന്നതിന്റെ വിവരവും ലഭ്യമല്ല.

3. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

4. രജിസ്റ്റർ പ്രകാരം 7 പേരുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 5 പേര് മാത്രമെ ആനുകൂല്യം കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളൂ.( ചന്ദ്രിക, ശ്യാമള, ശാന്ത, വിജയകുമാരി, അംബിക) അംബിക , ഉഷ, വിമല എന്നിവരുടെ അപേക്ഷകൾ മാത്രമാണ് ഫയലിലുള്ളത് . ബാക്കി അപേക്ഷകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

5. അപേക്ഷകളിൽ ഭൂരിഭാഗത്തിലും റേഷൻ കാർഡിന്റെ കോപ്പി , ആധാർ കോപ്പി, എന്നിവ മാത്രമാണ് ഉള്ളത്.അപേക്ഷ ഇല്ലാത്തതും കാലികളുടെ ഗുണനിലവാരം സർട്ടിഫൈ ചെയ്യാതെയും കണ്ടു. അപേക്ഷകളിൽ ഭൂരിഭാഗത്തിലും മാനദണ്ഡപ്രകാരമുള്ള മാർക്ക് രേഖപ്പെടുത്താത്തതായി കണ്ടു.

6.പോത്ത് കുട്ടികളെ വിറ്റതിന് , തങ്കമണി റ്റി- എന്നവർക്ക് 22000 രൂപ ( A/c-5876010002383, Ifsc-BARBONANNIY)നസീർഖാൻ എന്നവർക്ക് 36000/- രൂപ എന്നിങ്ങനെ വികസന ഫണ്ട് റ്റി.എസ്.പി യിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിൽ ഓരോരുത്തരും ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് വിതരണം നടത്തിയിട്ടുള്ളതെന്നതിന്റെ വിവരം ലഭ്യമല്ല. വില ചീട്ട്, വിറ്റ ആളുടെ ബാങ്ക് അക്കൌണ്ട് വിശദാംശങ്ങൾ എന്നിവ ഫയലിൽ ഇല്ല മേൽ പറഞ്ഞ രേഖകളും UTR സ്റ്റേറ്റ്മെന്റുകളും ലഭ്യമാക്കേണ്ടതാണ്. നസീർ ഖാൻ എന്ന വ്യക്തിയുടെ ബാങ്ക് അക്കൌണ്ട് രേഖ മാത്രം ഫയലിലുണ്ട്.

7.2-3-22 ലെ അജണ്ട 2 തീരുമാനം-11പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഡോക്ടർ നിർവ്വഹണം നടത്തി വരുന്ന പോത്തുകുട്ടി വളർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്ത പോത്തുകുട്ടികളെ കൈമാറ്റം ചെയ്തുവെന്ന് കാണിച്ച് വെറ്ററിനറി ഡോക്ടർ സമർപ്പിച്ച കത്ത് കമ്മിറ്റി ചർച്ച ചെയ്തു. ടി വിഷയത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് വെറ്ററിനറി ഡോക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഏതെല്ലാം ഗുണഭോക്താക്കളാണ് ഇപ്രകാരം കന്നുകാലികളെ കൈമാറിയത് എന്നതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

8. തൂക്ക കുറവുള്ള പോത്തുകുട്ടികൾക്ക് ആനുപാതികമായി വിലയിൽ കുറവു വരുത്തിയിരുന്നോ എന്നുള്ളതിന്റെ വിവരവും എപ്രകാരമാണ് പോത്തുകുട്ടിക്ക് വില നിശ്ചയിച്ചതെന്നും വ്യക്തമല്ല.

9. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 ൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളെ ഭരണസമിതി തിരഞ്ഞെടുത്തിരിക്കുന്നു. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

10. സർക്കാർ ഉത്തരവ് നം ( കൈ) 223/2022/LSGD /തിയ്യതി-1-10-22 പ്രകാരം പാങ്ങോട് പഞ്ചായത്തിൽ 2021-22 വർഷം നടപ്പിലാക്കിയ പോത്തുകുട്ടി വളർത്തൽ പദ്ധതി യിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനെതിരായ പരാതി തദ്ദേശ സ്ഥാപനങ്ങളുടെ ഓംബുഡ്സ് മാന് റഫർ ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. കേസിന്റെ തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിരിക്കുന്ന അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 108000 രൂപ തടസ്സത്തിൽ വക്കുന്നു.

## 1-52 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 178608 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 101/22 |
| പ്രോജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1000000-(വികസന ഫണ്ട് -ജനറൽ- 500000/- , ഗുണഭോക്തൃ വിഹിതം – 500000/-) |
| ചെലവ് | 500000/- (വികസന ഫണ്ട് -ജനറൽ) |
| എ സി ആർ ബിൽ നം | 216/18-1-22 തുക 500000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

മൃഗാശുപത്രിയിലെ കന്നുകുട്ടി രജിസ്റ്ററിൽ പേരു ഉൾപ്പെടുത്തിയിട്ടുള്ളവരെ ഗ്രാമ സഭ മുഖാന്തിരം തെരഞ്ഞെടുത്ത് 4-6 മാസം പ്രായമായ 40 കന്നുകുട്ടികൾക്ക് പ്രസവിക്കുന്നതുവരെ തീറ്റ നൽകുന്നതിനായാണ് മേൽ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത് . ആകെയുള്ള 40 ഗുണഭോക്താക്കളിൽ CAPൽ ഉൾപ്പെടുന്ന 40 ഗുണഭോക്താക്കൾക്ക് 12500/-രൂപ നിരക്കിൽ എസ് എൽ ബി പിയിൽ അടവാക്കുന്നു. വിവിധ സംഘങ്ങളിൽ നിന്നുമാണ് കാലിതീറ്റ വിതരണം ചെയ്യുന്നത് . മേൽ ബിൽ പ്രകാരം 500000/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക്

കൈമാറിയിട്ടുണ്ട് . 20-1-23 ലെ വിനിയോഗസാക്ഷ്യ പത്രം പ്രകാരം 321392/- രൂപ വരെ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 178608/- രൂപയുടെ വിനിയോഗവിവരം ലഭ്യമല്ല. 2018-19 , 2019-20, 2020-21 എന്നീ വർഷങ്ങളിൽ എസ്.എൽ.ബി.പി ക്ക് കൈമാറിയ തുകയുടെയും പ്രസ്തുത വർഷങ്ങളിൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രത്തിന്റെയും വിശദാംശം ലഭ്യമാക്കുന്നതിനും ,Thrown Out ആയ ഗുണഭോക്താക്കളുടെ എണ്ണം എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് എൻക്വയറി നം -24/30-1-23) ആയത് ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ , ഗുണഭോക്തൃ ലിസ്റ്റ്, കന്നുകുട്ടി ജനന രജിസ്റ്ററിൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയവരുടെ എൻറോൾമെന്റ് വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. മേല്പറഞ്ഞ രേഖകളും വിനിയോഗ വിവരവും ലഭ്യമാക്കുന്നതു വരെ 178608/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-53 കാലിത്തൊഴുത്ത് നവീകരണം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 108/22 |
| പ്രോജക്റ്റിന്റെ പേര് | പരമ്പരാഗത ക്ഷീര കർഷകർക്ക് കാലിത്തൊഴുത്ത് നവീകരണം, ചാണകക്കുഴി, മൂത്രത്തൊട്ടി നിർമ്മാണം |
| അടങ്കൽ | 2500000 /-(വികസന ഫണ്ട് -ജനറൽ-1250000/- , ഗുണഭോക്തൃ വിഹിതം 1250000/-) |
| ചെലവ് | 1042250/- (വികസന ഫണ്ട് -ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

കാലിത്തൊഴുത്ത് നവീകരണം , വളക്കുഴി നിർമ്മാണം , മൂത്രത്തൊട്ടി നിർമ്മാണം എന്ന പദ്ധതിക്കായി ഒരു ഗുണഭോക്താവിന് 25000/- രൂപ സബ്സിഡിയായും 25000/- രൂപ ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കണം എന്ന രീതിയിലും 50 പേർക്കായി 2500000/-രൂപ വകയിരുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക-6-2-19 പ്രകാരം കഴിഞ്ഞ രണ്ടു വർഷമായി കന്നുകാലികളെ വളർത്തുന്നവരായിരിക്കണം ഗുണഭോക്താക്കൾ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യം നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കിയതിന്റെ വിവരവും മുൻ വർഷങ്ങളിലും സമാനരീതിയിൽ പദ്ധതി നടപ്പാക്കിയിട്ടുള്ളതിനാൽ നിലവിലെ പദ്ധതിയിലെ ഗുണഭോക്താക്കൾ മുൻപ് ആനുകൂല്യം കൈപ്പറ്റിയവരല്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ എപ്രകാരം ഉറപ്പു വരുത്തി എന്നതിന്റെ വിവരവും മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരുടെ വിശദാംശം രേഖപ്പെടുത്തിയ രജിസ്റ്ററും ,പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 39/31-1-23 മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്ക് ആനുകൂല്യം അനുവദിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന രേഖകൾ , ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭയിൽ വച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 61/2-2-23 നം എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം കൈമാറിയ അക്കൌണ്ട് നമ്പർ ഫയലിൽ ലഭ്യമാക്കിയ അക്കൌണ്ട് നമ്പരിൽ നിന്നും വ്യത്യാസം കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | ഫയലിലുള്ള അക്കൌണ്ട് | തുക കൈമാറിയ അക്കൌണ്ട് |
|---|---|---|
| പ്രസന്ന | 102501000017225 | 67323020626 |
| അബ്ദുൾ ജബ്ബാർ | 40799642995 | 020741200431556 |

മേൽ പറഞ്ഞ അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-54 മുട്ടക്കോഴി വിതരണം - രേഖകൾ ലഭ്യമല്ല 73700/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ)

| | |
|---|---|
| പ്രോജക്റ്റ് നം | 102/22 |
| പ്രോജക്റ്റിന്റെ പേര് | മുട്ടക്കോഴി വിതരണം (വനിത) |

| | |
|---|---|
| അടങ്കൽ | 801600/-(വികസന ഫണ്ട് -ജനറൽ- 400800/-, ഗുണഭോക്തൃ വിഹിതം 400800/-) |
| ചെലവ് | 799200 (വികസന ഫണ്ട് -ജനറൽ - 399600/-, ഗുണഭോക്തൃ വിഹിതം 399600/-) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗുണഭോക്തൃ വിഹിതം അടവാക്കിയ 668 പേർക്ക് ഒരാൾക്ക് 10 എണ്ണം വീതം മുട്ടക്കോഴികളെ വിതരണം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഗുണഭോക്തൃ വിഹിതമായി ഒരു ഗുണഭോക്താവിൽ നിന്നും 600/- രൂപ വീതം ആകെ 666 പേരിൽ നിന്നായി ആകെ 399600/-രൂപ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. ഇൻവോയ്സ് നം 44/16-3-22 പ്രകാരം 2420 മുട്ടക്കോഴികളെ ശ്രീ. ശശിധരൻ പിള്ള വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 2300 കോഴിക്കുഞ്ഞുങ്ങൾക്കു വാക്സിനേഷൻ നൽകിയതിന്റെ രേഖകൾ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ.

2. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന രീതിയിലാണ് മുട്ടക്കോഴികളെ വിതരണം ചെയ്തത്. ഇൻവോയ്സ് നം 21/16-11-21 പ്രകാരം -950 എണ്ണം, ഇൻവോയ്സ് നം 23/22-11-21 പ്രകാരം -1090 എണ്ണം, പദ്മ എഗ്ഗർ നഴ്സറിയുടെ ഇൻവോയ്സ് നം രേഖപ്പെടുത്താത്ത 27-12-21 തീയതി പ്രകാരം- 1870 എണ്ണം, ഇൻവോയ്സ് നം 44/16-3-22 പ്രകാരം -2420 എണ്ണം, ആകെ 6330 എണ്ണം മുട്ടക്കോഴികളെ വിതരണം ചെയ്തതിന്റെ രേഖകളേയുള്ളൂ. എന്നാൽ 6660 എണ്ണത്തിനുള്ള തുക ഗുണഭോക്തൃ വിഹിതത്തിൽ നിന്നും പ്ലാൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

3. എ സി ആർ ബിൽ നം 446/25-3-22 പ്രകാരമുള്ള 19800/- രൂപ ,വൌച്ചർ നം 22100864/30-3-22 പ്രകാരമുള്ള തുകയായ 19800/- എന്നീ തുകകളുടെ ചെലവു വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സുരക്ഷിതമായ കോഴിക്കൂടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ ഗുണഭോക്താക്കൾക്കു മാത്രമേ മുട്ടക്കോഴികളെ വിതരണം ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്, ആയത് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ലഭ്യമല്ല. മേൽ അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 40/31-1-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ് . പ്രസ്തുത രേഖകളുടെ അഭാവത്തിൽ 39600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി.

| | |
|---|---|
| പ്രോജക്ട് നം | 126/22 |
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴി വിതരണം വനിത( SO) |
| അടങ്കൽ | 281800-(വികസന ഫണ്ട് ജനറൽ 140900/- , ഗുണഭോക്തൃ വിഹിതം – 140900/-) |
| ചെലവ് | 34100 (ഗുണഭോക്തൃ വിഹിതം) |
| വൌച്ചർ നം | 22100846/25-3-22-34100 |

പദ്ധതി പ്രകാരം ശ്രീ. സ്റ്റാലിൻ. എം എന്ന വ്യക്തിക്ക് 34100/- രൂപ തനതു ഫണ്ടിൽ നിന്നും (ഗുണഭോക്തൃ വിഹിതമായി) മേൽവൌച്ചർ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ടിയാൻ മുട്ടക്കോഴികളെ വിതരണം ചെയ്തതിന്റെ ഇൻവോയ്സ് ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകളും,കോഴികളെ വിതരണം നടത്തിയ രേഖകളും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 40/31-1-23- പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതു വരെ 34100/- രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-55 കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല

1. 13-4-21 ലെ അജണ്ട-1- തീരുമാനം-3 പ്രകാരം പാങ്ങോട്, ഭരതന്നൂർ മാർക്കറ്റുകളിലെ ബയോഗ്യാസ് പ്ലാൻറുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ, ടി സ്റ്റാൻറിംഗ് കമ്മറ്റി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥ എന്നിവരെ ചുമതലപ്പെടുത്തി തീരുമാനിച്ചട്ടുണ്ട് .

2-2-2023 ലെ സ്ഥല പരിശോധനയിൽ പ്ളാന്റുകൾ പ്രവർത്തന ക്ഷമമല്ല എന്ന് കണ്ടു. പ്ളാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

താഴെ ചേർക്കുന്ന കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നം 47/2-2-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല

2. 22-5-21 ലെ അജണ്ട -4 തീരുമാനം-1പ്രകാരംപാങ്ങോട് മാർക്കറ്റിലെ താബൂക്ക് ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട് , ലേലം നടന്നതിന്റെ വിവരവും വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

3. 25-6-21 ലെ അജണ്ട 6 തീരുമാനം -1 പ്രകാരം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് മുഖേന പാങ്ങോട് ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച ഹോളോബ്രിക്സ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. യൂണിറ്റ് പ്രവർത്തന ക്ഷമമായതിന്റെ വിവരം ലഭ്യമാക്കിയില്ല

4. 15-7-21 ലെ അജണ്ട -1 തീരുമാനം6 പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിയിൽ നിലവിൽ 204 ഗുണഭോക്താക്കളാണുള്ളതിൽ പലരുടെയും ജീവിത സാഹചര്യം മെച്ചപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തൽ സമിതി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, കുടുംബശ്രീ സി.ഡി.എസും അതാത് വാർഡ് മെമ്പർമാരും സംയുക്തമായി പരിശോധിച്ച് ജീവിത സാഹചര്യം മെച്ചപ്പെട്ട ആളുകളുടെ ലിസ്റ്റ് നൽകുന്നതിനും ഇവരെ അഗതിരഹിത കേരളം പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിനായി ടി ലിസ്റ്റ് വീണ്ടും നിശ്ചിത വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ പുനപരിശോധിച്ച് റിപ്പോർട്ട് സമയബന്ധിതമായി കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇക്കാര്യത്തിലെ തുടർ നടപടിവിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

5.കേന്ദ്ര സർക്കാരിൻറെ നിർദ്ദേശാനുസരണം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി പൌരാവകാശ രേഖ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടി ക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന ബഹു. പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരം പൌരാവകാശ രേഖ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഹെഡ് ക്ളർക്കിനെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.അപ്രകാരം പുതുക്കിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. .

6. 9-12-21 ലെ അജണ്ട-1 തീരുമാനം-22 പ്രകാരം പാങ്ങോട് വില്ലേജിലെ റീസർവ്വെ പ്രകാരം മുൻ ഉടമസ്ഥൻറെ പേരിൽത്തന്നെ നിലനിൽക്കുന്ന പഞ്ചായത്ത് വക വസ്തുക്കൾ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കി സെക്രട്ടറിയുടെ പേരിലേക്ക് മാറ്റി നിലനിർത്തേണ്ടതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശുപാർശ കമ്മിറ്റി ചർച്ച ചെയ്തു. ഓരോ വാർഡിലും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കളുടെ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് അതാത് വാർഡ് മെമ്പർമാരെ ചുമതലപ്പെടുത്തിയും മാറി വന്നിട്ടുള്ളവയുടെ ഉടമസ്ഥാവകാശം സംബന്ധിക്കുന്ന രേഖകൾഉൾപ്പെടെ ഹാജരാക്കി സെക്രട്ടറിയുടെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വികസനകാര്യസ്റ്റാൻറിഗ് കമ്മിറ്റി ചെയർമാനെയും സെക്രട്ടറിയെയും ചുമതലപ്പെടുത്തിയും തീരുമാനിച്ചു. ഇക്കാര്യത്തിലെ തുടർനടപടി വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

7.2-11-21 ലെ അജണ്ട-27 തീരുമാനം-1പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിലെ എല്ലാ ആസ്തികളും ഉൾ പ്പെട്ടിട്ടില്ല എന്നും കഴിഞ്ഞ രണ്ടു വർഷങ്ങളായി പുതിയതായി നിലവിൽ വന്ന ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ആയതിനാൽ അടിയന്തിരമായി ആസ്തി രജിസ്റ്റർ പുതുക്കി കാലികമാക്കുന്നതിനെക്കുറിച്ച് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും ആയതിനാൽ നിലവിലുള്ള ആസ്തി രജിസ്റ്റർ പരിശോധിച്ച് ഓരോ വാർഡുകളിലും ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത നിർമ്മാണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നൽകുന്നതിന് അതാത് വാർഡ് മെമ്പർമാരോട് നിർദ്ദേശിച്ച് തീരുമാനിക്കുകയും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി. എ.ഇ യെ ചുമതലപ്പെടുത്തുന്നതിനും കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

8 .പാങ്ങോട് ഗ്രാമപഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകളിൽ ഭൂരിഭാഗവും ജലം ലഭ്യമാകാത്ത രീതിയിൽ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ആയത് അടിയന്തിരമായി മെയിൻറനൻസ് ചെയ്ത് ജനങ്ങൾക്ക് ഉപയോഗ പ്രദമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഗ്രൌണ്ട് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് . കുഴൽ കിണറുകൾ ഉപയോഗക്ഷമമായതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

## 1-56 മാലിന്യ സംസ്കരണത്തിനായി നിർമ്മിച്ച യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 146/22 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസ് , ഭരതന്നൂർ മാർക്കറ്റ് ,ഹൈസ്കൂൾ എന്നിവിടങ്ങളിൽ തുമ്പൂർ മുഴി മോഡൽ എയ്റോബിക് മോഡൽ |

| | |
|---|---|
| | കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം |
| അടങ്കൽ | 893336 ( എസ് ബി എം ഫണ്ട് ) |
| ചെലവ് | 654297 ( എസ് ബി എം ഫണ്ട് ) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പഞ്ചായത്ത് ഓഫീസ് , ഭരതന്നൂർ മാർക്കറ്റ് , ഹൈസ്കൂൾ എന്നിവിടങ്ങളിൽ തുമ്പൂർ മുഴി മോഡൽ എയ്റോബിക് മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 2-2-23 ന നടത്തിയ സ്ഥല പരിശോധനയിൽ ഭരതന്നൂർ മാർക്കറ്റ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതായി കണ്ടു. 2020-21 വർഷം പാങ്ങോട് മാർക്കറ്റിൽ നിർമ്മാണം പൂർത്തിയാക്കിയ യൂണിറ്റ് നിലവിലും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതായും മാലിന്യം യൂണിറ്റിനു ചുറ്റിലും ചിതറിയ നിലയിലും കണ്ടു. മേൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പ്രവർത്തന റിപ്പോർട്ട് ഓഡിറ്റിന് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബഡ്സ് സ്കൂൾ വികസനത്തിനായി വാങ്ങിയ ഉപകരണങ്ങൾ സ്ഥലപരിശോധനയിൽ കണ്ടെത്താനായില്ല -496673.19/- രൂപ നിരാകരണം, 1905933.81/- രൂപ തടസ്സം

സ.ഉ(എം.എസ്) നം. 20/2018/ തസ്വഭവ തീയതി 07.02.2018 ഉത്തരവ് പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ബഡ്സ് സ്കൂളും ബഡ്സ് പുനരധിവാസ കേന്ദ്രവും ആരംഭിക്കാവുന്നതാണെന്നും ഒരു കേന്ദ്രം ആരംഭിക്കുമ്പോൾ അവയിൽ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ക്ലാസ് മുറികൾ, ഫിസിയോതെറാപ്പി മുറി, ശുചി മുറികൾ, ഒക്കുപ്പേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, ഓഫീസ് മുറി, ഭക്ഷണ മുറി, വൊക്കേഷണൽ പരിശീലന മുറി, അടുക്കള, വിനോദ മുറി / സ്ഥലം എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ബഡ്സ് സ്കൂൾ കെട്ടിടത്തിൽ മൂന്ന് ക്ലാസ് മുറികൾ, ഒരു അടുക്കള, ഒരു ശുചിമുറി, ആവശ്യകത എന്തെന്ന് രേഖപ്പെടുത്താത്ത മറ്റ് മൂന്ന് മുറികൾ, കളിസ്ഥലം എന്നിവയാണുള്ളത്.

പാങ്ങോട് പഞ്ചായത്തിൽ ബഡ്സ് സ്കൂൾ കെട്ടിടം ഉദ്ഘാടനം 30.09.2020-ൽ നടന്നു. ഓഡിറ്റ് തീയതി വരെയും ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കോവിഡ് സാഹചര്യമായതിനാലാണ് പ്രവർത്തനം ആരംഭിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. .സ.ഉ (കയ്യെഴുത്ത് )നം 144/2013/ത.സ്വ.ഭ.വ തീ.06/4/13 പ്രകാരം ബഡ്സ് സ്കൂൾ മനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം ഇതിന് മുൻകൈ എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തിയായ ബഡ്സ് സ്കൂളുമായി ബന്ധപ്പെട്ട് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന സൗകര്യ വികസനം, ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികളുടെ നിർവഹണത്തിന് കാലതാമസം നേരിട്ടതിനാൽ ICDSസൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ ടി പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആക്കുന്നതിന്റെ ഭാഗമായി ശ്രീമതി അശ്വതി പ്രദീപ്(ക്ഷേമകാര്യ സ്റ്റാൻറിംഗ്കമ്മിറ്റിചെയർപേഴ്സൺ) ചെയർമാനായും ശ്രീ.അൻവർ(ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ) വൈസ് ചെയർമാനായും ഒരു സബ്കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയുടെ കൺവീനറായി അസിസ്റ്റൻറ് സെക്രട്ടറിയെയും ജോയിൻറ് കൺവീനറായി ICDS സൂപ്പർവൈസറെയും ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ ശ്രീമതി ബിന്ദു(വാർഡ് മെമ്പർ), ശ്രീ.ഷാനവാസ്(വാർഡ് മെമ്പർ), ശ്രീ ഗിരിപ്രസാദ്(വാർഡ് മെമ്പർ) എന്നിവരും ഈ സബ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ബഡ്സ് സ്കൂൾ സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ടി സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി 09/12/2021 – ലെ 1(27) നമ്പർ ഭരണസമിതി തീരുമാനം എടുത്തിരുന്നു.

ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമായി 2021 -22

സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| S0122/22 – ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യ വികസനം | | S0157/22 – ബഡ്സ് സ്കൂളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | |
|---|---|---|---|
| അടങ്കൽ | 1153224 (153224/ – വി.ഫ.ജ 1000000/- ബ്ലോക്ക് . പ.വിഹിതം) | അടങ്കൽ | 1250000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1152765/- (152810/ – വി.ഫ.ജ 999955/- ബ്ലോക്ക് . പ.വിഹിതം) | ചെലവ് | 1249842/- |
| ബിൽ നം. | 375/14.03.2022 തുക 152810/- 382/16.03.2022 തുക 999955/- | ബിൽ നം. | 383/16.03.2022 തുക 1249842/- |

02.02.2023 തീയതിയിയിൽ ബഡ്സ് സ്കൂളിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രോജക്ടുകൾ മുഖേന വാങ്ങിയ വിവിധ സാധനങ്ങൾ കണ്ടെത്താൻ സാധിച്ചിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 55/ 02.02.2023) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലപരിശോധന റിപ്പോർട്ടിലെ വസ്തുതകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ അംഗീകരിച്ചിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17.02.2023 തീയതിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ വീണ്ടും ബഡ്സ് സ്കൂളിൽ സ്ഥല പരിശോധന നടത്തിയെങ്കിലും സാധനങ്ങൾ പൂർണ്ണമായും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

എ) പ്രോജക്ട് നം. 157/22 – ബഡ്സ് സ്കൂളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി മുഖേന ഇൻവോയ്സ് നം.221/2021-22 തീയതി 26.02.2022 പ്രകാരം ലഭിച്ച സാധനങ്ങളിൽ കണ്ടെത്താൻ കഴിയാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാധനം | വാങ്ങിയ എണ്ണം (ഇൻവോയ്സ് പ്രകാരം) | ഒരെണ്ണത്തിന്റെ വില | ആകെ വില | സ്ഥല പരിശോധനയിൽ കണ്ടെത്തിയവ | കണ്ടെത്താൻ കഴിയാത്തവയുടെ വില |
|---|---|---|---|---|---|---|
| 1 | Office Table 4X2 | 3 | 8898 | 26694 | 0 | 26694 |
| 2 | Chair | 3 | 4619 | 13857 | 0 | 13857 |
| 3 | Almirah | 3 | 11483 | 34449 | 0 | 34449 |
| 4 | Computer Table | 1 | 2966 | 2966 | 0 | 2966 |
| 5 | Computer Chair | 1 | 5508 | 5508 | 0 | 5508 |
| 6 | Office Rack | 3 | 6763 | 20289 | 0 | 20289 |
| 7 | Printer | 1 | 11441 | 11441 | 0 | 11441 |
| 8 | Wifi & | 1 | 4449 | 4449 | 0 | 4449 |


| | | | | | | |
|---|---|---|---|---|---|---|
| | Modem | | | | | |
| 9 | Weight Cuff Set | 1 | 2534.75 | 2534.75 | 0 | 2534.75 |
| 10 | Scooter Board | 1 | 3670.34 | 3670.34 | 0 | 3670.34 |
| 11 | Bolt Star Set | 1 | 3450 | 3450 | 0 | 3450 |
| 12 | Wedge | 1 | 1445.76 | 1445.76 | 0 | 1445.76 |
| 13 | Gymnic Ball | 1 | 3187.29 | 3187.29 | 0 | 3187.29 |
| 13 | Special Chair For Disabled | 1 | 7563.56 | 7563.56 | 0 | 7563.56 |
| 14 | Spring Rocker Duck | 2 | 11568 | 23136 | 1 | 11568 |
| 15 | Rocker Duck | 2 | 7415 | 14830 | 0 | 14830 |
| 16 | Garden Bench | 2 | 15978 | 31956 | 1 | 15978 |
| കണ്ടെത്താൻ കഴിയാത്ത സാധനങ്ങളുടെ ആകെ വില | | | | | | 183880.7 |

സ്ഥല പരിശോധനയിൽ കണ്ടെത്തിയ 3 പ്രൊജക്ടറുകൾ "Benq" എന്ന കമ്പനിയുടേതാണ്. എന്നാൽ ബില്ലിൽ 3 വർഷം വാറന്റിയുള്ള "SONY" പ്രൊജക്ടർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കൂടാതെ ബഡ്സ് സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള Home Theatre "IMPEX" എന്ന കമ്പനിയുടേതാണ്. എന്നാൽ ബില്ലിൽ "Zebronics" എന്ന കമ്പനിയുടെ Home Theatre എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സിഡ്കോ മുഖാന്തിരം ലഭ്യമായ സാധനങ്ങളുടെ ആധികാരികത നിർവഹണ ഉദ്യോഗസ്ഥയോ ഇതിനായി രൂപീകരിച്ച സബ്കമ്മിറ്റിയോ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്.

ഇവ കൂടാതെ പ്രോജക്ട് മുഖേന വാങ്ങിയ കമ്പ്യൂട്ടർ (വില – 25314/- രൂപ) പ്രവർത്തിപ്പിക്കാതെ കവറിൽ തന്നെ (മോണിറ്റർ, സി.പി.യു , കീബോർഡ് പ്രത്യേകം) സൂക്ഷിച്ചിരിക്കുകയാണ്. സിഡ്കോ മുഖാന്തിരം വാങ്ങിയ Original Windows Software ( 8458/-രൂപ )ഇൻസ്റ്റാൾ ചെയ്തിട്ടില്ല. എന്നിരുന്നാലും ഇൻസ്റ്റലേഷൻ ചാർജസ് ഇനത്തിൽ 13390/- രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. Windows Software ഇൻസ്റ്റാൾ ചെയ്ത് കമ്പ്യൂട്ടർ പ്രവർത്തന ക്ഷമമാണെന്ന് സിഡ്കോ ഏജന്റ് ബോധ്യപ്പെടുത്തിയിരുന്നുവെന്ന് ഐ,സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ Cpu, മോണിറ്റർ, കീബോർഡ് എന്നിവ പ്രത്യേകം പ്രത്യേകം കവറുകളിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.





ഇൻസ്റ്റാൾ ചെയ്യാതെ ഇൻസ്റ്റലേഷൻ ഇനത്തിൽ നൽകിയ 13390/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. പ്രോജക്ട് നം. 157/22 പ്രകാരം വാങ്ങിയ സാധനങ്ങളിൽ കണ്ടെത്താൻ കഴിയാത്ത ആകെ സാധനങ്ങളുടെ വിലയായ 183880.7/- രൂപയും ഇൻസ്റ്റലേഷൻ ചാർജസ് ഇനത്തിൽ സിഡ്കോയ്ക്ക് നൽകിയ 13390/- രൂപയും ഉൾപ്പെടെ 197270.7/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. അതോടൊപ്പം ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ച് മേൽ പ്രോജക്ട് മുഖേന വാങ്ങിയ സാധനങ്ങൾ ഉപയോഗക്ഷമമാക്കുന്നതു വരെ ബാക്കി ചെലവ് തുകയായ 1052571.3/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ബി) പ്രോജക്ട് നം. 122/22 – അടിസ്ഥാന സൗകര്യ വികസനത്തിനായി വാങ്ങിയ ഇൻവോയ്സ് നം.220/2021-22 , 222/2021-22 തീയതി 26.02.2022 പ്രകാരം ലഭിച്ച സാധനങ്ങൾ പൂർണ്ണമായും സ്ഥലപരിശോധനയിൽ കണ്ടെത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാധനം | വാങ്ങിയ എണ്ണം (ബിൽ പ്രകാരം) | ഒരെണ്ണത്തിന്റെ വില | ആകെ വില | സ്ഥല പരിശോധനയിൽ കണ്ടെത്തിയവ | കണ്ടെത്താൻ കഴിയാത്തവയുടെ വില |
|---|---|---|---|---|---|---|
| 1 | Bench With Back Rest (Inv No. 222/2021-22 Dtd 26.02.2022) | 9 | 12500 | 1,12.500 | 12 | 37500/- രൂപ വിലയുള്ള സാധനം അധികമായി കണ്ടെത്തി |
| 2 | Bench With Arm Rest (Inv No. 220/2021-22 Dtd 26.02.2022) | 30 | 10576.27 | 317288.10 | 10 | 211525.4 |
| 3 | Desk(inv No. 220/2021-22 Dtd 26.02.2022) | 30 | 6762.71 | 202881 | 22 | 54101.68 |
| 4 | Book Shelf (Inv No. 220/2021-22 Dtd 26.02.2022) | 3 | 11258.47 | 33775.41 | 0 | 33775.41 |
| കണ്ടെത്താൻ കഴിയാത്ത സാധനങ്ങളുടെ വില | | | | | | 299402.49 |

പ്രോജക്ട് നം. 122/22 പ്രകാരം വാങ്ങിയ സാധനങ്ങളിൽ കണ്ടെത്താൻ കഴിയാത്ത ആകെ സാധനങ്ങളുടെ വിലയായ 299402.49/- രൂപ നിരാകരിക്കുന്നു. അതോടൊപ്പം ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ച് മേൽ പ്രോജക്ട് മുഖേന വാങ്ങിയ സാധനങ്ങൾ ഉപയോഗക്ഷമമാക്കുന്നതു വരെ ബാക്കി ചെലവ് തുകയായ 853362.51/- (1152765- 299402.49) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് മുഖേന ഓർഡർ ചെയ്ത സധനങ്ങൾ മുഴുവൻ കേടുപാടുകളില്ലാതെ നല്ല രീതിയിൽ ലഭിച്ചുവെന്ന് 31/03/2022-ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ സിഡ്കോ യൂണിറ്റിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ലഭ്യമായ മുഴുവൻ സാധനങ്ങളും സ്ഥലപരിശോധനയിൽ കണ്ടെത്താൻ കഴിയാത്തത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിന് മുഴുവൻ സാധനങ്ങളും ഐ.സി.ഡി.എസ് സൂപ്പർവൈസർ ചാർജ് മാറുന്ന സമയത്ത് ബഡ്സ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയെ ബോധ്യപ്പെടുത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ ഐ.സി.ഡി.എസ് സൂപ്പർവൈസർ ചാർജ് മാറിയപ്പോൾ പുതിയ സൂപ്പർവൈസർക്ക് കൈമാറുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ മുഴുവൻ സ്ഥലപരിശോധനയിൽ കണ്ടെത്താൻ കഴിയാത്തത് നിർവഹണ ഉദ്യോഗസ്ഥയുടെയും മേൽ പ്രോജക്ടുകളുടെ നിർവഹണത്തിനായി രൂപീകരിച്ച സബ്കമ്മിറ്റിയുടെയും ഭാഗത്തെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസറും സിഡ്കോ വുഡ് വർക്കിങ് യൂണിറ്റ് പാപ്പനംകോട് മാനേജിങ് ഡയറക്ടറുമായി 04/02/2022, 19.03.2022 തീയതികളിൽ മേൽ പ്രോജക്ടുകൾക്കായി ചമച്ച കരാറിന്റെ നിബന്ധന 17 പ്രകാരം എഗ്രിമെന്റ് തീയതി മുതൽ ഒരു വർഷക്കാലയളവ് വരെ സാധനങ്ങൾക്ക് വാറന്റിയുണ്ടായിരിക്കുകയുള്ളുവെന്ന് വ്യക്തമാക്കിയിരിക്കെ പ്രോജക്ട് മുഖേന ലഭിച്ച വിവിധ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥയുടെയും സബ്കമ്മിറ്റിയുടെയും ഭാഗത്തെ അനാസ്ഥയാണ്. പ്രോജക്ട് മുഖേനയുള്ള സാധനങ്ങൾ ലഭ്യമായ സമയത്ത് ബഡ്സ്

സ്കൂളിൽ കറണ്ട് കണക്ഷൻ ഇല്ലാത്തതിനാൽ അയൽവീട്ടിൽ നിന്നും കറണ്ട് കണക്ഷൻ ലഭ്യമാക്കുകയും ഇൻസ്റ്റലേഷൻ ചെയ്തിട്ട് കറന്റ് കണക്ഷൻ അയൽവീട്ടുകാർ മാറ്റിയ സാഹചര്യത്തിൽ വീണ്ടും മാറ്റി കവറുകളിൽ തന്നെ സൂക്ഷിക്കുകയാണുണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മുൻപായും ആവശ്യകതാ നിർണ്ണയം നടത്താതെയും സാധനങ്ങൾ വാങ്ങിയതിന്റെ ഔചിത്യം ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല,

13.10.2022 -ലെ 5(1) ഭരണസമിതി തീരുമാന പ്രകാരം ബഡ്സ് സ്കൂൾ അഡ്മിഷനുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ 2022 നവംബർ 1 ന് ആരംഭിക്കുന്നതിനും , ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ ശ്രീ.അൻവർ പഴവിള, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി അശ്വതി, വലിയവയൽ വാർഡ്മെമ്പർ ചക്കമല ഷാനവാസ്, കൊച്ചാലുംമൂട് വാർഡ് മെമ്പർ ശ്രീമതി സിമി, എക്സ് കോളനി വാർഡ് മെമ്പർ ശ്രീ ഗിരി പ്രസാദ് എന്നിവർ അടങ്ങിയ അഞ്ചംഗ സമിതിയെ നിയമിക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു. ബഡ്സ് സ്കൂളിൽ ഓഡിറ്റ് തീയതി വരെയും 5 വിദ്യാർത്ഥികൾ മാത്രമാണ് അഡ്മിഷൻ എടുത്തിട്ടുള്ളത്. ബഡ്സ് സ്കൂളിലേയ്ക്ക് അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിനും, താരതമ്യേന എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിലേയ്ക്ക് വാഹന സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും മുൻപായി ആവശ്യകതാ നിർണയം നടത്താതെ ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻതൂക്കം നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

നാളിതുവരെ 5 കുട്ടികൾ മാത്രം അഡ്മിഷൻ എടുത്തിട്ടുള്ള ബഡ്സ് സ്കൂളിലേയ്ക്ക് ആവശ്യകതാനിർണ്ണയം നടത്താതെ സാധനങ്ങൾ വാങ്ങിയതിന്റെ എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ടർ - 3 എണ്ണം

2. Manual Pull Down Screen - 3 എണ്ണം

3. സ്മാർട്ട് ടി.വി - 3 എണ്ണം

4. ഹോം തീയേറ്റർ - 3 എണ്ണം

5. ഓഫീസ് ടേബിൾ - 5 എണ്ണം

6. അലമാര – 3 എണ്ണം


7. ഓഫീസ് റാക്ക് - 3 എണ്ണം

8. Bench With Armrest – 30 എണ്ണം

9. Desk – 30 എണ്ണം

10. Bench With Back Rest – 9 എണ്ണം

ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുമ്പോൾ കുട്ടികൾക്ക് സഞ്ചരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിലാണ് ഇത്തരത്തിൽ വാങ്ങിക്കൂട്ടിയ സാധനങ്ങൾ ക്ലാസ് മുറികളിൽ നിറഞ്ഞ് കിടക്കുന്നത്.



സ ഉ 20/2018/ത സ്വ ഭ വ തീയതി 07.02.2018 ഉത്തരവ് ഖണ്ഡിക 18 പ്രകാരം ബഡ്സ് സ്കൂൾ അധ്യാപകരെ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ ( കുടുംബശ്രീ) തയ്യാറാക്കുന്ന അധ്യാപക ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്ക് നിയമനം നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധ്യാപക നിയമനത്തിനായുള്ള നടപടികൾ ഓഡിറ്റ് തീയതി വരെയും ആരംഭിച്ചിട്ടില്ല.

സ.ഉ(എം.എസ് 20/2018/ത.സ്വ.ഭ.വ) തീയതി 07.02.2018 ഉത്തരവിലെ നിബന്ധന 17 പ്രകാരം ബഡ്സ് / ബി.ആർ.സി എന്നിവയുടെ ഗുണനിലവാര ക്രമീകരണ ചുമതല ഐ.സി.ഡി.എസ് സൂപ്പർവൈസർക്കും ധനശേഖരണം, ധനവിനിയോഗം എന്നിവയ്ക്കുള്ള ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്കുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ടുകൾ പ്രകാരം 2402607/- (1152765+1249842) രൂപ ചെലവാക്കി ബഡ്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടും ബഡ്സ് സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. പ്രോജക്ടിനായി വകയിരുത്തിയ തുക ചെലവഴിക്കുന്നതല്ലാതെ പ്രോജക്ട് ഫലപ്രാപ്തിയിൽ എത്തിയോ എന്നത് കൂടി പരിശോധനാ വിധേയമാക്കേണ്ടതാണ്.

ബഡ്സ് സ്കൂൾ പ്രവർത്തനം എത്രയും വേഗം ആരംഭിക്കേണ്ടതും പ്രോജക്ട് മുഖേന വാങ്ങിയ സാധനങ്ങൾ ഉപയോഗക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ചെലവായ മുഴുവൻ തുകയും നിർവഹണ ഉദ്യോഗസ്ഥയുടെയും , പ്രോജക്ട് നിർവഹണത്തിനായി 09/12/2021 – ലെ 1(27) നമ്പർ ഭരണസമിതി തീരുമാന പ്രകാരം രൂപീകരിച്ച സബ്കമ്മിറ്റിയുടെയും, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ബാധ്യതയായി കണക്കാക്കുന്നതാണ്.

( അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 23/28.01.2023, 55/ 02.02.2023 മറുപടികൾ, 17.02.2023 തീയതിയിലെ സ്ഥലപരിശോധനാ റിപ്പോർട്ട്)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി | 685341 | 685341 | |

| | | | | |
|---|---|---|---|---|
| | 19-ലൈഫ് എസ് സി അഡീഷണൽ ലിസ്റ്റ് | 1000000 | 1000000 | 0 |
| | 32 സ്നേഹസ്പർശം | 399000 | 399000 | 0 |
| | 21-ലൈഫ് എസ് ടി അഡീഷണൽ ലിസ്റ്റ് | 151869 | 151869 | |
| ആകെ | | 2236210 | 2236210 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1 ക്ഷീരസമൃദ്ധി | 550358 | 550358 | 0 |
| | 32 സ്നേഹസ്പർശം | 399000 | 399000 | 0 |
| | 122 ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യ വികസനം | 999955 | 999955 | 0 |
| | 19-ലൈഫ് എസ് സി അഡീഷണൽ ലിസ്റ്റ് | 360000 | 360000 | 0 |
| | 21-ലൈഫ് എസ് ടി അഡീഷണൽ ലിസ്റ്റ് | 272336 | 272336 | 0 |
| | 134, മോടൊട്ടുകാല സാംസ്കാരിക നിലയം നിർമ്മാണം | 419748 | 419748 | 0 |
| | 144, ഭരതന്നൂർ സ്റ്റേഡിയത്തിൽ ഓട നിർമ്മാണം | 560280 | 560280 | 0 |
| ആകെ | | 3561677 | 3561677 | 0 |

| | മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 21-22-B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 696574 | 2236210 | 2932784 | 2236210 | 696574 | 723574 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 1220121 | 2561722 | 3781843 | 3561677 | 220166 | 1220121 |
| ആകെ | 1916695 | 4797932 | 6714627 | 5797887 | 916740 | 1943695 |

ജില്ലാപഞ്ചായത്ത് വിഹിതം നീക്കിയിരിപ്പും , ബ്ളോക്ക് പഞ്ചായത്ത് മുന്നിരിപ്പും നീക്കിയിരിപ്പും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക | ഏജൻസിയിൽ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 27, ജലജീവൻ മിഷൻ | 500000 | 0 | 500000 |
| കെ.എസ്.ഇ.ബി | 99, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംങ് | 75057 | 0 | 75057 |
| | ആകെ | 575057/- | 0 | 575057/ |

| | 20-21- B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 21-22വർഷത്തെ നിക്ഷേപം (RP 47 Payment) | ആകെ | ചെലവ് | നീക്കിയിരിപ്പ് | 21-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 172209 | 0 | 172209 | - | 172209 | 172209 |
| കേരള വാട്ടർ അതോറിറ്റി | 5989640 | 500000 | 6489640 | - | 6489640 | 2602249 |

വിശദാംശം ഖണ്ഡിക 1-2-1 ക്രമ നം. 15 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് , നീക്കിയിരിപ്പ് തുകകൾ സുലേഖ ചെലവ് പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം 1-2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| സഹകരണ ബാങ്ക് | 1212893 | 0 | 1212893 | 1212893 | 0 |
| HUDCO | 24669885 | 160000 | 24829885 | 22742667 | 22087218 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-7 | | | VEO 10,59,000/-രൂപയുടെ ക്രമക്കേട് - ചെലവ് തടസ്സപ്പെടുത്തി. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 16939743 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 137193049 |
| ആകെ | 154132792 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 127750562 |
| നീക്കിയിരിപ്പ് | 26382230 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 496673.19 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4797237.81 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1-എ | 197270.7 | അംബിക അന്തർജ്ജനം ( ഐ സി ഡി എസ് സൂപ്പർ വൈസർ) |
| 3-1-ബി | 299402.49 | അംബിക അന്തർജ്ജനം ( ഐ സി ഡി എസ് സൂപ്പർ വൈസർ) |
| ആകെ | 496673.19 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27-എ | 1052571.3 | അംബിക അന്തർജ്ജനം ( ഐ സി ഡി എസ് സൂപ്പർ വൈസർ) |
| 1-27-ബി | 853362.51 | അംബിക അന്തർജ്ജനം ( ഐ സി ഡി എസ് സൂപ്പർ വൈസർ) |
| 1-30 | 881973 | ശ്രീ. ബിജു കുമാർ സെക്രട്ടറി) |
| 1-32 | 12953 | ശ്രീ. ബിജു കുമാർ സെക്രട്ടറി |
| 1-34 | 500000 | ശ്രീ. ബിജു കുമാർ സെക്രട്ടറി |
| 1-39 | 488070 | ഡോ. രാജീവ് എസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-51 | 648000 | ഡോ അനില പീതാംബരൻ, വെറ്റിനറി സർജൻ |
| 1-51-1 | 108000 | ഡോ അനില പീതാംബരൻ, വെറ്റിനറി സർജൻ |
| 1-52 | 178608 | ഡോ അനില പീതാംബരൻ, വെറ്റിനറി സർജൻ |
| 1-54എ & ബി | 73700 | ഡോ അനില പീതാംബരൻ, വെറ്റിനറി സർജൻ |
| ആകെ | 4797237.81 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിജു കുമാർ സെക്രട്ടറി | | TC58/538, കാർത്തിക, തിരുവല്ലം, തിരുവനന്തപുരം |
| ഡോ രാജീവ് എസ്,മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, ഭരതന്നൂർ പി എച്ച് സി | ചെറുകുന്ന് വിളാകം വീട്, ആത്തിവിള, മലയിൻകീഴ് പി ഒ |
| ഡോ അനില പീതാംബരൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, അതിയന്നൂർ ഗ്രാമപഞ്ചായത്ത് | പ്ലാവിള വീട്, കൈലത്തുകോണം, കുറക്കട.പി.ഒ, തിരുവനന്തപുരം |
| അംബിക അന്തർജ്ജനം , ഐ സി ഡി എസ് സൂപ്പർ വൈസർ | ഐ സി ഡി എസ് സൂപ്പർ വൈസർ, അഞ്ചൽ ഗ്രാമപഞ്ചായത്ത് | വിജയവിലാസം, പുതുക്കുളങ്ങര പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 2 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 0 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 14 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 12 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 | 4 |

| | | |
|---|---|---|
| | തീയതി 15-10-2022 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 5 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 6 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 13 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2330/18, തീയതി 20.10.2018 | 34 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/805/2020, തീയതി 06.10.2020 | 34 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1954/2021, തീയതി | 35 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/903/22 തീയ്യതി: 30/06/2022 | 39 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്